240202

A.1531

കിഴക്കു നിന്നും
വന്ന
ഒരു സ്ത്രീ.

A.P. ചെല്ലപ്പൻനായർ

P.S.

A 1531 1531

240202

3

A/1531

1921

240202

5-6-71
30/5/75

31
17-24-31

A952
5/15/16/94

240202

Kizhakunninnum Vanna Oru Sthree

# കിഴക്കുനിന്നും വന്ന ഒരു സ്ത്രീ

SEN GUPTA PUBLIC LIBRARY
Date A15-31
PUTHIYARA

[Malayalam]

# KIZHAKKUNINNUM VANNA ORU STHREE

(NOVEL)

BY

ALAPPUZHA A. P. CHELLAPPAN NAIR

IRST IMPRESSION JANUARY 1959

RIGHTS RESERVED

PUBLISHED BY THE AUTHOR

DISTRIBUTORS

NATIONAL BOOK STALL

KOTTAYAM KERALA STATE

Rs. 2-00

# കിഴക്കുനിന്നും വന്ന ഒരു സ്ത്രീ

(നോവൽ)

SEN GUPTA PUBLIC LIBRARY
Date A.15-31

ആലപ്പുഴ ഏ. പി. ചെല്ലപ്പൻനായർ

നാഷനൽ ബുക്ക് സ്റ്റാൾ
കോട്ടയം – തിരുവനന്തപുരം – എറണാകുളം

വില ക. 2–00

## ആലപ്പുഴ ഏ. പി. ചെല്ലപ്പൻനായരുടെ

### കൃതികൾ

| | |
|---|---|
| കിഴക്കുനിന്നും വന്ന ഒരു സ്ത്രീ | (നോവൽ) |
| കുലദ്രോഹി | (നാടകം) |
| നീ | ,, |
| രണ്ടു നിഴലുകൾ | ,, |
| ഞാൻ വിശ്വാസിയാണ് | ,, |
| മനയ്ക്കലെ മതിൽക്കെട്ട് (തയ്യാറാകുന്നു) | നോവൽ |

PRINTED AT THE BHASKAR RAJAN PRINTING WORKS, ALLEPPEY

ഇന്ദിരയ്ക്കു്

**രണ്ടുവാക്ക്:**

ഈ നോവലെഴുതുന്നതിന് എന്നെ സഹായിച്ച കേരളത്തിലെ പ്രസിദ്ധ നോവലെഴുത്തുകാരനും, ചെറുകഥാകൃത്തുമായ ശ്രീ: തകഴി ശിവശങ്കരപ്പിള്ളയോട് എന്റെ ഹൃദയംഗമമായ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഒരു നോവലെഴുതുന്നതിനുള്ള എല്ലാ സാങ്കേതിക വശങ്ങളും ഈ പുസ്തകത്തിൽ പാലിയ്ക്കപ്പെട്ടിട്ടുണ്ടോ എന്നൊന്നിയ്ക്കറിയില്ല. അതെല്ലാം വായനക്കാരും നിരൂപകരും നിശ്ചയിച്ചുകൊള്ളട്ടെ. നിർത്തുന്നു.

ആലപ്പുഴ
20 - 12 - 1958

ഗ്രന്ഥകർത്താവ്
(ഒപ്പ്)

# അദ്ധ്യായം ഒന്ന്

SEN GUPTA PUBLIC LIBRARY
Date A 1531
PUTHIYARA

അതെല്ലാം വളരെ വളരെ മുൻപാണു്. ഒന്നും ഓർത്തിട്ടു പ്രയോജനമില്ല. എന്നാലും എപ്പോഴും ആ ആലോചനകളാണു് സ്മൃതിപഥത്തിൽ വന്നെത്തുക. ഒരു കണക്കിനു് അതെല്ലാം മധുരിക്കുന്ന ഓർമ്മകളാണു്. സുഖകരങ്ങളായ ചിന്തകൾ:—

ആ നാടു മുഴുവൻ മരുഭൂമിപോലെ കിടന്നിരുന്നു. ആൾസഞ്ചാരം നന്നേ വിരളമായിരുന്നു. കോവിലകത്തു നാലുകെട്ടും മതിൽക്കെട്ടുകളുമായിരുന്നു അന്നത്തെ പറയത്തക്ക വലിയ മന്ദിരങ്ങൾ. ഊക്കൻ മതിൽക്കെട്ടുകളുടെ ഉള്ളിൽ ഇടതിങ്ങി വളരുകയായിരുന്നു പെൺകൊടികൾ. തങ്കം ഉരുക്കിയ നിറമായിരുന്നു ആ കൃശാംഗികൾക്കൊക്കെ. അവരുടെ നടുവിൽ ഉരുമ്മിത്തെറിച്ചുനടക്കുന്ന സമ്മന്തക്കാരും. ആകെ ഒരു ഉത്സവത്തിന്റെ പ്രതീതി ആയിരുന്നു കോവിലകത്തു്. അതിനു പുറത്തു അങ്ങിങ്ങു തലതാഴ്ത്തിനില്ക്കുന്ന ചെറിയ ചെറിയ കൂരകളും. ആ കൂരകളിൽ കോവിലകത്തെ അടിയാളന്മാർ പാർത്തിരുന്നു.

വരാന്തയിൽനിന്നു വിളിച്ചാൽ മതി. ആ വിളി എത്തുന്ന എല്ലാ കുരകളിൽനിന്നും ആറംക്കാർ വരും. അവർ കോവിലകത്തു നാലുകെട്ടിന്റെ കിഴക്കേ പടിപ്പുരയിൽ എത്തും. മൂത്ത കാർണ്ണവരുടെ നിർദ്ദേശമവർ സ്വീകരിക്കും.

ഇതിലൊക്കെ ഉപരി നാടുവാഴികളുടെ വിശ്രമകേന്ദ്രമായിരുന്നു കോവിലകത്തു കുടുംബം. രാജാക്കന്മാർ ആ വഴിപോകുന്നു എന്നറിഞ്ഞാൽമതി മൂത്തകാർണ്ണവരും സമ്മന്തക്കാരും ഓടി എത്തും. പല്ലക്കിൽ നാടുവാഴിയെ കോവിലകത്തേക്കു കൂട്ടിക്കൊണ്ടുപോകും. പിന്നത്തെ ശിശ്രൂഷകളും ആഥിത്യവുമെല്ലാം സ്ത്രീകറംക്കുള്ളതാണു്. അവരതു കൃത്യമായി നോക്കിക്കൊള്ളും. ഒന്നു രണ്ടു നാളുകറംക്കു ശേഷമേ തമ്പുരാൻ മടങ്ങാറുള്ളു.

അന്നു തമ്പുരാന്നു് കുളിക്കാൻ ചൂടുവെള്ളവും, എണ്ണയും, പട്ടുപോലുള്ള ഇഞ്ചയും സജ്ജമാക്കുന്നതു് തമ്പുരാന്റെ കണ്ണിന്നു് കുളിരേകിയ പെൺകൊടിയായിരിക്കും. തമ്പുരാന്റെ അടുത്തവറം വന്നു നില്ക്കും. ഉരുമ്മിക്കിലുങ്ങിച്ചിരിക്കും. അദ്ദേഹത്തെ ഇക്കിളിപ്പെടുത്തും കുളികഴിഞ്ഞെത്തുന്ന തമ്പുരാന്നു് അമൃതേത്തു് അവറം നൃത്തം വച്ചു വന്നു വിളമ്പും. അതുകഴിഞ്ഞു് തളിർവെററിലയും ഏലത്തരിയും കളിപ്പാക്കും ചേർത്തു മുറുക്കും. തലേദിവസത്തെ സ്മരണകളുമായി അവരങ്ങിനെ ഇരിക്കുമ്പോഴായിരിക്കും സർവ്വാധികാര്യക്കാർ വരിക. അയാറം പറയും "തിരുമനസ്സ്! പല്ലക്കും ആറംക്കാരും തയ്യാറായി."

"ങാ....."

"അടിയൻ."

അയാൾ നടന്നുപോകും. തിരുമനസ്സെഴുന്നേല്ക്കുമ്പോൾ അദ്ദേഹത്തിന്റെ കൈകൾ കവൻകൊണ്ടു് പെൺകൊടി കരയും. അവൾ കണ്ണുനീർ പൊഴിച്ചുകൊണ്ടു ചോദിക്കും.

"പോകുവാണോ?"

"എന്താ തങ്കം? നോം ഇനി ഒരിക്കൽ വരാം" എന്നാലും അവൾ കരഞ്ഞുകൊണ്ടിരിക്കും. അവളുടെ ദുഃഖത്തിന്റെ ആഴം അളക്കുവാനുള്ള ഒരു ഉപകരണമാണു കരച്ചിൽ. തിരുമനസ്സു തിരിഞ്ഞുനിന്നുകൊണ്ടു പറയും.

"നോം സർവ്വാധിയെ ഇങ്ങോട്ടയയ്ക്കുന്നുണ്ടു്. നിനക്കു ആ നാട്ടി അമ്പലം മുതൽ ചെന്തോടുവരെ എഴുതിത്തരാൻ കല്പിക്കുന്നുണ്ടു്."

അവളുടെ കൈകൾ കവൻകൊണ്ടു തിരുമനസ്സു പറയും "നോം ഇനി വരാം."

തിരുമനസ്സു പോയി ഒന്നു രണ്ടു ദിവസങ്ങൾക്കു ശേഷം സർവ്വാധികാര്യക്കാർ വരും. വലിയ ഒരു തീറോല കാർണ്ണവരെ ഏല്പിച്ചിട്ടു തിരിച്ചു പോകും. സ്ത്രീകളുടെ സാമർത്ഥ്യത്തെ ആശ്രയിച്ചാണു് തീറോലയുടെ വരവു്.

അങ്ങിനെ എത്രയെത്ര സംഭവങ്ങൾ! കുടുംബത്തിന്റെ സാമ്പത്തികപുരോഗതിക്കനുഗുണമായിരുന്നു അക്കാലങ്ങളെല്ലാം.

അതു കഴിഞ്ഞാണു് കുടുംബത്തിൽ ആദ്യബ്രാഹ്മണർ സമ്മന്തത്തിലേപ്പെട്ടതു്. അതിനു ശേഷം കുടുംബത്തിന്റെ ഗതിക്കൊരു തിരിവുണ്ടായി. അവർ പെണ്ണുങ്ങളെ വിവാഹംകഴിക്കും. നിരവധി വിവാഹങ്ങൾ നടത്തുവാൻ അവൎക്കവകാശമുണ്ടായിരുന്നു. ബ്രാഹ്മണൻ കുടുംബത്തിൽ ബാന്ധവത്തിനു വരുന്നതു് വലിയ പ്രശസ്തിക്കു കാരണമാകും. അവരിൽ പലരും സുഖലോലുപന്മാരായിരുന്നു.

ഉച്ചയ്ക്കു് ഊണുംകഴിഞ്ഞു് വരാന്തയിൽ കസേരയിൽക്കിടന്നു വെടിപറയും. അപ്പോൾ ആരെങ്കിലും സ്ത്രീകൾ അടുത്തുണ്ടായിരിക്കണം. അവരാരെങ്കിലും ദേഹത്തു ഉഴമ്മി ഇരിക്കുകയോ കാലുതിരുമ്മുകയോ ചെയ്യണം. എന്നാലേ പരിപാവനമായ ഭാൎയ്യാഭർത്തൃബന്ധം സുദൃഢമാകയുള്ളു.

ഇങ്ങിനെ ഇരിക്കുന്ന കാലം. കുടുംബത്തിൽ സന്താനങ്ങൾ വൎദ്ധിക്കുകയാണു്. സ്ത്രീകളാണു കൂടുതൽ. സമ്മന്തം ചെയ്യുന്നവരും ചെയ്യാത്തവരുമെല്ലാം കുടുംബത്തിൽതന്നെ താമസിച്ചുവരുന്നു. വിവാഹിതരായവരും അല്ലാത്തവരും തമ്മിൽ കലാപങ്ങൾ ഉണ്ടാകും. ഒരിക്കൽ ഭരദേവതയുടെ അമ്പലത്തിൽ വിളക്കുകത്തിക്കാത്തതിനായിരിക്കും. മറെറാരവസരത്തിൽ വഴക്കുണ്ടാകുന്നതു് ഒരുത്തിയുടെ മുറിയിൽ മറെറാരുത്തി കയറിയതിനായിരിക്കും. ഏതായാലും കുടുംബത്തിനുള്ളിൽ നിഗ്രഹനം ചെയ്യപ്പെട്ടിരുന്ന സ്വാസ്ഥതയ്ക്കൊരു ഉലച്ചിൽ തട്ടിയിട്ടുണ്ടു്. പക്ഷേ കാർണ്ണവന്മാരുടെ ശബ്ദം കേട്ടാൽ

എല്ലാവരും വിറയ്ക്കും. അഥവാ ശബ്ദം അടക്കാത്തവരുടെ വാർത്ത കാർണ്ണവരുടെ കാതിലെത്തും. കാർണ്ണവർ പൂമുഖത്തു നിന്നുകൊണ്ടു വിളിക്കും—

"എടീ......"

നിശ്ശബ്ദത തളം കെട്ടിനില്ക്കും—

"ഇവിടെ വാ......"

പൂമുഖത്തുനിന്നും ഇടിനാദം മുഴങ്ങും. "വാ, ഇവിടെ......"

ആരെങ്കിലും പതറിയ ഹൃദയവും വിറയ്ക്കുന്ന ദേഹവുമായി കതകിനു മറഞ്ഞുനില്ക്കും.

"ഇങ്ങോട്ടു വാടീ .. ഉം..."

സ്ത്രീരൂപം കതകിനു മുൻപിൽ വന്നുനിന്നു കണ്ണീർ പൊഴിക്കും. ഒന്നും പറയാൻ കെല്പില്ലാതെ തളർന്നു നില്ക്കും. ഒരൊററ ചവുട്ട്. അയ്യോ എന്നുള്ള വിളി മാത്രം കേൾക്കാം. സ്ത്രീരൂപം കരഞ്ഞുകൊണ്ടു തിരിച്ചു പോകും... . ചില ദീർഘനിശ്വാസങ്ങൾ മാത്രം നാലുകെട്ടിൽനിന്നും കേട്ടെന്നുവരാം. കാർണ്ണവരുടെ അഹിതത്തിനു പാത്രമായ പലരും ആ ബലിഷ്ഠ പാദങ്ങളുടെ പ്രഹരമേററു മൃതി അടഞ്ഞിട്ടുള്ളതായും പറഞ്ഞു കേട്ടിട്ടുണ്ട്.

* * * * * *

കുട്ടമ്മാവനാണ് കുടുംബ കാർണ്ണവർ. വാൾപ്പയററും പരിശമുട്ടും അഭ്യസിച്ചിട്ടുണ്ട്. യുദ്ധത്തിൽ പങ്കുകൊണ്ട് പരാക്രമങ്ങൾ കാട്ടി തമ്പുരാനിൽനിന്നും പട്ടം

വളയും കരസ്ഥമാക്കിയിട്ടുള്ള ആളാണ് കുട്ടമ്മാവൻ. ഒത്ത പൊക്കവും വണ്ണവുമുണ്ട്. നീണ്ട കൈകളാണ്. തേജസ്സുള്ള മുഖവും. എപ്പോഴും മെതിയടിപ്പുറത്താണ് നടക്കാറുള്ളത്. മുററത്തും പറമ്പിലും "ചടാ പടാ" ന്നുള്ള ശബ്ദം പ്രതിദ്ധ്വനിക്കാറുണ്ടായിരുന്നു.

അന്നാണ് ആരും വിറച്ചുപോകുന്ന ആ കുററം അമ്മാവൻ ചെയ്തത്. അതൊരു കുററമാണോ? അഥവാ കുററവാളി അമ്മാവനായിരുന്നെങ്കിൽ നിയമത്തിന് അമ്മാവനെ എന്താണു ചെയ്യക്കൂടാതിരുന്നതു്......?

പക്ഷേ ഒന്നും സംഭവിച്ചില്ല. കോവിലകത്തെ കുട്ടമ്മാവൻ മൂളിയാൽ നാടിൻെറ നാലതിരുകകളും വിളി കേൾക്കും. ആ കുട്ടമ്മാവനാണ് തെക്കേതിലെ ചോവ ക്കിടാത്തനെ ചവുട്ടിക്കൊന്നതു്. അതു് ഇപ്രകാരമാണ് കേട്ടിട്ടുള്ളതു്:—

പുരയിടത്തിൻെറ തെക്കുവശത്തു വലിയ സപ്പക്കാവുകളാണ്. മാനംമുട്ടി നില്ക്കുന്ന കരുകമരവും, പാലയുമാണ് ആ കാവിലുള്ളതു്. അവയുടെ കൊമ്പുകളിൽ തൂങ്ങി വള്ളിപ്പടപ്പുകൾ കിടക്കുന്നു. ആ കാവിൽ വിഷമുള്ളതും ഇല്ലാത്തതുമായ പാമ്പുകളാണ് അധിവസിക്കുന്നതു്. ആയില്യം നാളിൽ തളിച്ചുകൊടയും നടത്തുന്നതവിടെയാണ്. കാവിൽ പാക്കുന്ന സത്യമുള്ള സപ്പങ്ങളാണ് കുടുംബത്തിൻെറ രക്ഷിതാക്കൾ. അവക്ക് ആണ്ടിൽ ഒരിക്കൽ നീരും പാലും കലക്കിക്കൊടുക്കുന്നു. അന്നു പൊന്നരിഞ്ഞാണം പോലെ നീളംകുറഞ്ഞ സത്യമുള്ള സപ്പസന്തതികൾ വാലിൽക്കുത്തിച്ചാടി വള്ളികളി

A 1571



ലും പടർപ്പുകളിലും നിന്ന് ഊൎന്നു താഴെ ഇറങ്ങി ചെമ്പിനകത്തു കുളിച്ചു നീരും പാലും കുടിച്ചു തൃപ്തി അടയാറുണ്ടായിരുന്നു.

ആ കാവിനടുത്താണ് കുളം. ചുററും കൽപ്പടകൾ കെട്ടി ശുദ്ധജലസങ്കേതംപോലെ കിടന്നിരുന്നു കുളം. അതിൻെറ തെക്കേക്കരയിൽ കുളത്തിൻെറ ഏതാണ്ട് പകുതി ഭാഗവും മൂടിക്കിടക്കുകയാണ് കാട്ടുകളുടെ അരുകുകൾകൊണ്ട്.

ആ കുളത്തിൽ സ്ത്രീകൾ ഋതുവായാൽ കുളിക്കാറില്ല. പുരുഷന്മാരും സ്ത്രീകളും അശുദ്ധമായിരുന്നാൽ ആ കുളത്തിൽ കുളിച്ചുകൂടന്നാണു വയ്പ്. അതു സൎപ്പക്കാവിൻെറ മുൻവശത്തു വടക്കോട്ടു ദരിശനവുമായി നില്ക്കുന്ന ഭരദേവതയുടെ ക്ഷേത്രം അശുദ്ധമാകാതിരിക്കുന്നതിന് കരുതിക്കൂട്ടി ചെയ്തിരുന്ന നടപടി ആയിരുന്നു.

നേരം അസ്തമനമാകുമ്പോഴേയ്ക്കും കുളത്തിൽ തിരക്കാണ്. സ്ത്രീകളുടെ കുളി നാലുമണിക്കാരംഭിക്കും. സമ്മന്തക്കാരെല്ലാം രാവിലെ കുളികഴിഞ്ഞു് ഇറങ്ങിയാൽ ചിലർ വന്നെന്നും മററു ചിലർ വന്നില്ലെന്നുമായി. അതിനൊന്നും ഒരു നിജവുമില്ല. നാലുമണി മുതൽ രാത്രി എട്ടുമണിവരെ കുളിയാണ്. ബലാഗുളൂച്യാദി എണ്ണയും താളിയും തേച്ചാണ് കുളി. വെള്ളത്തിലിറങ്ങിക്കിടന്നുകൊണ്ട് പരസ്പരം നാട്ടുവൎത്തമാനങ്ങൾ പറഞ്ഞും അറിഞ്ഞും കുളി കഴിക്കും. അവരവക്ക് പ്രത്യേകം സോപ്പും തോൎത്തും ഒക്കെക്കാണും. അതു് ചിലപ്പോൾ അവരവരുടെ സമ്മന്തക്കാർ വാങ്ങിക്കൊടുത്തതാ

വും. അതല്ലെങ്കിൽ കാണ്ണവർ നല്കിയതായെന്നും വരാം.

കുളി കഴിഞ്ഞെല്ലാവരും പോയി. അപ്പോഴാണ് ഗൗരിഅമ്മ കുളിക്കാനിറങ്ങിയതു്. അതു് കരുതിക്കൂട്ടിയായിരുന്നു.

തടിച്ച ശരീരവും, നീലിച്ച കണ്ണുകളും, ചുവന്ന അധരങ്ങളും നീണ്ട തലമുടിയും ഉള്ള ഒരു സുന്ദരിയായിരുന്നു ഗൗരിഅമ്മ. കടിച്ചാൽ പൊട്ടാത്ത നിരവധി മനോഹര ശരീരികളുടെ നടുവിൽ അവരെയൊക്കെ തൃണവൽഗ്ഗണിച്ചു വളരുകയായിരുന്നു അവൾ. ചെറുനാരങ്ങാത്തോടുപോലുള്ള നിറവും, തൊട്ടാൽ പൊട്ടുന്ന മാറിടവുമുള്ള ആ യുവതി ചവുട്ടിക്കുതിച്ചു മതിൽക്കെട്ടുകൾക്കുള്ളിൽ കഴിഞ്ഞു വരികയായിരുന്നു. പല ആലോചനകൾ വന്നിട്ടും ഒന്നും ഉറച്ചില്ല. അടക്കാൻ കഴിയാത്ത തീക്ഷ്ണതയും വികാരവും പേറി ആ മനോഹരി മതിൽക്കെട്ടുകളുടെ മുകളിൽ—കൈകുത്തിക്കിടന്നു വെളിയിലേക്കു നോക്കി. അപ്പോഴാണ് കാവിൻെറ വടക്കുവശത്തു തെങ്ങിനു തടംപിടിച്ചുകൊണ്ടു നില്ക്കുന്ന ചോവക്കിടാത്തനെ കണ്ടതു്.

കടഞ്ഞെടുത്ത ഈട്ടിത്തടിപോലുള്ള ശരീരവും കറുത്തു വിരിഞ്ഞ അധരങ്ങളും, വിരിഞ്ഞ മാറിടവും എപ്പോഴും ചിരിക്കുന്ന പ്രകൃതവുമുള്ള ആ ചോവക്കിടാത്തൻ ഒന്നും അറിയാത്ത മട്ടിൽ കുട്ടിപിടിച്ചു കിടക്കുന്ന മണ്ണ്—കിളച്ചു മറിക്കുകയാണ്. എല്ലാം നിസ്സാരമായിട്ടാണയാൾ കണക്കാക്കുന്നതു്. കണ്ടിട്ടു കണ്ണു പറിക്കാൻ തോന്നുന്നില്ല

അവർ കൈകുത്തി കിടക്കുകയാണ്. മതിലിന്റെ മുകളിൽ അങ്ങിനെ കമഴ്ന്നുകിടന്നുകൊണ്ടു് ഉമിനീരിറക്കാനേ ഗൗരിഅമ്മയ്ക്കു കഴിഞ്ഞിരുന്നുള്ളു. അവർ ആലോചിച്ചു.

പറമ്പ് ഇനിയും കിളയ്ക്കാനുണ്ടു്. സാധാരണ ഒരു സമ്പ്രദായം ഉള്ളതോർത്തു കുട്ടമ്മാവൻ പില്ലറക്കാരനല്ല. ജോലിക്കാരെ രാവും പകലും നിർത്തി തൊഴിൽ ചെയ്യിക്കും. അതിനാൽ രാത്രിയിലും കിളയ്ക്കലും മണ്ണുവെട്ടും നടക്കും. അത്താഴം അടിയാളർക്കും നല്കണമെന്നാണല്ലോ അമ്മാവൻ ആജ്ഞാപിച്ചിരിക്കുന്നതു്! ചോവക്കിടാത്തൻ ഇന്നു പോകുകയില്ല. നല്ല നിലാവുമുണ്ടു്.

അതുകൊണ്ടുതന്നെയാണ് ഗൗരിഅമ്മ സമയം കഴിഞ്ഞു കുളിക്കാനിറങ്ങിയതു്. അവർ കുളിച്ചുകൊണ്ടു നില്ക്കുമ്പോഴാണ് അടിയാളർക്കു സദ്യവിളമ്പിയതു്. ആ കൂട്ടത്തിൽ എല്ലാവരും ചെന്നിരുന്നു.

ഗൗരിഅമ്മ നോക്കിയപ്പോൾ ചോവക്കിടാത്തൻ ഉണ്ണുകയാണ്. അവൻെറ തൊപ്പിയും തൂമ്പയും കുളിപ്പുരയുടെ അടുത്തു ചാരിവച്ചിരിക്കുന്നു. അവർ വേഗം കുളിച്ചു ബാധി നനച്ചു ദേഹത്തിട്ടു. അതുപോലെ തന്നെ റൗക്കയും. 'നനഞ്ഞ മുണ്ടു് മടക്കി ഉടുത്തു. കൊഴുത്ത മാറിടവും നിതംബവുമെല്ലാം തിരിഞ്ഞും മറിഞ്ഞും നോക്കി ഏതാണ്ടൊരു തീരുമാനത്തിലെത്തിയതുപോലെ അവർ നിശ്വസിച്ചു. അവർ ലൈംഗിക വികാരം കൊണ്ടിളകി മറിയുകയായിരുന്നു.

അവർ വിചാരിച്ചു. വിവാഹപ്രായം കഴിഞ്ഞു

നിന്നിട്ടുള്ള എത്രയെത്ര യുവതികളാണ് ഈ സപ്പ്ക്കാവു കളുടെ വിടവുകളിലും കുളിപ്പുരയുടെ കൽപ്പടവുക ളിലും വച്ചു അടിയാളരെ തടഞ്ഞു നിത്തിയിട്ടില്ലാത്തതു്? എല്ലാവരും ചെയ്യുകാണും. അല്ലാതുള്ള നിയന്ത്രണം എത്രകാലം സൂക്ഷിക്കാനാണ്. ഇളകിമറിയുന്ന ഈ ആവേശമെങ്ങിനെ ഒന്നടക്കാൻ?

സദ്യ തീന്നു. ചോവക്കിടാത്തൻ കുളിപ്പുരയുടെ സമീപം വന്നുനിന്നു. ഗൗരിഅമ്മ കുളിമുറിയ്ക്കകത്തു നിന്നുകൊണ്ടു പറഞ്ഞു— "എടാ. ദേ. എൻെറ സോപ്പു പെട്ടി വെള്ളത്തിൽപോയി. ഒന്നിങ്ങെടുത്തേ—."

ചോവക്കിടാത്തൻ മിണ്ടാതെ നിന്നു. ഗൗരിഅമ്മ അവനോടഭ്യത്ഥിച്ചു. അവൻ അകത്തേക്കു കയറി. സോപ്പുപെട്ടി എടുക്കുവാൻ കുതിച്ചുപാടി. അവനെ ആലിംഗനം ചെയ്തുകൊണ്ടു ഗൗരിഅമ്മ പറഞ്ഞു. "ചുമ്മാ പറഞ്ഞതല്ലേ..... നീ മണ്ടനാണോ"? അവൻ പകച്ചുപോയി. ഗൗരിഅമ്മ അവനെ ആശ്വസിപ്പിച്ചു. അവൻ കുതറി ഓടാൻ ഭാവിച്ചു. പക്ഷേ വികാരത്തിൻെറ ചുണ്ടുകൾ മാധുയ്യമാന്ന ആ മന്ത്രിച്ചാരു മുഴുവൻ ഊററി ക്കുടിച്ചു. കുളിമുറിയുടെ കൽപ്പടകൾ ദാഹിച്ചുദാഹിച്ചു കാത്തിരുന്ന ആ കാഴ്ചയും അന്നുകണ്ടു. ചോവക്കി ടാത്തൻ അല്പനേരം കഴിഞ്ഞു് കുളിമുറിയിൽ നിന്നിറ ങ്ങിപ്പോയതാരോകണ്ടു അതിനുപിൻപേഗൗരിഅമ്മയും.

ചെവിക്കുചെവി ആ സംഭവം അറിയരുതെന്നു ഗൗരിഅമ്മ ആശിച്ചു. അപ്പോഴാണ് കിഴക്കുപുറത്തു കുട്ടമ്മാവൻെറ അലച്ച കേട്ടതു്. അദ്ദേഹം പൂക്കില

പോലെ തുള്ളി—അഗ്നിപോലെ ജ്വലിച്ചു.

"വാടാ ഇവിടെ—"

അവൻ വന്നു. നിറഞ്ഞ നയനങ്ങളും കുനിഞ്ഞ തലയുമായി. അടിവച്ചടിവച്ചു വന്നു. അവൻ കരഞ്ഞു. കരഞ്ഞു തളൎന്നു വീണ്ടും അമ്മാവൻ അലറി. "എടാ— നീ എന്റെ കൈക്കു കൊത്തി ഇല്ലേ"?

"ഇല്ല. യജമാനനേ—ഇല്ല"

കരുണവും ആൎദ്രവുമായ ശബ്ദം. ചോവക്കിടാത്തൻ കരുണയ്ക്കു യാചിച്ചു.

കുട്ടമ്മാവൻ അസ്വസ്ഥനായി മെതിയടിപ്പുറത്തു നടക്കുകയാണു്. നാലുകെട്ടിന്റെ തുറന്നിട്ട ജാലകങ്ങളിൽക്കൂടി കന്യകമാർ നോക്കിനില്ക്കുകയാണു്.

"നീ എന്റെ തറവാട്ടിൽ സമ്മന്തം കൂടി ഇല്ലേടാ—"?

"അല്ല യജമാനനേ." നടന്നകഥ മുഴുവൻ അപ്പോടെ പറഞ്ഞാലും അവിടെ വിലപ്പോകയില്ല. എന്നാലും പറയാൻ തുടങ്ങി.

"അടയ്ക്കെടാ വായ്..."

തുടൎന്നു കരണത്തൊരടി. അതു "പടേ"എന്നു പ്രതിധ്വനിച്ചു. കൂടെ ഒരു ചവുട്ടം. ആ ചെറുക്കൻ നിലത്തു വീണു. പിന്നീടവനെ കണ്ടിട്ടേയില്ല.

അവന്റെ അറുകൊല ഇന്നും കുടുംബത്തിനു് ശല്യങ്ങൾ ചെയ്യുന്നുണ്ടു്. രാത്രിയിൽ പുരപ്പുറത്തു കല്ലേറും ചുററും അലച്ചയും കേൾക്കാറുണ്ടു്.

*    *    *    *    *    *

ഇതെല്ലാം അമ്മൂമ്മമാർ പറഞ്ഞുകേട്ടിട്ടുള്ളതാണ്. അഭിമാനിക്കാനും ആലോചിക്കുവാനും പററിയ കഥകൾ. ഇവയെല്ലാം കെട്ടുകഥകൾ പോലത്തേ ഭാരതിഅമ്മയ്ക്കു തോന്നാറുള്ളു. എന്നാലും മുററത്തു ഭരദേവതയുടെ അമ്പലവും, അതിനടുത്തു നില്ക്കുന്ന സപ്പക്കാവും, തകന്ന കൽപ്പടവുകൾ നിറഞ്ഞ കുളിപ്പുരയും, കുളവും എല്ലാം പൊലിഞ്ഞുപോയ ഏതോ നല്ലകാലത്തിന്റെ ദുഃഖസ്വപ്നങ്ങൾ പോലെ തോന്നുന്നുണ്ട്. ഇതിലെല്ലാമുപരി ആറടി നീളത്തിൽ കരിങ്കൽത്തറ കെട്ടി ചുററും തുളസിയും രാമച്ചവും വച്ചു പിടിപ്പിച്ചിരിക്കുന്ന കുട്ടമ്മാവന്റെ ശവകുടീരം കാണുമ്പോഴാണു് ഭാരതിഅമ്മ ഹഷപുളകിതയാകാറുള്ളതു്. ഇങ്ങിനെ ഒരു പരാക്രമി 'ചടപടാ' മെതിയടിയുമിട്ടു് ഇന്നു ജീവിച്ചിരുന്നെങ്കിൽ എന്നതായിരുന്നു അവരുടെ വിചാരം.

ആ കൽപ്പടകളിൽ തിരികൊളുത്തി ഭക്ത്യാദരപുരസ്സരം തൊഴുകയ്യോടുകൂടി നില്ക്കുകയാണു നളിനി. അവൾ പിറന്നതു വളരെത്താമസിച്ചുപോയി. എല്ലാം കഴിഞ്ഞു് പ്രതാപങ്ങളുടെ സടയും കൊഴിഞ്ഞു് പല്ലും പോയി ഒട്ടും അവകാശപ്പെടാനില്ലാതിരിക്കുന്ന ഒരു കാലത്താണല്ലോ തന്റെ മകൾ ജീവിക്കേണ്ടിവന്നതു് എന്ന കുണ്ഠിതവും അവക്കുണ്ടായി.

അവൾ തിരി കൊളുത്തി തൊഴുതിട്ടു ഭാരതിഅമ്മയുടെ അരുകിൽ കൂടി അകത്തേക്കുപോയി. അപ്പോൾ നളിനി ചോദിച്ചു. "അമ്മ എന്തുവാ ഓർത്തുകൊണ്ടിരിക്കുന്നതു്......"?

"ഒന്നുമില്ല ഞാനങ്ങനെ ഇരുന്നുപോയി."

"എന്നാൽ ഇനി നാമം ചെല്ലരുതോ—"?

അവർ എഴുന്നേററു നളിനിയുടെ പിൻപേ അറവാത്തുക്കലേക്കാണു നടന്നത്.

അപ്പോഠം നാലുകെട്ടിൽക്കൂടി പൂമുഖത്തേക്ക് കടന്നുവന്ന വേലുമ്മാവനെ കണ്ടുകൊണ്ടാണ് ഭാരതി അമ്മയും നളിനിയും അവിടെ നിന്നും അകത്തേക്കു പോയ്ക്കളഞ്ഞത്.

## 2

ഇന്നു വേലുമ്മാവനാണ് കാർണ്ണവരു്. ആ കാലമായപ്പോഴേക്കും ആകെ ക്ഷയിച്ചു. എന്നാലും തീരെ മോശമായിട്ടില്ല. ആന മെലിഞ്ഞു മട്ടായി. എങ്കിലും തൊഴുത്തിൽ കെട്ടാറായിട്ടില്ല കോവിലകത്തു കുടുംബം ഭാഗം വച്ചു കുറഞ്ഞിരിക്കയാണ്. കുടുംബവും ഭരദേവതയും കാവുമെല്ലാം വേലുമ്മാവൻെറ തോളിലേക്കായി. അതോടൊപ്പം നളിനിയും ഭാരതിഅമ്മയും. ഈ ഭാരം ചുമന്നുകൊണ്ടാണ് വേലുമ്മാവൻ നടക്കുന്നതൊക്കെ. കുറെക്കാലം കുടുംബസേവനവും ശബരിമലയിൽപ്പോക്കുമായിരുന്നു മുഖ്യ തൊഴിൽ. പതിനെട്ടു തവണ മല

ചവുട്ടി. പിന്നെ അതു വേണ്ടെന്നുംവച്ചു അങ്ങിനെ ജീവിതത്തിന്റെയും ആരോഗ്യത്തിന്റെയും വസന്തം കഴിഞ്ഞതപ്പോഴാണ് ഒരു സമ്മന്തം കഴിച്ചാൽ കൊള്ളാമെന്നു തോന്നിയതു്. അതും ഒരു ഭ്രമത്തിന്റെ പേരിൽ മാത്രം ചെയ്തുപോയതാണ്.

വേലുമ്മാവന്റെ ഹൃദയത്തെ വികാരപരവശമാക്കുവാൻ കഴിഞ്ഞതു് കളപ്പുരയിലെ നാരായണിപ്പിള്ളയ്ക്കാണ്. വിധവയായ ആ സ്ത്രീയെ കണ്ടന്നുമുതൽ ഉള്ളിൽ ഒരു ഇളക്കിമറിച്ചിൽ. അതു് ജീവിതത്തിൽ അത്ഭുതകരമായ ഒരു വ്യതിയാനം വരുത്തുകയായിരുന്നു ഉൽക്കടമായ വേദനയും അസ്വസ്ഥമായ ചിന്തകളും കൊണ്ടു് ആത്മഹത്യ ചെയ്യുവാൻ വരെ ആ ബന്ധം വേലുമ്മാവനെ പ്രേരിപ്പിച്ചതാണ്. പക്ഷെ "ധർമ്മശാസ്താ"വിന്റെ കൃപകൊണ്ടൊന്നും ഉണ്ടാകാതിരുന്നു എന്നാണ് വേലുമ്മാവൻ വിശ്വസിച്ചുപോരുന്നതു്.

കളപ്പുരയിൽ പൊണ്ണയുള്ള ആണുങ്ങളും പെണ്ണുങ്ങളുമേ ഉണ്ടായിട്ടുള്ളു. അവിടത്തെ ആണുങ്ങൾ കഥകളിക്കാരാണ്. വീരശൃംഗലയും, മെഡലും വാങ്ങിയവരാണ് അവിടത്തെ ആണുങ്ങൾ.

സ്ത്രീകളും ചില്ലറക്കാരല്ല. അവക്ക് "പിള്ള" സ്ഥാനം കിട്ടിയിട്ടുള്ളവരാണ്. അതെങ്ങിനെ കിട്ടിയെന്നോ എന്തിനു കിട്ടിയെന്നോ വേലുമ്മാവനു നിശ്ചയമില്ല. പറഞ്ഞു കേട്ടിട്ടുള്ളതു് അവിടത്തെ പെണ്ണുങ്ങൾ സുന്ദരികളും ദീർഘശരീരികളുമായിരുന്നതിനാൽ "പുരുഷനാമധേയം" കൂടി ചേർത്തു വിളിച്ചുപോന്നിരുന്നു

എന്നാണ്.

കഥകളിയിലുള്ള ഭ്രമവും, ഉറക്കമിളയ്ക്കുന്നതിനുള്ള കൊതിയുമാണ് വേലുമ്മാവനെ കളപ്പുരയിലേക്ക ക്ഷണിച്ചതു്. ശരിയായി പറയുകയാണെങ്കിൽ നാരായണിപ്പിള്ളയേയും വേലുമ്മാവനേയും കൂടി ചേർത്തതും ഒരു കഥകളി തന്നെയാണ്.

അതു് കളപ്പുരയിലെ ചാത്തുണ്ണിപ്പണിക്കരുടെ "ഭീമസേനൻ" അരങ്ങേറുന്ന രാത്രിയായിരുന്നു.

പറഞ്ഞു കേൾക്കുകയുണ്ടായി. വഴിയിൽവച്ചു യാദൃശ്ചികമായിട്ടാണ് അന്നു ശങ്കുമ്മാവനെക്കണ്ടതു്. കളപ്പുരയിലെ മൂത്തകാർണ്ണവരും കോവിലകത്തെ മൂത്തകാർണ്ണവരും തമ്മിൽ വഷ്ളങ്ങൾക്കുശേഷം കാണുകയാണ്. പരസ്പരം ആഹ്ലാദത്തോടുകൂടി പലതും പറഞ്ഞു. ഇടയ്ക്കിടയ്ക്ക് ആ സ്നേഹബന്ധം പുലർത്താൻ കഴിയാതെ പോയതിൽ ഇരുവക്കും കുണ്ഠിതം തോന്നി. ഒടുവിൽ പിരിയാൻ നേരത്തു് ശങ്കുമ്മാവൻ ചോദിച്ചു.

"താൻ അരങ്ങേററത്തിനു വരുമോടോ"?

"ഏതു അരങ്ങേററം"?

അറിഞ്ഞിട്ടും അതു മറച്ചുവച്ചുകൊണ്ടാണ് വേലുമ്മാവൻ ചോദിച്ചതു്.

"താനറിഞ്ഞില്ലേ. ചാത്തുണ്ണി കഥകളി പഠിച്ചു. നടേലാശാനാ പഠിപ്പിച്ചതു്. അവൻെറ അരങ്ങേററമാണ്. കഥയാണേ പരമരസികൻ കഥയുമാ തെരഞ്ഞെടുത്തേക്കുന്നെ കല്യാണസൗഗന്ധികം"

വേലുമ്മാവൻ ചെല്ലാമെന്നുപറഞ്ഞു. ശങ്കുമ്മാവൻ

പോക്കുകയും ചെയ്തു.

കളപ്പുരയിൽ ചെല്ലണമെന്ന് വളരെക്കാലംകൊണ്ടു കരുതുന്നതാണ്. ഒരവസരം കിട്ടിയതു വിടണ്ടായെന്നും കരുതി. ഡബിൾവേഷ്ടി എടുത്തുടുത്തു. പുളിയിലക്കരെയൻ നേര്യത്ത് തലയിൽക്കെട്ടി. വെററില മുറുക്കി വായും ചുവപ്പിച്ചു. തലമുടിയിൽ എണ്ണപുരട്ടി ഒന്നു മയപ്പെടുത്തി ഒരരുകിൽ കെട്ടിഇട്ടു. ഷേവുചെയ്തു മുഖം ചന്ദനം തേച്ചു വെടുപ്പാക്കി. കുറെ മുറുക്കാനും പണവുമെടുത്ത് മടിയിൽ വച്ചു. സന്ധ്യയ്ക്കു മുൻപു വടിയുമെടുത്തു യാത്രയായി.

വേലുമ്മാവൻ കളപ്പുരയിലെത്തിയപ്പോഴേയ്ക്കും അറവാതുക്കൽ വർണ്ണശബളമായ തിരശ്ശീല ആൾക്കാർ പിടിച്ചുകഴിഞ്ഞിരുന്നു. "പ്രളയാന്തം, പ്രളയാന്തം" എന്ന ശബ്ദം ചുററും വിലയം പ്രാപിക്കുകയാണ്. ചെണ്ടയും ചേങ്ങലയും വാശിവച്ചടിക്കുകയാണ്.

ചുററും ആൾക്കാർ തിങ്ങിക്കൂടിയിരുന്നു. നാട്ടുകാരും അതിഥികളും ഇരിക്കുകയാണ്. സ്ത്രീകളും കുട്ടികളും ഒരുപററം അതങ്ങിനെ. അറയുടെ മറവിലും ജനാലകളുടെ വിടവിലും നീലക്കണ്ണുകൾ ആർത്തിയോടുകൂടി ചലിക്കുന്നുണ്ട്.

വേലുമ്മാവനെ ശങ്കുമ്മാവൻ പ്രത്യേക സ്ഥലത്തു കൊണ്ടിരുത്തി. കുററിവിളക്ക് നിറഞ്ഞു കത്തുന്നു. വാഴത്തടയും വച്ചിട്ടുണ്ട്. അതിനരുകിലാണ് വേലുമ്മാവനെ ഇരുത്തിയതു്. അതിനരുകിൽ ചില കഥകളി പ്രാസികന്മാരും സ്ഥലംപിടിച്ചിട്ടുണ്ട്. കോവിലകത്തെ മൂത്ത

കാർണ്ണവരുടെ "ഗമ"യിൽത്തന്നെയാണ് വേലുമ്മാവൻ ഇരുന്നതും.

ഭീമസേനൻ തിരശ്ശീലയ്ക്കപ്പുറത്തു വന്നു നിന്നു. വട്ടക്കിരീടവും ചെമ്പിച്ചു നീളം കൂടിയ മുടിയും ദൃശ്യമായി. ഭീമസേനൻ കൈവിരലുകളിൽ അണിഞ്ഞിരിക്കുന്ന നീണ്ട 'നഖ'ങ്ങൾകൊണ്ടു തിരശ്ശീലയുടെ ഉപരിതലത്തിൽ സ്പർശിച്ചു. സാവധാനം ആ തിരശ്ശീല നിലത്തു വീണു

ചാത്തുണ്ണിയുടെ ദീർഘശരീരവും തടിച്ച മാറും ഭീമസേനന്റെ വേഷത്തിന്നനുഗുണമായിരുന്നു. ഭീമസേനൻ ചവുട്ടിക്കുതിച്ചു കളിക്കുകയാണ്. തിരിഞ്ഞും മറിഞ്ഞും അഷ്ടകലാശം ആടുന്നതും നോക്കി ഇരിക്കുവാനേ കഴിയുന്നുള്ളു. വട്ടമുഖത്തു പച്ചയും, വെള്ളയും ചേന്നു ചുട്ടികുത്തു അസ്സലായിട്ടുണ്ട്. താളലയങ്ങളിൽ തത്തിക്കളിച്ചു രസിക്കുകയാണ് ചാത്തുണ്ണി. എല്ലാവരുടേയും നയനങ്ങൾ ആ കലാകാരന്റെ വശ്യവശ്യമായ ഭാവ്ഗപ്രകടനങ്ങളിൽ ലയിച്ചിരിക്കുകയാണ്.

അപ്പോൾ വേലുമ്മാവൻ ഭീമസേനന്റെ പുറകിൽ അറപ്പടിയുടെ നേരേയുള്ള തൂണിൽ ചാരിനില്ക്കുന്ന നാരായണിപ്പിള്ളയെ നോക്കിയാണിരുന്നിരുന്നതു്. ആ സ്ത്രീയുടെ മുഖചലനവും വക്ഷോജങ്ങളും ഉടലും മൃദുലമായ വെള്ളകൈത്തണ്ടുകളും അവലോകനം ചെയ്യുകയായിരുന്നു വേലുമ്മാവൻ. അങ്ങിനെ അധികനേരം നോക്കി ഇരുന്നു. വളരെക്കഴിഞ്ഞാണ് നാരായണിപ്പിള്ളയുടെ കണ്ണുകൾ വേലുമ്മാവനിലേക്കു തിരിഞ്ഞതു്.

"അവളേതാടാ......?"

വേലുമ്മാവൻ ഒട്ടും ഒളിക്കാതെ അടുത്തിരുന്ന ഗോപാലപിള്ളയോടു ചോദിച്ചു. അതിഥികൾക്കു സൽക്കാരങ്ങൾ നടത്തുകയായിരുന്നു ഗോപാലപിള്ള. അയാൾ കളപ്പുരയിലെ ഒരു 'ശിങ്കിടി' നായരായിരുന്നു.

"അവളേതാടാ. ആ തൂണിൽച്ചാരി നില്ക്കുന്നവള്......?"

ഗോപാലപിള്ള വായ്പൊത്തിക്കൊണ്ടു പറഞ്ഞു. "അത് ഇവിടുത്തെ അമ്മയാന്നേ."

"അമ്മയോ. ആരുടെ പെണ്ണാ? അവളുടെ നായരാരാടാ......?"

ഗോപാലപിള്ള ആ സ്ത്രീയേക്കുറിച്ചുള്ള മുഴുവൻ ചരിത്രവും വേലുമ്മാവനോടു പറഞ്ഞു. വേലുമ്മാവൻ എല്ലാം മൂളിക്കേട്ടു. അവസാനം ചോദിച്ചു:—

"അവടെ നായരിപ്പം വരുന്നേ ഇല്ലേ?"

"ഇല്ലന്നു" ഗോപാലപിള്ള പറഞ്ഞു. അപ്പോൾ വേലുമ്മാവൻ ചോദിച്ചു.

"അയാള് രേഖാമൂലം ഒഴിഞ്ഞതാണോ?"

ആയിരിക്കാനേ ഇടയുള്ളു എന്നതായിരുന്നു ഗോപാലപിള്ളയുടെ മറുപടി. അതിനുശേഷം ആ സ്ത്രീയേക്കുറിച്ചുള്ള ചിന്തകളായിരുന്നു വേലുമ്മാവനുണ്ടായിരുന്നതു മുഴുവൻ.

ഭീമസേനൻ സൗഗന്ധികവുമായി തിരിച്ചുവന്നു. അതു പാഞ്ചാലിയെ ഏല്പിച്ചു. സന്തോഷാശ്രു പൊഴിക്കുന്ന പാഞ്ചാലിയെ ഭീമസേനൻ കടക്കണ്ണാൽ നോക്കി.

ചുണ്ടയ്ക്കാപ്പൊടി ഇട്ടു ചുവപ്പിച്ച്, തീക്കട്ടപോലെയാക്കി യിരിക്കുന്ന കണ്ണുകളിൽ വികാരത്തിൻെറ അലകൾ അടിക്കുകയാണു്. ലജ്ജാവനമ്രമുഖിയായി നില്ക്കുന്ന പാഞ്ചാലിയുടെ മൃദുലകപോലങ്ങളിൽ ഭീമസേനൻ തലോടി.

വേലുമ്മാവൻ കൈകടിച്ചുകൊണ്ടു നാരായണിപ്പി ള്ളയെത്തന്നെ നോക്കി ഇരുന്നു. അവർ ചിരിച്ചുവോ? ലജ്ജ അഭിനയിച്ചുവോ? കടക്കണ്ണാൽ വേലുമ്മാവനെ വീക്ഷിച്ചുവോ? ഒന്നും തീർത്തു പറഞ്ഞുകൂടാ. എന്നാലും വേലുമ്മാവൻ അവർ ചിരിക്കുകയും, ലജ്ജിക്കുകയും ചെയ്തു എന്നുതന്നെ കരുതി.

പിറേറന്നു നേരം പുലർന്നു.

വേലുമ്മാവൻ ശങ്കുമ്മാവനെ കണ്ടു.

"കഥകളി എങ്ങിനെയിരുന്നു?"

"ഭേഷായി ഭേഷ്" വേലുമ്മാവൻ അഭിപ്രായവും പ്രകടിപ്പിച്ചു. എന്നിട്ട് ഇരുവരും പഴുക്കാപ്പാക്കും തളിർവെററിലയും കാലിപ്പുകയിലയും ചേർത്തു മുറുക്കി, ഇറങ്ങാൻനേരത്തു വേലുമ്മാവൻ പറഞ്ഞു:—

"എനിക്കൊരു കാര്യം പറയാനുണ്ടായിരുന്നു."

"ഉം. എന്താ പറഞ്ഞോളൂ."

ശങ്കുമ്മാവൻ ഉൽക്കണ്ഠാപൂർവ്വം കാത്തിരുന്നു.

വേലുമ്മാവൻ പറഞ്ഞു!—

"ഞാൻ ഒരു സമ്മന്തം ചെയ്യാൻ നിശ്ചയിച്ചിരിക്കുകയാ.........."

ശങ്കുമ്മാവൻ ഊറി ചിരിച്ചു. എന്നിട്ടു "ഈ വയ

സ്സുകാലത്താ നല്ല ബുദ്ധി തോന്നിയതു്" എന്നും പറഞ്ഞു കൊണ്ടു താമ്പാളം ഒന്നുകൂടി നീക്കിവച്ചു മുറുക്കാൻ തുടങ്ങി. വേലുമ്മാവൻ പറഞ്ഞു....

"ഞാൻ ഇവിടുത്തെ നാരായണിയെ സമ്മന്തം ചെയ്യണമെന്നാ വിചാരിക്കുന്നെ."

തെല്ലുനേരം ആരും ഒന്നും മിണ്ടിയില്ല. ശങ്കുമ്മാവൻ ചോദിച്ചു. "തനിക്കതു നിർബ്ബന്ധമാണോ"?

"അതെ..."

വീണ്ടും ആലോചനയിൽ മുഴുകി ഇരിക്കുകയായിരുന്നു ശങ്കുമ്മാവൻ. അപ്പോഴ് വേലുമ്മാവൻ പറഞ്ഞു.

"എനിക്കങ്ങിനെ ഒരാശ ഉണ്ടായി. അതു സമ്മതിക്കണം ..."

'ആട്ടെ' എന്നു ശങ്കുമ്മാവൻ സമ്മതിച്ചു. അങ്ങിനെയാണു് നാരായണിപ്പിള്ള വേലുമ്മാവൻെറ ഭാര്യയായതു്.

* * * * * *

നാരായണിപ്പിള്ളയും വിചാരിച്ചു; ഒരുകണക്കിനതു നല്ലതാണു്. നല്ല പ്രായത്തിൽ അനുഭവിക്കേണ്ടതൊന്നും അനുഭവിക്കാൻ കഴിഞ്ഞില്ല. നന്നേ ചെറുപ്പത്തിലെ വിവാഹം കഴിച്ചുകൊടുത്തു തൃപ്തികരമായ ഒരു ജീവിതം നയിക്കാൻ തുടങ്ങും മുൻപാണു് ഭർത്താവും കാർന്നവരുമായി ഉരസൽ ആരംഭിച്ചതു്. ആ ഉരസൽ നാൾക്കുനാൾ വർദ്ധിക്കുകയേ ചെയ്തുള്ളു. അവസാനം ഭർത്താവു് ഇറങ്ങിപ്പോയി. പിന്നെ തിരിച്ചുവരാനിടയായിട്ടില്ല. കഴിഞ്ഞ ഇരുപത്തിഒന്നു വർഷങ്ങൾക്കു മുൻപാ

ണത്തു സംഭവിച്ചതു്.

ആ ജീവിതത്തിൽ മിച്ചം കിട്ടിയതു് ലാഭമാണു്. ഒരു ആൺകൊച്ചുനെ ലാഭമായി കിട്ടി. ആ കച്ചവടം തികച്ചും മധുരമുള്ളതായിരുന്നില്ല. എന്നാലും കിട്ടിയതാകട്ടെയെന്നു കരുതി.

ഇരുന്നു നരകിക്കുന്ന നിരവധി യുവതികൾ കളപ്പുരയിൽ ഉണ്ടു്. അവരിൽ ഒരുവളായി കഴിയേണ്ടിവന്നതിൻെറ നീററൽ അവസാനിക്കട്ടെയെന്നു കരുതിയാണു് വേലുമ്മാവനെ സ്വീകരിച്ചതു്. പക്ഷെ ആ ജീവിതവും കുശാലാകുന്നില്ല. എന്തൊക്കെയോ പന്തികേടുകൾ അനുഭവപ്പെടുന്നതുപോലെ ഒരു തോന്നൽ.

വളരെ നാളുകൾ കഴിഞ്ഞു. എന്നിട്ടും പരസ്പരം ഒട്ടിച്ചേരാൻ കഴിയുന്നില്ല. വേലുമ്മാവൻ വരുന്നു. കുളിക്കുന്നു. ഉണ്ണുന്നു. രാത്രിയിൽ അവിടെ കിടക്കുകയും ചെയ്യുന്നു.

വേലുമ്മാവനും ഉദ്ദേശിച്ചത്ര രസം തോന്നുന്നില്ല. എന്നാലും അകലാൻ സാധിക്കുന്നില്ല. അതിനുള്ള ഒരു ആഗ്രഹം ഉള്ളിൽ അങ്കുരിക്കുന്നുമില്ല. ഏതാണ്ടു പച്ചനെല്ലിക്കാ തിന്നതുപോലുണ്ടു്. കയ്ച്ചിട്ടു ഇറക്കാമോ? മധുരിച്ചിട്ടു തുപ്പാമോ?

എന്നാലും കുറെ ഒക്കെ സുഖിക്കുന്നുണ്ടു്. ആ സുഖത്തിൻെറ ഭാവന വർദ്ധിച്ചു വർദ്ധിച്ചു വരുന്നു. വേലുമ്മാവൻ ഒരിക്കൽ നാരായണിപ്പിള്ളയോടു പറഞ്ഞു:—

"നീ വളരെ ക്ഷീണിച്ചു പോയല്ലോ നാരായണി. നീ ഒന്നു നന്നാവണം. നീ നന്നായിട്ടുവേണം എനിക്കു്

ഒരാശയുള്ളതു സാധിക്കാൻ..."

നാരായണിപ്പിള്ളയ്ക്കു് കോരിത്തരിച്ചു. അവർ ചോദിച്ചു......

"എന്താശയാ ഉള്ളതു്..."?

"അതൊക്കെ ഉണ്ടു് "

"ഠാ...എന്തോന്നാ. പറയത്തില്ലേ "?

നാരായണിപ്പിള്ള ചൊടിച്ചു. വേലുമ്മാവൻ പറഞ്ഞു..."നിന്നെ എനിക്കൊന്നു ഒരുക്കി വീട്ടിലേക്കു കൊണ്ടുപോകണം. അവടെ ഒന്നുരണ്ടു ദിവസം താമസിപ്പിക്കണം."

അതൊരു കണക്കിനു വലിയ ഒരാശയാണു്. കോവിലകത്തെ പെണ്ണുങ്ങൾ സമ്മന്തവീടു കണ്ടിട്ടില്ല. കളപ്പുരയിലെയും പെണ്ണുങ്ങൾ കണ്ടിട്ടില്ല. അങ്ങിനെ പേരും പെരുമയും ഉള്ള വീട്ടിലെ പെണ്ണുങ്ങൾ ആരും തന്നെ ഭർത്തൃഗൃഹത്തിലേക്കു പോകാറില്ല. പോകണമെന്നാശിക്കുന്നതുതന്നെ തെററാണു്. അതു കുടുംബത്തിനു കുറച്ചിലാണു്. സമ്മന്തക്കാർ വന്നോണം, താമസിക്കണം, പൊയ്ക്കോളണം. ഇതാണു് കുടുംബത്തിലെ വലിയ കാർണ്ണവരുടെ ശാസനം. അതു് ഏതൊരു സമ്മന്തക്കാരനും സമ്മതിച്ചേ പററൂ.

പക്ഷെ വേലുമ്മാവന്റെ ആശ അതല്ല. ആ പ്രേമഭിക്ഷുവിന്റെ സങ്കല്പങ്ങൾക്കു കളപ്പുരയിൽമാത്രം ഒതുങ്ങാൻ കഴിയുന്നില്ല. അതിനു അതിവിശാലമായ ഏകാന്തത ആവശ്യമാണു്. ഒട്ടൊക്കെ ആ വിശാലതയിൽ പെട്ടാലെന്തെന്നു് നാരായണിപ്പിള്ളയും ആഗ്രഹിച്ചു.

അതിനെതിരു നിന്നിരുന്നതു് ശങ്കുമ്മാവനാണു്. അദ്ദേഹം അലറി!...... "അത്ര താഴ്ത്തിക്കെട്ടാതെടോ. ക്ഷീണിച്ചാലും രണ്ടു കാലേത്തന്നെ നിക്കുമെടോ ഞാൻ......"

കരണത്തടി ഏററതുപോലായിരുന്നു ആ അലച്ച് അനുഭവപ്പെട്ടതു്. വേലുമ്മാവൻ അന്നു മുതൽ അല്പം അതൃപ്തിയിലാണു്.

അങ്ങിനെ ഇരിക്കുമ്പോഴാണു മറെറാരു സംഭവം ഉണ്ടായതു്. അതുകൂടി ആയപ്പോഴേക്കും വേലുമ്മാവന്റെ സ്വാതന്ത്ര്യത്തിൻെറ മേൽ കടിഞ്ഞാൺ കെട്ടിയ ശങ്കുമ്മാവനോടതിയായ വെറുപ്പും വിദ്വേഷവും തോന്നി. നാരായണിപ്പിള്ളയെ ഉപേക്ഷിച്ചാലെന്തന്നായി ആലോചന. പക്ഷെ മഷി എഴുതിയ നീലക്കണ്ണുകളും വയനാടൻ മഞ്ഞൾ മുറിച്ചതുപോലുള്ള അടിവയറും പനങ്കുല പോലുള്ള സൌരഭ്യമേറിയ നീണ്ട മുടിയും ഒന്നും പരിത്യജിക്കുവാൻ വേലുമ്മാവനു് കഴിഞ്ഞില്ല. എന്നാലും ആ സൗന്ദര്യാരാധകൻ നാരായണിപ്പിള്ളയെത്തന്നെ സ്മരിച്ചുകൊണ്ടിരുന്നു. ആ സ്മരണകൾ കുറെ നാളത്തേയ്ക്കു് വളരെ വിദൂരമായ കോവിലകത്തു കോലായിലിരുന്നുകൊണ്ടായിരുന്നു.

* * * * * *

അതിനുള്ള കാര്യം വളരെ ലളിതമാണു്. പറഞ്ഞാൽ ഒന്നുമില്ല. പക്ഷെ അഭിമാനം നിലനിത്താൻ അതു ചെയ്യേ പററൂ എന്നു വന്നു.

പ്രദോഷത്തിൻ നാളിലാണു്. വേലുമ്മാവൻ ഒന്നും

ഓർത്തിരുന്നില്ല. കോവിലകത്തുനിന്ന് അത്താഴവും കഴി
ഞ്ഞിറങ്ങി. വഴിയിൽ അല്പം തങ്ങേണ്ടിവന്നു. കളപ്പുര
യിൽ ചെന്നപ്പോഴേക്കും നേരം വളരെക്കഴിഞ്ഞിരുന്നു.
പടിപ്പുര അടച്ചിരുന്നു. എല്ലാവരും ഉറങ്ങിക്കഴിഞ്ഞിരി
ക്കണം. സർവ്വത്ര ഇരുട്ട്. ആളും പേരുമില്ല.

കാമാത്തനായ വേലുമ്മാവൻ പടിപ്പുരയിൽ നിന്നു കവാടങ്ങളിൽ മുട്ടി. ആരു കേൾക്കാനാണ്. എന്നിട്ടും വിളികൾ ഉയർന്നു.

"എടിയേയ്, എടിയേയ്...എടിയേയ്..."

ആരും ഉണരുന്നില്ല. കതകുകളിൽ ആഞ്ഞുതട്ടി.

"ആരാടോ അത്"?

ശങ്കുമ്മാവൻ ചോദിക്കുകയാണ്. വേലുമ്മാവനൊരാശ്വാസമായി.

"ഞാനാ...വേലുനായരു..."

"ഓ..,താനാണോ.. നാണിയുടെ നായരല്ലേടോ-"?

ശങ്കുമ്മാവൻ ഇറയത്തു നിന്നുകൊണ്ട് ചോദിച്ചു.

"അതെന്താ ചോദിച്ചെ"?

"അല്ല താൻ •കുടുംബത്തിൽ ജനിച്ചവനാണോടോ........"?

വേലുമ്മാവൻ പൂക്കിലപോലെ വിറച്ചു. ആകപ്പാടെ ഒരു പുകച്ചിൽ.

"ഇന്നു പ്രദോഷമാണെന്നു തനിക്കറിഞ്ഞൂടേടോ-"?
ശങ്കുമ്മാവൻ ശാസിച്ചിട്ടു തിരിച്ചു പൊയ്ക്കളഞ്ഞു. പടിപ്പുരയുടെ കവാടങ്ങൾതുറക്കപ്പെട്ടില്ല. വികാരലോലനായ വേലുമ്മാവൻ വെളിയിൽ നിന്നു. "പ്രദോഷ"മാണ്!

A1531



"ഒരിക്കലൊണ്ട്"! എന്നൊന്നും വേലുമ്മാവൻ ആലോചിച്ചില്ല. കഷ്ടം. വേലുമ്മാവൻ ഒരടിയേററതുപോലെ തിരിച്ചുപോന്നു.

അതു കണ്ടിതമായിത്തീൎന്നു. പിന്നെ കളപ്പുരയിലേക്കു കുറെ നാളത്തേക്കു പോയിട്ടില്ല. വളരെക്കഴിഞ്ഞൊരിക്കൽ കേറിച്ചെന്നു. എന്നിട്ടു നാരായണിപ്പിള്ളയെ വിളിച്ചു പറഞ്ഞു.

"ഞാൻ ഇനി ഇവിടെ വരത്തില്ല".

അവർ ഉൽക്കണ്ഠാപൂൎവ്വം കാൎയ്യങ്ങൾ തിരക്കി. വേലുമ്മാവൻ കാൎയ്യങ്ങൾ വിശദീകരിച്ചു. അതുകേട്ട് നാരായണിപ്പിള്ള വേലുമ്മാവനെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

"അമ്മാവൻ അത്തരം പ്രകൃതക്കാരനാണ്. മുമ്പത്തെ ആളേം ഇതുപോലാ പെണക്കി അയച്ചതു്. അതിൻെറ ദുഃഖം ഞാൻ കുറെ അനുഭവിച്ചു. ഇനി നിങ്ങളും പോയാൽ ഞാൻ മരിക്കുകയേ ഉള്ളു"

അവരുടെ കവിളുകളിൽക്കൂടി കണ്ണുനീർ ഒഴുകി. അവർ ഗൽഗ്ഗദത്തോടുകൂടി കരഞ്ഞു. അതു കണ്ടുകൊണ്ടിരിക്കുവാൻ വേലുമ്മാവനു കഴിഞ്ഞില്ല. ആ മൃദുലഹൃദയൻ അവരുടെ കവിളുകൾ കൈവിരലുകൾകൊണ്ടു തുടച്ചു. ആ മഞ്ഞിമവീണ അധരങ്ങളിൽ ഒരു നുള്ളും കൊടുത്തു. ആ ക്ഷോഭവും വ്യസനവുമെല്ലാം അവസാനിച്ചു. ആ ജീവിതം പിന്നെയും തുടൎന്നുപോയി. ആലിംഗനവും, മന്ദഹാസവും, രോമാഞ്ചമണിയലും തിങ്ങി കൂടിയ ആ ജീവിതം.

* * * * * *

# 3

പഴയതുപോലെ അന്നും സൂര്യൻ ഉദിച്ചു. കിളകൾ ചിലച്ചു. ആകാശത്തിൻെറ അരുകുകളിൽ അരുണിമ പരന്നു. സർപ്പക്കാവുകളിൽ കാററിളകി.

പക്ഷേ വേലുമ്മാവൻ മാത്രം ഉണന്നതു് വളരെ താമസിച്ചാണു്. കളപ്പുരയിൽനിന്നു തിരിച്ചതു് പാതിരാത്രിക്കായിരുന്നു. വന്നുകിടന്നതു് തളന്നാണു്. അതുകൊണ്ടുറങ്ങിപ്പോയി. കുളി 'തേവാരാ'ദികൾക്കും താമസം നേരിട്ടു.

എന്നാലും ധൃതിയിൽ എല്ലാം നടത്തി. കുളികഴിഞ്ഞു തലയിൽ ഭസ്മം തിരുമ്മി. "ഹരികൃഷ്ണാ" എന്നൊന്നു തുമ്മി. കുടുമ്മി ഉച്ചിയിൽ കെട്ടിനിത്തി. ഈരിഴയൻ തോത്തു നനച്ചു പിഴിഞ്ഞുടുത്തു ക്രുനിക്രുനി കരയ്ക്കു കയറി.

കാവുകളിൽത്തൊട്ടു തൊഴുതു. ഒന്നുരണ്ടു കാട്ടുപൂക്കൾ പറിച്ചെടുത്തു തലയിൽ ചൂടി. ഒന്നുരണ്ടെണ്ണം ചെവികൾക്കിടയിലും തിരുകി. കാവിനു പ്രദക്ഷിണവും വച്ചു. ആ കാവിനു തെക്കുവശത്തു ഉയന്നുനില്ക്കുന്ന മതിൽക്കെട്ടുകളേയും അതിനപ്പുറത്തു മാനത്തോളം ഉയരംനേടാൻ കൊതിച്ചു നില്ക്കുന്ന പുതിയ മാളികക്കെട്ടിടത്തേയും അല്പം പാരവശ്യത്തോടും നെടുവീപ്പോടും കൂടി നോക്കി. ദുഃഖത്തിൻെറ കനത്ത പാളികൾ ഹൃദ

യമാകെ വന്നു വീഴുന്നതുപോലെ തോന്നുകയാണ്. കുടുംബത്തിന്റെ ആഭിജാത്യത്തേയും പ്രൗഢിയേയും പരിഹസിക്കുംപോലെ നില്ക്കുന്ന ആ മാളികയുടെ ഉപരിതലം കാണുമ്പോൾ മനസ്സു തകരുന്നു. അതിനു താഴെ നിലം പററി നില്ക്കുന്ന ഭരദേവതയുടെ അമ്പലവും കാർണ്ണവന്മാരുടെ ശവകുടീരങ്ങളും കാണുമ്പോൾ ജീവിതത്തിന്റെ ക്രൗര്യം കെട്ടുപോകുകയാണ്.

ഇതെല്ലാം തെല്ലുനേരത്തേക്കു സ്മൃതിമണ്ഡലത്തിൽ വന്നലച്ച വിചാരങ്ങളായിരുന്നു.

വേലുമ്മാവൻ ഭരദേവതയുടെ ക്ഷേത്രത്തിനു ചുററും പ്രദക്ഷിണം വയ്ക്കുകയാണ് ഒന്ന്, രണ്ട്, മൂന്ന്. നടയ്ക്കുനേരെ വന്നുനിന്നു. കൈകൂപ്പി വന്ദിച്ചു. നിലത്തു കിടന്നു, നെററി നിലത്തൂന്നി നമസ്കരിച്ചു. കഴുത്തിൽ കിടന്ന രുദ്രാക്ഷമാല തൊട്ടു കണ്ണിൽവച്ചു.

അദ്ദേഹം സൂക്ഷിച്ചുനോക്കി. വിശ്വസിക്കുവാൻ സാധിക്കുന്നില്ല ഒന്നുകൂടി നോക്കി. ഭരദേവത ക്രൂരദംഷ്ട്രങ്ങളും ഉഗ്ര നയനങ്ങളുമായിത്തന്നെ പഴയതുപോലെ ഇരിക്കുന്നു. ഒരു വ്യത്യാസവുമില്ല. പിന്നെയും വിശ്വസിക്കാനാവാത്ത അമ്പലത്തിന്റെ കല്പടകളിലേക്കു നോക്കി.

"അയ്യോ..." എന്ന വിളിയോടുകൂടി വേലുമ്മാവൻ പകച്ചുനോക്കി. ശരിയാണ്. പവന്റെ നിറമുള്ള സത്യമുള്ള ഒരു സർപ്പം. കോവിലകത്തെ സർപ്പക്കാവുകളിൽ യുഗയുഗങ്ങളായി കുടി ഇരിക്കുന്ന സത്യമുള്ള സർപ്പങ്ങളുടെ ഒരു സന്തതി. പൊന്നരിഞ്ഞാണംപോലെ കിടക്കുന്നു.

വളഞ്ഞു ചുരുണ്ടു–ചുരുണ്ടു ചുരുണ്ടു്.

"അയ്യോ" എന്നു വേലുമ്മാവൻ പിന്നെയും നില വിളിച്ചു. തളിരുപോലെ മൃദുലമായ ആ മനസ്സ് കില്ല കില്ലാ നടുങ്ങി. ഭാരതിഅമ്മയും നളിനിയും ഓടിഎത്തി. അവക്കൊന്നും മനസ്സിലായില്ല. അവരും "അയ്യോ" എന്നു നിലവിളിച്ചു. അവർ തുറിച്ചുനോക്കി. ഭരദേവ തയുടെ കൽപ്പടയിൽ ഒരു സപ്പം ചത്തുകിടക്കുന്നു. അതിൻെറ തലയിൽ ചോരപററി ഉണങ്ങി ഇരിക്കുന്നു.

അവരെല്ലാവരും വാവിട്ടു നിലവിളിച്ചു. കാവ് അശുദ്ധമായിരിക്കണം. ഇതിനു മുമ്പു് അല്പം ചില സന്ദർഭങ്ങളിൽ ഇങ്ങിനെ ഉണ്ടായിട്ടുണ്ടു്. വേലുമ്മാവന്റെ കാലത്തല്ല. വളരെ വളരെ മുൻപു്. പറഞ്ഞു കേട്ടിട്ടേ ഉള്ളു.

കാവ് അശുദ്ധമായാൽ സപ്പങ്ങൾ ചുററി ഇഴയും. അവ കാവിൽ ഇരിക്കാറില്ല. പുരയിലും, അടുക്കളയിലും കയറും. പായിൽക്കിടന്നിഴയും. ചിലപ്പോൾ അറവാ തുക്കൽ വന്നു തലതല്ലി ചാകുകയും ചെയ്യും.

ഇവിടെയെന്താണു സംഭവിച്ചതു്? കാവ് അശുദ്ധ മായി. തീണ്ടാരിയായവർ ആരെങ്കിലും കാവ് തീണ്ടി യിരിക്കാം. അതായിരിക്കാം സപ്പം ഭരദേവതയുടെ മുൻപിൽ തലതല്ലിച്ചത്തതു്. വേലുമ്മാവൻ തിരിഞ്ഞു നോക്കിയപ്പോൾ നളിനിയും ഭാരതിഅമ്മയും കരഞ്ഞു കൊണ്ടു നില്ക്കുന്നു. അതു കണ്ടപ്പോൾ ഒന്നുകൂടി ദുഃഖം കൂടി. ആ ദുഃഖം ക്രമേണ അരിശമായി മാറി. വേലു മ്മാവൻ അലറി. "പൊക്കോ അകത്തു്. നിന്നെ ഒന്നും

കണ്ടുപോകരുത്. എന്റെ കാവ് അശുദ്ധമാക്കി. പൊക്കോ അകത്ത്."

എന്നിട്ട ഭരദേവതയെ തൊഴുതുകൊണ്ട് സംഹാര രുദ്രനെപ്പോലെ ചോദിച്ചു.

"എന്നെ പരീക്ഷിക്കുവാണോ? ആണോ? വേലുവനേ പരീക്ഷിക്കുവാണോ"?

ആ നാദം ചുഴലിക്കാററുപോലെ ചുററിത്തിരിഞ്ഞു കൊണ്ടിരുന്നു. അത് സർപ്പക്കാവിന്റെ ഉപരിതലത്തിലും കോവിലകത്തിന്റെ നാലുകെട്ടിലും ചെന്നലച്ചു. ഭാരതിഅമ്മയും നളിനിയും ശബ്ദിക്കാൻ കഴിയാതെ യന്ത്രങ്ങളെപ്പോലെ തിരിച്ചുപോന്നു.

വേലുമ്മാവൻ നിന്നു വിറയ്ക്കുകയാണ്. അരയിൽ കിടക്കുന്ന തടിയൻ വെള്ളി അരിഞ്ഞാണവും അതിൽ കോർത്തിട്ടിരിക്കുന്ന ഏലസ്സും വിറയ്ക്കുകയാണ്. ഈരിഴയൻ തോർത്തിന്റെ വിടവിൽകൂടി വ്യക്തമായിരുന്ന കൗപീനത്തിന്റെ അഗ്രവും അനസ്യൂതമായി വിറയ്ക്കുന്നുണ്ടായിരുന്നു. വളഞ്ഞുകുത്തി വീഴാൻ ഭാവിച്ചിരുന്ന വേലുമ്മാവൻ തീക്കനൽ ചൂടിയ ദൃഷ്ടികൾ ഭരദേവതയുടെ നെററിത്തടത്തിലേക്കായിരുന്നു അയച്ചിരുന്നത്.

വേലുമ്മാവൻ അലറിക്കൊണ്ടു വീണ്ടും ചോദിച്ചു.

"എന്നെ പരീക്ഷിക്കുവാണോ"?

എന്നിട്ട്, ശിലപോലുമലിയുന്ന സ്വരത്തിൽ ദാരുണകണ്ഠനായി പറഞ്ഞു:- "എന്നെ പരീക്ഷിക്കല്ലേ. എന്നെ ദുഃഖിപ്പിക്കരുതേ. എന്നെ രക്ഷിച്ചോളണമേ..."

അമ്പലത്തിന്റെ മുൻപിൽ തഴച്ചുവളർന്നു നില്ക്കുന്ന

കന്നിക്കൊന്ന ചലിച്ചു. അതിൻെറ ശിഖരങ്ങളിൽ നിന്നും പൂക്കൾ അടൎന്നുവീണു. ഒരു കുളിർകാററ് വേലുമ്മാവനേയും പരിസരത്തേയും തഴുകിക്കടന്നു പോയി.

ജോത്സ്യൻ വന്നു. പ്രശ്നം വച്ചു ഒടുവിൽ കാവ് അശുദ്ധമായതു തന്നെയെന്നു വിധിയും കല്പിച്ചു. അതിനു വേണ്ട പ്രതിവിധിയും നിർദ്ദേശിച്ചു.

പ്ലൂതിയിൽത്തന്നെ തളിച്ചുകൊടുത്തു. കാവിൻെറ ഉള്ളിൽ മഞ്ഞപ്പൊടിയും കലക്കിവച്ചു. കരിക്കിൻ വെള്ളവും കുങ്കുമവും തയ്യാറാക്കി. കാവിൻെറ അശുദ്ധം തീൎന്നു.

അങ്ങിനെ ഒരുവിധം മനോവ്യഥ അവസാനിച്ചിരിക്കുകയാണ്. കുറെ പണം ചിലവായി. സ്ഥലം എഴുതി വിററാണാ പണം ഉണ്ടാക്കേണ്ടി വന്നതു്. അതു പോകട്ടെയെന്നു കരുതുകയേ തരമുള്ളൂ.

ദിവസങ്ങൾ പലതു കഴിഞ്ഞെങ്കിലും ഒരു വിചാരം മനസ്സിൽനിന്നു മാറുന്നില്ല. കാവെങ്ങിനെ അശുദ്ധമായി എന്ന വിചാരം! അതു് ദിനംപ്രതി പെരുകുകയാണ്. കാവ് അശുദ്ധമാകുക. പെണ്ണുങ്ങളാണ് കാവശുദ്ധമാക്കുന്നതു്. ഭാരതിയാണെങ്കിൽ വയസ്സാണ്. അവളേതുവിധമായിരിക്കാം അശുദ്ധമാക്കിയതു്? അവളായിരിക്കയില്ല. നളിനിയാണോ? ചിലപ്പോഴായിരിക്കും. അവൾ ചെറുപ്പമല്ലേ? തീണ്ടാരി ദിവസം കാവിൽ തൊട്ടുകാണും.

വേലുമ്മാവൻ പൂമുഖത്തു നിന്നുകൊണ്ടു് വിളിച്ചു.

"നളിനീ ..."

ഒരു നേരിയ ശബ്ദം അകത്തുനിന്നും ഒഴുകി വന്നെങ്കിലും അതു വേലുമ്മാവന്ന് കേൾക്കാൻ കഴിഞ്ഞില്ല. വേലുമ്മാവൻ വീണ്ടും വിളിച്ചു.

"എടീ പെണ്ണേ ....."

"അവളിവിടില്ല ....." ഭാരതിഅമ്മയാണതു പറഞ്ഞതു്.

"എവടെപ്പോയി......"?

"തെക്കേതിലേക്കുപോയി. വിളിക്കാം......"

മൂന്നുനാലു വിളികൾ നാലുകെട്ടിന്റെ പടിഞ്ഞാറുഭാഗത്തു കേൾക്കായി. അധികം താമസിയാതെ നളിനി വന്നു.

"എടീ......!"

വേലുമ്മാവൻ വിളിച്ചു.

"നീ എവിടായിരുന്നു."?

ഉഗ്രവും ക്രൂരവുമായ മുഖഭാവത്തോടുകൂടി വേലുമ്മാവൻ ചോദിച്ചു. ഭാരതിഅമ്മ കതകിനു മറഞ്ഞുനിന്നു. നളിനി വിറയ്ക്കുകയായിരുന്നു.

"എവിടെപ്പോയെടീ......"?

മറുപടി ഇല്ല. നളിനി പകച്ചുനില്ക്കുകയാണു്.

"ഉം. പറയെടി...പറയാൻ."

വേലുമ്മാവൻ ആക്രോശിച്ചു. "ഇല്ലെങ്കിൽ നിന്നെ ഞാൻ കൊല്ലും."

കൊല്ലുകയോ തിന്നുകയോ എന്തും ചെയ്യുന്നതിന്ന് അധികാരമുള്ള വേലുമ്മാവനാണു ചോദിക്കുന്നതു്.

നളിനി പറഞ്ഞു... "തെക്കേതിൽ......"

"ഫെന്തിന്"? ഇടിനാദം ഉയന്നു. "കണ്ടെടം കേറി നടക്കുവാ അല്ലേ? അതിന് നിൻെറ തള്ള കൂട്ടുനിക്കും. ഞാൻ നിക്കത്തില്ല. ഠാ .....എങ്ങാണ്ടുകെടന്ന തെണ്ടികള്.... "

അത്രയും കൊണ്ടു തീന്നില്ല. "നീ ഇവിടെ വാടീ... വാ ഇവിടെ..... "

നളിനി സാവധാനം നീങ്ങിനിന്നു.

"ഇനി പോകുമോ "?

ചോദ്യം അവസാനിക്കും മുൻപ് വേലുമ്മാവൻെറ കൈകൾ നളിനിയുടെ രണ്ടു കരണത്തും പതിച്ചു കഴിഞ്ഞിരുന്നു. പരുപരുത്ത ആ കരങ്ങളുടെ ചൂടേററു് നളിനി കാതുകൾ പൊത്തി. കൈവെള്ള മുഴവൻ പോരപ്പററി. അവൾ "അയ്യോ" എന്നു നിലവിളിച്ചുകൊണ്ടിരുന്നു. ഭാരതിഅമ്മയും പരിഭ്രമിച്ചുപോയി. അത്ര ഒന്നും സംഭവിക്കുമെന്ന് വേലുമ്മാവനും കരുതിയിരുന്നില്ല.

ഭാരതിഅമ്മ മകളേയും കൊണ്ടകത്തേക്കുപോയി. തിരിഞ്ഞുനിന്ന് ഉരുക്കൻ ഒരു കല്ലെടുത്തു വേലുമ്മാവൻെറ തലയ്ക്കു് എറിയുന്നതു പോലൊരു ചോദ്യം.

"ചേട്ടൻ ഞങ്ങളെ എല്ലാം അങ്ങു കൊന്നേരെ. അതല്ലേ ഇതിലും നല്ലതു്"? പേടിയും ഭയവും പൊയ്പ്പോയതുപോലെ അന്നാദ്യമായി ഭാരതിഅമ്മ അലറി. "ചേട്ടൻ ഞങ്ങളെ കൊന്നിട്ടു ഭാര്യയുമായി ജീവിക്കാമെന്നാണോ കരുതുന്നതു്..."?

വേലുമ്മാവൻ ഒന്നും പറഞ്ഞില്ല. ഓക്കാപ്പുറത്തു

കിട്ടിയതാണു്. താങ്ങിപ്പിടിച്ചു നിർത്തിയിരുന്ന അന്തസ്സും കനവുമെല്ലാം തകർന്നിരിക്കുന്നു.

തല ഉയർത്തി ഉഗ്രമായി ഭാരതിഅമ്മയെ ഒന്നു നോക്കി. തോർത്തും മുണ്ടും മാറി. കുടയും ചെരുപ്പുമെടുത്തു. ഇടവഴിയിലേക്കിറങ്ങി ഒരു പാച്ചിൽ. തിരിഞ്ഞു പോലും നോക്കിയില്ല.

അപ്പോഴാണു് ഭാരതിഅമ്മ, പറഞ്ഞുപോയ വാക്കുകളുടെ കാഠിന്യമോർത്തു ഞെട്ടിപ്പോയതു്.

അതേവരെ കാർണ്ണവരുടെ മുഖത്തുനോക്കി എതിർത്തിട്ടില്ലാത്ത നിരവധി വനിതകളെ പ്രസവിച്ച ആ പുരാതീനകുടുംബം ഭാരതിഅമ്മയുടെ ശബ്ദം കേട്ടല്ലമെങ്കിലും വേദനിച്ചിരിക്കുകയില്ലേ?

## 4

ഒന്നല്ല. ദിവസം രണ്ടായി. എന്നിട്ടും വേലുമ്മാവൻ തിരിച്ചുവന്നില്ല. കഴിച്ചു രണ്ടുമൂന്നു ദിവസത്തേക്കുള്ള നെല്ലെടുത്തു കൊട്ടത്തന്നാണു വഴക്കുണ്ടായതു്. അതിനുശേഷം ദിവസം രണ്ടു കഴിഞ്ഞു. അറ തുറന്നു നെല്ലു ബലാല്ക്കാരമായി എടുത്തേപററു എന്നും ആയിരിക്കുന്നു. പക്ഷേ അതിനൊന്നും ഭാരതിഅമ്മയ്ക്കു് ധൈര്യമില്ല. ഒരാവേശത്തിനെന്തൊക്കെയോ പറഞ്ഞുപോ

യി. ഇത്ര കഠിനമായ ഒരു ശിക്ഷ അനുഭവിക്കേണ്ടി വരുമെന്നും കരുതിയിരുന്നില്ല.

നളിനിയുടെ ചെവിയ്ക്കു പുറവും ഉരുണ്ടുക്കൂടിയിരുന്ന നീരിന് ചൂടുവച്ചുകൊണ്ട് വിഷാദമൂകയായിരിക്കുക യാണ് ഭാരതിഅമ്മ.

അവർ പറഞ്ഞു:— "ചേട്ടൻ പറഞ്ഞതു ശരി യല്ലേ. നീ എന്തിനാ എപ്പോഴുമെപ്പോഴും അങ്ങോട്ടു പോകുന്നതു്? നീ പ്രായമായി വരുവല്ലേ"?

ഭാരതിഅമ്മ വീണ്ടും തുടന്നു:— "നമ്മള് വലിയ വലിയ പിടിപ്പൊള്ളവരായിരുന്നു. രാജകുടുംബത്തീന്നാ വിവാഹത്തിനു വന്നിട്ടൊള്ളതു്. നാണക്കേടു വന്നാൽ കുടുംബത്തിനല്ലേ ദോഷം..."?

ഇത്രയും പറഞ്ഞുകേട്ടപ്പോൾ വാസ്തവം പറഞ്ഞാൽ നളിനി ഉൽക്കടമായി വിറച്ചുപോയി. എന്താണീനട്ട ക്കത്തിനു കാരണം?

"ഞാൻ എന്തു ചെയ്യേന്നാ അമ്മ പറയുന്നെ? ഞാനിനി പോകുന്നില്ല."

"നീയൊന്നോത്തുനോക്ക്. നമ്മളാരാ? വലിയ കുടുംബക്കാരു്. എന്തിനാ നമ്മള് കുടുംബത്തെ പറയി പ്പിക്കുന്നെ. അവരു് ജാതിയിലാരാ"?

"മനുഷ്യരു്."

"ദേ തറുതലപറഞ്ഞാലൊണ്ടല്ലോ? ഞാൻ .....! കുററമല്ല തല്ലുകൊണ്ടതു്. ശ്ശെടാ! അവരു ക്രിസ്ത്യാനിക ളല്ലേ.."?

"അതിനെന്താ"?

"ജാതീം മതോം വിടുന്നതു് കുടുംബത്തിനു ചേൎന്ന തല്ല ....."

എന്നിട്ടു് ഭാരതിഅമ്മ നളിനിയെ ഗുണദോഷിക്കുംപോലെ പറഞ്ഞു ...!" അമ്മാവനു് ഇഷ്ടമില്ലായിരിക്കും. ഇഷ്ടമല്ലാത്തതു നമ്മളു ചെയ്യരുതു് അതുമല്ല. നീ പ്രായമായില്ലേ? ഇനി അങ്ങിനെ നടന്നുകൂടാ....."

പിന്നെ ഒന്നും നളിനി പറഞ്ഞില്ല. ഭാരതിഅമ്മ എന്നിട്ടും പറഞ്ഞുകൊണ്ടിരുന്നു. "മോളേ ഒരു വല്യ പണക്കാരനു കെട്ടിക്കൊടുക്കും. അവനിവിടെ വലിയ ഒരു മാളിക പണിഞ്ഞു നിന്നെ അതിൽ താമസിപ്പിക്കും ......."

ഒരു ഭൎത്താവിനെക്കുറിച്ചുള്ള അവ്യക്തങ്ങളായ ധാരണകളുമായി നളിനി ഇരുന്നു. ആ വിഷയത്തിൽത്തന്നെ ഭാരതിഅമ്മയുടെ ഭാവനയും ചുററിത്തിരിയുകയായിരുന്നു. അവർ പറഞ്ഞു.

"എന്റെ മോക്കു് ഒരു പൊൻമാലയും വളയും തീൎത്തുതരാൻ വിചാരിക്കാറുണ്ടു്. സാധിക്കുന്നില്ല. ഞാൻ എന്നെങ്കിലും അതു സാധിക്കും."

നളിനി ഒരു കുസൃതിച്ചിരി ചിരിച്ചു. എന്നിട്ടു് "എന്റെ അമ്മയ്ക്കും അമ്മൂമ്മയ്ക്കും എല്ലാം ഈ പ്രായത്തിൽ മാലയും വളയും ഉണ്ടായിരുന്നല്ലോ. അതു മതി...?" എന്നും പറഞ്ഞു.

അമ്മയ്ക്കും അമ്മൂമ്മമാൎക്കും ഉണ്ടായിരുന്ന ആഭരണങ്ങളെക്കുറിച്ചു ഭാരതിഅമ്മ പറഞ്ഞുകേൾപ്പിച്ചു.

"അന്നൊക്കെ കല്യാണം രണ്ടു പ്രാവശ്യമുണ്ടു്.

താലികെട്ടും ........പൊടകൊടയും. താലി കൊട്ടത്ത ആളായിരിക്കയില്ല ശരിയായ ഭർത്താവ്. താലി കെട്ടു മ്പോൾ മൂക്കുത്തിയും വളയും തോടയും എല്ലാം ഇടും. കാതിൽ തോടയേ അമ്മൂമ്മയും മററും ധരിച്ചിട്ടുള്ളു. ഇപ്പഴത്തെ പരിഷ്കാരത്തിന് എന്തൊക്കെയാ വേണ്ടതു് ......''?

കുടുംബത്തിൻെറ ആഭിജാത്യത്തേയും പ്രതാപത്തേയും പററി ചിന്തിക്കുകയും പറയുകയും ചെയ്തപ്പോൾ ഭാരതിഅമ്മ എന്തെന്നില്ലാതെ പുളകമണിഞ്ഞു. അതിൽ രോമാഞ്ചമണിയുവാൻ കഴിയാതെ പോയ നളിനിയെക്കുറിച്ചു ദുഃഖിക്കുകയും ചെയ്തു

വീണ്ടും വേലുമ്മാവനെക്കുറിച്ചായി ചിന്ത. നളിനി പറഞ്ഞു:— "അമ്മാവൻ അവിടത്തന്നെ പാർത്തോട്ടെ. നമ്മളെന്തിനാ അതിന് ഖേദിക്കുന്നതു്''?

"അപ്പോ ഈ കുടുംബവും ഈ ഭരദേവതേം കാവും എല്ലാം ആരു നോക്കാനാ ....''?

"നമ്മളു തന്നെ നോക്കും.''

"ഒരാൺതരി ഇല്ലങ്കിൽ ഒന്നും പററത്തില്ല. നാരി നടിച്ചടം മുടിഞ്ഞു പോയിട്ടുള്ളു ..'' ഭാരതിഅമ്മയ്ക്കു് അങ്ങിനെ നാരിമാർ മാത്രം കുടുംബം ഭരിച്ച നിരവധി കഥകളറിയാം. അതെല്ലാം, യാതൊരു ഗത്യന്തരവും കാണാതെ നശിക്കേണ്ടിവന്ന കുടുംബങ്ങളുടെ കഥകളാണു്. അങ്ങിനെയുള്ള ചില കഥകളും വിവരിച്ചുകൊണ്ടു ഭാരതിഅമ്മ മകളോടു പറഞ്ഞു.

"നമ്മടെ കുടുംബത്തിൽ സന്തതി പെരുകിവന്ന

താ......പക്ഷെ എന്തോ ദൈവകോപംകൊണ്ടു് ആൺ ഭാരി ഇല്ലാതായി. നിന്റെ മൂത്തതോ എളേതോ ആയിട്ടൊന്നൊണ്ടായിരുന്നെങ്കിലോ......"?

അതു നേരാണെന്നു നളിനിക്കും തോന്നി. ഒരു ആങ്ങള ഉണ്ടാകേണ്ടതായിരുന്നു. മൂത്തതായിരുന്നെങ്കിൽ കുടുംബം സംരക്ഷിച്ചുകൊള്ളുമായിരുന്നു. ഈ അമ്മാവന്റെ ശകാരവും മുഖഭാവവും ഒന്നും കാണേണ്ടായിരുന്നു. ഇളയതായിരുന്നെങ്കിൽ എടുത്തുകൊണ്ടു നടക്കുകയോ കളിപ്പിക്കുകയോ ചെയ്യാമായിരുന്നു. പക്ഷേ.....?

"എന്നാൽ എല്ലാം ദൈവദോഷംതന്നെയാ......" ഭാരതിഅമ്മ തുടന്നു. "ഞാൻ ആലോചിക്കുവായിരുന്നു. നിനക്കെങ്കിലും ഒരുത്തൻ വന്നിരുന്നെങ്കിൽ"!

"വന്നിട്ടമ്മയ്ക്കെന്തുവേണം"?

"എനിക്കൊരാശ്വാസമാകും? ഭയപ്പെടാതെ കഴിഞ്ഞുകൂടാമല്ലോ ....."

"കൊള്ളാം..." നളിനി ഊറിച്ചിരിച്ചുകൊണ്ടു പറഞ്ഞു. "അമ്മ വിചാരിക്കുന്നപോലെ ഒരാളല്ല വരുന്നതെങ്കിലോ......"?

ഭാരതിഅമ്മയ്ക്കു് ആ ചോദ്യത്തിനു ഉത്തരം കാണാൻ അല്പം ശ്രമപ്പെടേണ്ടിവന്നു. എന്നാലും അവർ പറഞ്ഞു. "അങ്ങനൊന്നും വരത്തില്ലടീ......."

ഇത്രയും പറഞ്ഞുകൊണ്ടു ഭാരതിഅമ്മ മകളുടെ അടുത്തുചെന്നു് അവളുടെ ചുരുണ്ടു നീണ്ട മുടിക്കെട്ടു് അഴിച്ചിട്ടു വിണ്ടും കെട്ടി. എന്നിട്ടു പറഞ്ഞു—" ഈ വീട്ടിലെ പെണ്ണുങ്ങൾക്കെല്ലാം ഇത്ര നല്ല തലമുടി ഉണ്ടാ

യിട്ടില്ല. നോക്ക് നല്ല നീളം. നീലനിറവും........"

"ഹോ അമ്മ കണ്ണുവച്ചല്ലോ" നളിനി ചൊടിച്ചു. ഭാരതിഅമ്മ അതിൽ സ്നേഹപൂർവ്വം ഒന്നു ചുംബിക്കുകയും ചെയ്തു.

"നിൻെറ ജനനം സീതാലക്ഷ്മിയുടെ ജനനസമയത്താ........"!

നളിനി പൊട്ടിച്ചിരിച്ചു. എന്നിട്ടു ചോദിച്ചു.

"ഏതാ അമ്മേ ഈ സീതാലക്ഷ്മി..."?

"അതു രാമായണത്തിലെ സീതാദേവിയേക്കേട്ടിട്ടില്ലേ. ശ്രീരാമഭഗവാൻെറ ഭാരി... "

"ങാ. കേട്ടിട്ടുണ്ട്. അവരെന്നാ ജനിച്ചതു് ...."? നളിനി കുടുകുടാ ചിരിച്ചു.

"നീ എന്നെ കളിയാക്കാതെടീ. നിനക്ക് ശുക്രദശയാ ഇപ്പോൾ. നല്ല കാലമാ. മംഗല്യഭാഗ്യം ഉണ്ടാകും........"

നളിനി വീണ്ടും ചിരിച്ചു.

അപ്പോൾ സമയം സായാഹ്നമായിരുന്നു. സൂര്യൻ പശ്ചിമഭാഗത്തേക്ക് ചാഞ്ഞു് വീഴാൻ തുടങ്ങി. ആകാശം അരുണിമപ്രാപിച്ചിരുന്നു.

നളിനി കുടുകുടാ ചിരിക്കുകയാണു്. കോവിലകത്തു തെക്കേത്തിണ്ണയിൽ നിവർത്തിയിട്ട ചിക്കപ്പായിൽ ഇരുന്നുകൊണ്ടു് ഭാരതിഅമ്മയെ കളിയാക്കാൻ വിരുതുംകാട്ടി കുടുകുടാ ചിരിയും ചിരിച്ചിരുന്ന നളിനിയുടെ കപോലങ്ങൾ ക്രമത്തിലധികം തുടുത്തു. അവളുടെ ചിരി അവസാനിച്ചു. ആ മുഖമാകെ കാളിമപരന്നു.

തെക്കേപ്പുറത്തു ഉയന്നുനില്ക്കുന്ന മാളികമുറിയുടെ കണ്ണാടി ജനാലകഠം തുറക്കുന്ന ശബ്ദം ഒരു ശോകസംഗീതംപോലെ പ്രതിധ്വനിച്ചു. ആ മുറിയിൽനിന്നും ഒരു മൂളിപ്പാട്ടുയന്നു. അതിൻെറ അതിമധുരമായ നാദം ആ ചുററുപാടുകളിൽ വിലയംപ്രാപിച്ചു.

നളിനി തല ഉയത്തിനോക്കി. ചുണ്ടിൽ കത്തി എരിയുന്ന സിഗററും കണ്ണിൽ അനുരാഗശരവും പേറിക്കൊണ്ടു് മറക്കാൻ കഴിയാത്ത അതിമനോഹരമായ കരിങ്കൽ പ്രതിമപോലെ നില്ക്കുന്നു തോമസ്സ്. ആ അധരങ്ങളിൽ പററിപ്പിടിച്ചിരിക്കുന്ന പുഞ്ചിരി നളിനിയെ ഉന്മാദലഹരിയിൽ കൊണ്ടെത്തിച്ചു.

അവഠം തലതാഴ്ത്തി. അയാഠം പിന്നെയും പാടി. അതിമധുരമായ ഒരു ചലച്ചിത്രഗാനം ചുററും ഒഴുകിനുളകികൊണ്ടിരുന്നു.

## അദ്ധ്യായം രണ്ട്.

ഉറങ്ങാൻ ശ്രമിച്ചിട്ട സാധിക്കുന്നില്ല. മുറിയിലങ്ങോട്ടുമിങ്ങോട്ടും നടന്നു. മനസ്സിൽ എന്തോ കിടന്ന് അസ്വാസ്ഥ്യം ഉണ്ടാക്കുന്നു. പറയാൻ കഴിയാത്തവണ്ണം അത്രകണ്ടു അൎത്ഥഗൎഭമായ ചില നിമിഷങ്ങൾ കടന്നു പോകുന്നു. ആയിരം സ്മരണകൾ ആൎത്തിരമ്പി മസ്തിഷ്ക്കത്തിൽ താണ്ഡവം നടത്തുന്നു.

ഒടുവിൽ അയാൾ കട്ടിലിൽ ഇരുന്നു. ചുററും കൊതുകുവല തൂങ്ങിക്കിടക്കുകയാണു്. മൂളിക്കൊണ്ടു പറക്കുന്ന ജീവികൾ ആ നനുനനുത്ത വലയിൽക്കുടുങ്ങിക്കിടന്നിരുന്നു.

അപ്പോൾ മണി പന്ത്രണ്ടുകഴിഞ്ഞു. രാത്രിയുടെ നിശ്ശബ്ദതയിൽ സുഖ ശയനം കൊള്ളുന്ന ചുററുപാടുകളിലേക്കും നോക്കിക്കൊണ്ടു്, വടക്കോട്ടുള്ള ജനാലയും തുറന്നിട്ടു നില്ക്കുകയാണു തോമസ്സ്.

അങ്ങ് ചക്രവാളത്തിന്റെ മുകളിൽ ചത്ത മനുഷ്യന്റെ കണ്ണുകൾപോലെ നക്ഷത്രജാലങ്ങൾ നില്ക്കുന്നു. ചക്രവാളപ്പുഴതിൽനിന്നും ആരംഭിക്കുന്ന ഇളംകാററു്

ഭൂമിയുടെ ഉപരിതലത്തിലേക്ക് കാൽതെററി കാൽതെററി അടിക്കുകയാണ്. തോമസ്സിൻെറ മുൻപിൽ തളർന്നുറങ്ങുന്ന ലോകത്തിൻെറ ബാഹ്യപ്രദേശങ്ങളിൽ നടക്കുന്ന ഈ ലീലകളൊന്നും അയാളുടെ ചിന്തകളെ സാന്ത്വനപ്പെടുത്താൻ കഴിയാതെ പരാജയപ്പെട്ടിരുന്നു. അയാൾ വലിച്ചു മുഴുവിപ്പിക്കാത്ത സിഗററു കുററികൾ ഉയർന്ന ആ മാളികമുറിയിൽ നിന്ന് കീഴ്പ്പോട്ടെറിഞ്ഞു. അങ്ങിനെ അയാൾ ഒരു പാക്കററു സിഗററേറാളം കത്തിച്ചു വലിച്ചു. അവയുടെ തീക്കുററികൾ കോവിലകത്തെ സർപ്പക്കാവിൻെറ കിഴക്കേ അററത്തു ഉയർന്നു പന്തലിച്ചുനില്ക്കുന്ന കണിക്കൊന്നയുടെ ചുവട്ടിൽക്കിടന്നെരിയുകയാണ്.

ജാലകപ്പഴുതിലൂടെ അടിച്ചുപോയ കുളിർകാററു പെട്ടന്ന് ആ പട്ടാളക്കാരൻെറ ഓർമ്മകളെ പിടിച്ചുലയ്ക്കാനെന്നവണ്ണം പന്തലിച്ചുനില്ക്കുന്ന ആ കണിക്കൊന്നയുടെ ശിഖരത്തലപ്പിൽ ചെന്നടിച്ചു പിന്മാറിയതിൻെറ മർമ്മരശബ്ദം പ്രതിധ്വനിപ്പിച്ചു അപ്പോൾ മാളികമുകളിലേക്ക് തലചായ്ച്ചുകിടക്കുന്ന ആ കൊന്നയുടെ കൊമ്പുകളെപ്പററി തോമസ്സിനു ഭൂതദയ തോന്നി. അവ, തൻെറ ഹൃദയത്തിൽ കുളിരലകൾ സൃഷ്ടിച്ച സംഭവങ്ങളുടെ ഒരു മാപ്പുസാക്ഷിയാണല്ലോ എന്നും തോമസ്സിനു തോന്നാതിരുന്നില്ല.

..............................................................................

"നളിനീ!"

............

ആ നാദം അയാളുടെ ചെവിയിൽ ചെന്നലച്ചു.

നാലുകെട്ടിനുള്ളിൽനിന്നും ഉയന്ന ആ വിളി കേട്ടുകൊണ്ടാണവൾ ഓടിപ്പോയതു്. അതേവരെ പരിഭ്രമിച്ചു് എന്തു ചെയ്യേണ്ടൂ എന്നു കരുതി ഭയചകിതയായി നിന്നിരുന്ന ആ നാണക്കാരിപ്പെണ്ണു് പാടിപ്പാടിക്കരയേണ്ട ഒരു കാവ്യശകലംപോലെ ഓടിപ്പോയി പിന്നീടവളെ കാണുമ്പോഴെല്ലാം അയാൾ ചിരിക്കാറുണ്ടു്. അവൾ നിലത്തുനോക്കി നടന്നുകളയാറുണ്ടു്.

മരുഭൂമിപോലെ വരണ്ടിരുന്ന തോമസ്സിൻെറ ജീവിതത്തിലേക്കു് അവൾ പൂഞ്ചോലപോലെ കടന്നുവന്നു.

അതൊരു സായാംസന്ധ്യയല്ലാണു്. മാനത്തു ചോരക്കട്ടകൾ തുപ്പിക്കൊണ്ടു് പകൽ അവസാനിക്കുവാൻ തുടങ്ങുകയായിരുന്നു കോവിലകത്തു സർപ്പക്കാവിലും മരക്കൊമ്പുകളിലും കിളികൾ ചേക്കേറി. പടിഞ്ഞാറുനിന്നും ഏതോ കടലിൻെറ മാറിൽത്തത്തി നാടിൻെറ ഉള്ളറകളിലേക്കു് കുളിർകാററടിച്ചുകയറിക്കൊണ്ടിരുന്നു.

ആസ്സാമിലെ വനഭൂമിയിൽ നിന്നും കയ്യിലിരുന്ന തോക്കും താഴവച്ചിട്ടു അതികൃതുകത്തോടുകൂടി നാട്ടിലേക്കു മടങ്ങിയെത്തിയ തോമസ്സ്, ഏകാന്തമായ ആ ചുററുപാടിലേക്കും നോക്കി ഉയന്ന ആ മാളികപ്പുറത്തു നില്ക്കുമ്പോൾ അയാളുടെ ദൃഷ്ടി താഴ പതിഞ്ഞുനില്ക്കുന്ന കോവിലകത്തു ഭരദേവതയുടെ അമ്പലത്തിലേക്കും അതിനരുകിൽ നില്ക്കുന്ന കല്ലറകളിലേക്കും ചെന്നെത്തി. അവയുടെ ചുവരുകളിൽ പച്ചപ്പായലും ചെളിയും പിടിച്ചുകിടക്കുന്നു. അവിടേക്കുതന്നെ അങ്ങിനെ നോക്കിനില്ക്കുമ്പോഴാണു് അവൾ പ്രത്യക്ഷപ്പെട്ടതു്. താമര ഇതളിൽ

നൃത്തം വയ്ക്കുന്ന ജലകണംകണക്കേ അവൾ ആ കണിക്കൊന്നയുടെ ചുവട്ടിൽ വന്നു. കയ്യിൽ ഒരു വെള്ളിത്തളികയും അതിൽപ്പറിച്ചിട്ട കുറെ ചെമ്പരത്തിപ്പൂക്കളുമായി അടിവച്ചടിവച്ചു ഭയചകിതയായ ഒരരയന്നത്തെപ്പോലവൾ കൽപ്പടകളിൽ കൈത്തിരികൾ കത്തിച്ചു. ഭക്തിപുരസ്സരം നമസ്കരിച്ചു. എന്നിട്ട് ചിക്കിയിട്ട തലമുടിക്കെട്ടുമായി ആ പെൺകൊടി ചാഞ്ഞുനില്ക്കുന്ന കൊന്നമരത്തിന്റെ ഒരു കൊമ്പിൽ ചാടിപ്പിടിക്കാൻ ശ്രമിച്ചു. പക്ഷേ അതവളുടെ കൈകളിൽത്തടഞ്ഞില്ല. അവളാ തളികയും പൂക്കളും നിലത്തുവച്ചു നീലസ്സാരിയുടെ ഒരു തുമ്പു ചുററിക്കുത്തി. ചുവന്ന ചോളി വലിച്ചിട്ടു മേൽപ്പോട്ടു നോക്കി ആ പൂങ്കുലകളെ ലക്ഷ്യമാക്കി ഒരു കുതി. അങ്ങിനെ അവൾ ചാടുന്നതെല്ലാം നോക്കിക്കൊണ്ടുനിന്നപ്പോൾ അതേവരെ ഉള്ളിൽ ലീനമായിക്കിടന്നിരുന്ന വിരസത അവസാനിച്ചു. അയാൾ ഉന്മേഷവാനായി നോക്കിനിന്നു. തോമസ് ജനാലകൾക്കിടയിൽക്കൂടി തുറിച്ചുനോക്കി നിർന്നിമേഷനായി നിന്നുപോയി. പെട്ടന്നു അവളുടെ അംഗചലനങ്ങളേയും, എഴുതിക്കറുപ്പിച്ച കണ്ണുകളേയും, കടഞ്ഞെടുത്ത കൈകാലുകളേയും നോക്കിക്കൊണ്ടങ്ങിനെ നിന്നെങ്കിലും ആ മരക്കൊമ്പുകളോടയാൾക്ക് അതിയായ ദേഷ്യം തോന്നി. അവൾ പിന്നെയും ചാടുകയാണ്

പൂത്തു പൂങ്കുലകൾ ചൂടിയിരിക്കുന്ന ആ കൊന്നമരത്തിന്റെ കൊമ്പുകൾക്ക് സൗന്ദര്യാവബോധമില്ലേ? എന്തുകൊണ്ടവ ആ മനോഹരിക്കു തലതാഴ്ത്തിക്കൊടുക്കു

ന്നില്ല?

അയാളാ ഊക്കൻമരത്തെ പരിശോധിച്ചു. അതു് വളൎന്നു ഉയരുകയാണു്. നിറച്ചു മഞ്ഞപ്പൂക്കളും ചെറിയ ഇലകളും ചൂടി അഹങ്കാരത്തോടുകൂടി വളരുന്നു. അതിന്റെ ഉയൎന്ന കൊമ്പുകളിൽച്ചിലവ തോമസ്സിന്റെ മാളികമുകളിലേക്കു് ചായ്ഞ്ഞുകിടക്കുന്നുണ്ടു്. ഇളംകാററിലും, കൊടുംകാററിലുമെല്ലാം ആ മരം പൂക്കൾ ചൊരിഞ്ഞുകൊണ്ടിരിക്കും. ജനാലയ്ക്കടുത്തു നിന്നു കൈനീട്ടിയാൽ പിടിക്കത്തക്ക ദൂരത്തിലും കൊമ്പുകൾ വളൎന്നുനില്ക്കുന്നുണ്ടു്.

അയാൾ കീഴ്പ്പോട്ടു നോക്കി. അവൾ ചാടുകയാണു്. എന്നിട്ടും കിട്ടുന്നില്ല. നെററിത്തടത്തിലേക്കു് ഊൎന്നിറങ്ങിയ ചുരുണ്ട പുരികുഴൽ മൈലാഞ്ചി തേച്ച കൈവിരലുകൾകൊണ്ടു് കോതിവച്ചു. മേൽപ്പോട്ടൊരു ചാട്ടംകൂടി. കൊന്നപ്പൂക്കൾ കൈകളിൽത്തട്ടി. പക്ഷേ, കിട്ടിയില്ല.

അപ്പോൾ തോമസ്സിനൊരു യുക്തി തോന്നി! അവൾ ചാടിച്ചാടി വിഷമിച്ചു. നെററിയിൽ തങ്ങിനിന്നിരുന്ന സ്വേദകണങ്ങൾ സാരിത്തുമ്പുകൊണ്ടു് തുടച്ചു: പിന്നെയും ചാടി. ആ ചാട്ടം അവളെ ഉയൎത്തുന്നതിനു മുൻപു നിറച്ചു മഞ്ഞപ്പൂക്കൾ ചൂടിയ ഒരു പൂങ്കുല അവളുടെ കവിളുകളിലും അധരങ്ങളിലും ചുംബിച്ചുചുംബിച്ചു് മാറത്തുകൂടി പാദങ്ങളിൽ വന്നു വീണു. അവൾ അത്ഭുതപ്പെട്ടു! തന്റെ ലക്ഷ്യസ്ഥാനത്തു നിന്നിരുന്ന പൂങ്കുല അവിടത്തന്നെ നില്ക്കുന്നു. പിന്നിതെങ്ങിനെ വന്നു?

അവൾ ചുററും നോക്കി. ആരുമില്ല. നിശ്ശബ്ദമായിരിക്കുന്നു.

അങ്ങിനെ പരിഭ്രമിച്ചുനില്ക്കുമ്പോൾ ഒരു പൂങ്കുല കൂടി വന്നു വീണു അവൾ തല ഉയർത്തി നോക്കി. ചുണ്ടിൽ എരിയുന്ന സിഗററും കണ്ണിൽ കാപട്യവും പേറിക്കൊണ്ടുനില്ക്കുന്ന സുമുഖനായ ഒരു യുവാവ്. വെട്ടിച്ചുരുക്കിയ മീശ. ചുരുണ്ട തലമുടി. ഷേവു ചെയ്ത മുഖം. ആകപ്പാടെ ഒരു അനുഭൂതി ഉളവാക്കുന്ന ദേഹപ്രകൃതം. അയാൾ മന്ദഹാസത്തോടുകൂടി നില്ക്കുകയാണ്.

അവൾ ലജ്ജിച്ചുപോയി. കുനിഞ്ഞു തളികയും പൂക്കളും പെറുക്കിക്കൊണ്ടോടി. ഭയചകിതയായ ഒരു പേടമാനേപ്പോലെ. അപ്പോഴാണൊരു വിളിയുടെ നാദമുയന്നതു്..

"നളിനീ . ."

". . . . . . . ."

"നളിനീ. . . . ."

". . . . . . . . . . . ."

ആരോ അവളെ വിളിച്ചതും അവൾ ഓടിക്കിതച്ചു പോഞ്ഞതും ഒന്നിച്ചായിരുന്നു. അതും നോക്കിക്കൊണ്ടങ്ങിനെ നില്ക്കാനേ തോമസ്സിനു കഴിഞ്ഞുള്ളു.

അങ്ങിനെയാണ് നളിനിയെ തോമസ്സ് കാണുന്നതു്. പട്ടാളത്തിൽ പോയി വരണ്ട ജീവിതം നയിച്ചുപോന്ന ആ പട്ടാളക്കാരന് ആ നാട്ടിൻപുറവും കുന്നുകളും, കുളിരലകൾ ചൂടി ഒഴുകുന്ന അരുവിയും, നോക്കുമ്പോൾ വിരണ്ടോടുന്ന പെൺകൊടികളും നിറഞ്ഞ, ആ ചുററുപാടുകൾ നന്നേ പിടിച്ചു.

# 2

അതെല്ലാം കുറേ ദിവസങ്ങൾക്കു മുൻപായിരുന്നു. എന്നാലും നളിനിയുടെ മുഖം മനസ്സിൽനിന്നും മാറുന്നില്ല. ആ സരളാംഗിയുടെ പൂമേനിയും അരുണാഭമായ കപോലങ്ങളും നീണ്ടു ചുരുണ്ട തലമുടിയും മനസ്സിൽ നൃത്തം വയ്ക്കുകയാണ്. വെഞ്ചാമര വിരിച്ച ശയ്യാതലത്തിൽ അവളോടൊപ്പം കഥകളുംപറഞ്ഞിരുന്നാലുണ്ടാകാവുന്ന ഒരു സംതൃപ്തി മനസ്സിനുണ്ടാകുകയാണ്. അതെല്ലാം സ്മൃതിപഥത്തിൽ അവൾ വന്നു നില്ക്കുമ്പോഴുണ്ടാകുന്ന തോന്നലുകളാകാം എന്നയാൾ സമാധാനിച്ചു.

അതിനുശേഷം എല്ലാ ദിവസവും ആ ജനാലയുടെ അരുകിൽ ചെന്നു നിന്നു നോക്കാറുണ്ട്. ചുവരുകൾ പൊടിഞ്ഞും, പായൽ പിടിച്ചും പഴക്കം തോന്നിക്കുന്ന കോവിലകത്തു കെട്ടിടത്തിലേക്ക് നോക്കിനില്ക്കുമ്പോൾ നളിനി നിഴൽപോലെ മാറുന്നതു കാണാം. ഭാരതിഅമ്മയേയും കണ്ടിട്ടുണ്ട്. തല അല്പാല്പം നരച്ച്, മുഖത്തു ചൊറിച്ചിലുകൾ വീണ ആ മദ്ധ്യവയസ്കയുടെ നയനങ്ങൾ എപ്പോഴും ഭയചകിതമായിരിക്കും. ഏതോ അജ്ഞാതമായ അതൃപ്തിയുടെ കൊടുംകാററ് ആ കെട്ടിടമാകെ ചുററിഅടിക്കുന്നതുപോലെ ഉണ്ട്. എന്നാലും നളിനിയിൽ അതൊന്നും കണ്ടിരുന്നില്ല. അവൾ ഉല്ലാസവതിയായി, ചവുട്ടിക്കുതിച്ചു് പശുക്കിടാവിനേപ്പോലെ ചലിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം അവൾ ആ ജനാ

ലയുടെ തുറന്നിട്ട പാളികളിലേക്കു ദൃഷ്ടി പതിപ്പിക്കാറുണ്ടായിരുന്നു. അങ്ങിനെ ദിവസങ്ങൾ കഴിഞ്ഞുവന്നപ്പോൾ അങ്ങോട്ടു നോക്കിയില്ലെങ്കിൽ ഒരസംതൃപ്തി ഉണ്ടാകുന്നതുപോലെ അവൾക്കും അനുഭവപ്പെട്ടുതുടങ്ങി.

പിന്നെയും അവൾ ആ കണിക്കൊന്നയുടെ ചുവട്ടിൽ വന്നു. ലജ്ജനടിച്ചു നിന്നു. കൈ എത്തിപ്പറിക്കാൻ പററിയ പൂങ്കുലകൾ തിരഞ്ഞു. അപ്പോഴും ആ പട്ടാളക്കാരൻ ജനാല തുറന്നിട്ടു സിഗററും വലിച്ചുകൊണ്ടു നില്ക്കുകയാണ്. അവൾ എന്തു ചെയ്യേണ്ടു എന്നു സന്ദേഹിച്ചു. അവളുടെ നില്പുകണ്ടയാൾ ചോദിച്ചു:—

"എന്താ! പൂങ്കുല വേണ്ടേ"?

അവൾ മിണ്ടിയില്ല എങ്കിലും മുകളിലേക്കൊന്നു നോക്കി. കീഴ്പ്പോട്ടു കുനിഞ്ഞുനിന്നു പുഞ്ചിരിച്ചുപോയി. വീണ്ടും അയാൾ ചോദിച്ചു.

"ചാടിപ്പറിക്കുന്നില്ലേ"?

അവളെന്നിട്ടും മിണ്ടിയില്ല. ചുമ്മാതങ്ങിനെ നിന്നു. അല്പം കഴിഞ്ഞപ്പോൾ അയാൾ കൈ എത്തിപ്പറിച്ചെടുത്ത കുറെ പൂങ്കുലകൾ നിലത്തേയ്ക്കെറിഞ്ഞു. അതവളുടെ മാറിലും തലയിലുമായി വന്നുവീണു. അവൾ അതെല്ലാം പെറുക്കി എടുത്തു.

"മതിയോ"? അയാൾ ചോദിച്ചു.

മതിയെന്നും മതിയായില്ലെന്നും അവൾ പറഞ്ഞില്ല. അവൾ മേല്പോട്ടു നോക്കി. കൃതജ്ഞതയും സ്നേഹവും നിറഞ്ഞ നോട്ടം. അവൾ ഓടിപ്പോയി.

അന്നാണ് നളിനിയെ വേലുമ്മാവൻ തല്ലിയത്. അതിനുശേഷം കുറേദിവസത്തേക്ക് തോമസ്സിന് അവളെക്കാണാൻ കഴിഞ്ഞില്ല.

എന്നാലും അവൾ അയാളെക്കാണുന്നുണ്ടായിരുന്നു. ലോകമാകെ നിലാവു പരന്നൊഴുകുമ്പോൾ ആകാശത്തിൻെറ കൈക്കുമ്പിളിൽ തങ്ങിനില്ക്കുന്ന അമ്പിളിക്കലപോലെ ആ സുമുഖനായ യുവാവു നളിനിയുടെ ഉള്ളിൽ കടന്നുകൂടിയിരുന്നു. ജീവിതത്തിൽ ആദ്യമായി തൻെറ ഉള്ളിലേക്ക് മന്മഥകഥ മൊഴിഞ്ഞുകൊണ്ട് കാമബാണം തൊടുത്തുവിട്ട ആ ദേവനോടു നളിനിയ്ക്ക് അത്യധികമായ സ്നേഹംതോന്നി. ഉള്ളിൽ കുളിർ പുംബനവും ഓർമ്മകളിൽ തലോടലും നല്കിക്കൊണ്ടു ആ പൂവമ്പൻ എന്നെന്നും തൻെറതായി തീർന്നിരുന്നെങ്കിൽ! എന്നും നളിനി വിചാരിച്ചു

പെട്ടന്ന് അവൾ ഞെട്ടി. എന്തന്നറിഞ്ഞുകൂടാ. ഉല്കടമായ ഒരു ഭയം അവളെ പുണർന്നു. സാവധാനം അതിരഹസ്യമായി അവൾ ഉള്ളിൽ മന്ത്രിച്ചു.

"ഞാൻ ആരാണ് ........"?

അതിന് വളരെ ലാഘവബുദ്ധിയോടുകൂടി അവൾ തന്നെ ഉത്തരം കണ്ടുപിടിച്ചു.

"ഒരു മനുഷ്യസ്ത്രീ. വികാരവും വേദനയും ഉള്ള ഒരു ഹൃദയത്തിൻെറ ഉടമ ....."

അങ്ങിനെ അവൾ ഓരോന്നാലോചിച്ചുകൊണ്ടു കിടക്കുമ്പോഴാണ് ഭാരതിഅമ്മ കരഞ്ഞും മുഖത്തും ചുട്ടിപിടിച്ചത്.

അവർ പറഞ്ഞു:— "എൻെറ മോൾക്ക് നല്ല ഒരു

സമ്മന്തം വരും. അന്നു മോളെ അവൻ ഇവിടെ ഒരു വലിയ വീടുവച്ചു താമസിപ്പിക്കും.”

മകളെ ഒരാറം വിവാഹം കഴിക്കുക. പഴയ വീട്ടിൽ പുതിയ ഒരു വീടു വരുക. ആധുനികമായ എല്ലാം സജ്ജീകരണങ്ങളും ഉണ്ടാക്കുക. ക്ഷേത്രപ്പറമ്പിൽ പുതിയ ഒരു കല്ലറ ഉണ്ടാക്കി അതിൽ തന്റെ മൃതദേഹം അടക്കാമെന്ന് മകളുടെ മകൻ ഏററുപറയുക. ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്തിട്ടു മരിക്കുന്നതിനാണ് ഭാരതിഅമ്മയ്ക്കിഷ്ടം. പക്ഷേ അതെല്ലാം സാധിക്കുമോ? ഭരദേവതയുടേയും കാരണവന്മാരുടേയും നേരുകൊണ്ടെല്ലാം ഭംഗിയായി സാധിക്കുമെന്൯തന്നെ ഭാരതിഅമ്മയും വിശ്വസിച്ചുപോന്നു. അതിന് ആധാരമായ ഒരേ ഒരു ആഗ്രഹം സാധിക്കണം. ആ ആശയും വച്ചുകൊണ്ടു ഭാരതി അമ്മ മകളോടു പറഞ്ഞു:—

“നീ കോവിലകത്തെപ്പെണ്ണാണ്. കുടുംബത്തിപ്പിറന്നവളാ. മംഗല്യഭാഗ്യം ഉള്ളവളാ.”

എന്നിട്ടു ഭാരതിഅമ്മ വെററിലച്ചെല്ലം നീക്കിവച്ചുകൊണ്ടു പറഞ്ഞു

“നമ്മളു പഴയ കുടുംബക്കാരാ . . . ”

നളിനി കേട്ടുകൊണ്ടിരുന്നു. കുടുംബത്തിന്റെ പഴക്കത്തേയും പ്രതാപത്തേയുംപററി സ്വീകരിക്കത്തക്ക നിരവധി കഥകളുണ്ടു്. അതെല്ലാം സന്ദർഭാനുസരണം ഭാരതിഅമ്മ ആളുകളോടു പറയാറുണ്ടു്. അവർ തുടന്നു:—

“നമ്മടെ കുടുംബത്തിന് ഒത്തിരിപ്പഴക്കമുണ്ടു്. ദേ

SEN GUPTA Date.......... PUTHIYASA..

ആ ഇരിക്കുന്നവരുടെ നേരുകൊണ്ടാ കുടുംബം നിലക്കുനിന്നതു്.”

ഭരദേവതയുടെ അമ്പലച്ചുററിലേക്കു നോക്കിക്കൊണ്ടു് ഭാരതിഅമ്മ പറഞ്ഞു:—

“അതു് വടക്കു വടക്കൊള്ള ഒരു ദേവി ആയിരുന്നു. നല്ല സുന്ദരിയാ. യക്ഷിയെപ്പോലെ. എന്നും ദേവി സന്ധ്യയ്ക്കു് വടക്കുന്നെറങ്ങും. ആററിൽ പോയി തുടിച്ചുകുളിയ്ക്കും. എന്നിട്ടു തെക്കോട്ടു പോരും. ദേവിയുടെ ചേട്ടത്തി താമസിക്കുന്നതു് തെക്കാണു്. തെക്കെന്നുവച്ചാൽ വളരെ തെക്കു്. സ്ഥലം ആക്കും അറിഞ്ഞുകൂടാ.....”

ഭാരതിഅമ്മ വെററില എടുത്തു ചുണ്ണാമ്പുതേച്ചു. എന്നിട്ടാരംഭിച്ചു ....!

“ഒരു വെള്ളിയാഴ്ചയോ ചൊവ്വാഴ്ചയോ ആണു്. ദേവി സന്ധ്യയ്ക്കു് വീട്ടിൽനിന്നിറങ്ങി കുളിയും ജപവും കഴിച്ചു തലയിൽ പൂചൂടി നല്ല വസ്ത്രങ്ങളും ധരിച്ചു. നല്ല മണവും പരത്തിക്കൊണ്ടു് തെക്കോട്ടു യാത്രയുമായി. ദേവിയുടെ മടിയിൽ കുറെ മസൂരിവിത്തും ഉണ്ടായിരുന്നു. പോകുന്നവഴിക്കളും വിതരണം ചെയ്തു. അങ്ങിനെ അങ്ങു തെക്കോട്ടു പോയി. പിറേറന്നു മുതൽ മസൂരി പടർന്നുപിടിച്ചു. മരണവും ആരംഭിച്ചു. അന്നു രാജ്യം ഭരിച്ചിരുന്നതു് ഒരു ഉണ്ണിത്തമ്പുരാനായിരുന്നു. തമ്പുരാൻ വെഷമിച്ചു കരഞ്ഞു കരഞ്ഞു കിടപ്പുമായി. പ്രജകളെല്ലാം മരിച്ചു മരിച്ചു വീഴുന്നു. ഒടുവിൽ എന്തു ചെയ്യേണ്ടുന്നാ ? തമ്പുരാൻ അയൽനാട്ടീന്നു മന്ത്രവാ

ദികളെ വരുത്തി. പ്രശ്നംവച്ചപ്പോൾ ദേവി ചെയ്തതാണെന്നു പറഞ്ഞു. അതിനവർ പ്രതിവിധിയും പറഞ്ഞു. അതു കേട്ടപ്പോൾതന്നെ തമ്പുരാൻ ബോധംകെട്ടു വീണു ....."

"അതെന്തിനാ തമ്പുരാൻ വീണതു്"? നളിനി ചോദിച്ചു.

ഭാരതിഅമ്മ കഥ ആരംഭിച്ചു.

"അതോ. അതു കേട്ടാൽ ആരാ ബോധംകെടാത്തതു്. നമ്മളാണെങ്കിൽ വീഴുമല്ലോ. തമ്പുരാൻെറ കൈ വെട്ടി ഗുരുതി നടത്തണമെന്നാ പ്രശ്നത്തിൽ കണ്ടതു്. എല്ലാവരും കരഞ്ഞുപോയി. അപ്പോഴാ നമ്മുടെ മൂത്തമ്മാവൻ മെതിയടിപ്പുറത്തു വടപടാന്നുംപറഞ്ഞു ചെന്നതു്. രക്ഷിക്കണേ 'മാധവാ' എന്നും പറഞ്ഞു തമ്പുരാൻ വായു് പൊട്ടി ഒരു കരച്ചിലു്. മൂത്തമ്മാവൻ പ്രശ്നം വച്ചു. എന്നിട്ടു നിസ്സാരമായി പറഞ്ഞു. "അടിയനേററു തമ്പുരാനെ" എല്ലാവക്കും സന്തോഷമായി. അമ്മാവൻ കാത്തിരുന്നു. ദേവി തിരിച്ചുവരുന്നതും നോക്കി ഇരുന്നു. പക്ഷേ ദേവി വന്നില്ല. അവരു് ചേട്ടത്തിയുടെ വീട്ടിൽ ചെന്നു് പുറത്തുമാറി. നാലാംകുളിയും കഴിഞ്ഞു് അഞ്ചുംകുളിയും കഴിഞ്ഞു് ദേവി തെക്കുന്നു വടക്കോട്ടു വരുകയായിരുന്നു. വീട്ടു പടിക്കൽ ഒരു പനയുണ്ടു്. അവിടെ നിന്നുകൊണ്ടമ്മാവൻ മന്ത്രവടി ജപിച്ചു. എന്നിട്ടു വിളിച്ചു 'എടീ.....'

ദേവി നോക്കിനിന്നു. കണ്ണിൽത്തന്നെ നോക്കിക്കൊണ്ടു് അമ്മാവൻ വിളിച്ചു.

'വാടി ഇവിടെ.'

ദേവി തിരിഞ്ഞോടി. അമ്മാവൻ മന്ത്രംചൊല്ലി. ദേവി കരഞ്ഞുകൊണ്ടു് വന്നു. അമ്മാവൻ അവരുടെ കൈയ്യും കടന്നുപിടിച്ചിട്ടു പറഞ്ഞു.

'നീ ഇനി പോകണ്ട.'

ആ ദേവി കരഞ്ഞു. വടക്കോട്ടു പോകണമെന്നു നിർബ്ബന്ധിച്ചു. അമ്മാവൻ പറഞ്ഞു. "മസൂരി തീർന്നിട്ടു പോകാം. അതുവരെ ഞാൻ സൂക്ഷിച്ചോളാം." ദേവി എന്നിട്ടും കരഞ്ഞു. കള്ളക്കരച്ചിൽ.

അമ്മാവൻ ആ ദേവിയെ ബലാല്ക്കാരമായി പിടിച്ചുകൊണ്ടുവന്നു. എന്നിട്ടു അമ്മൂമ്മയോടു പറഞ്ഞു. "ഇവളെ ഞാനിവിടെ താമസിപ്പിക്കാൻപോകുവാ....."

അമ്മൂമ്മ, കിഴക്കുനിന്നും കരഞ്ഞ കണ്ണും, തുടുത്ത കവിളുകളുമായി വന്ന ആ സ്ത്രീയെ സൂക്ഷിച്ചുനോക്കി. അപ്പോഴേക്കും അമ്മാവൻ ആ ദേവിയെ തെക്കുപുറത്തു പ്രതിഷ്ഠിച്ചുകഴിഞ്ഞു. അതിനുശേഷമാ നമ്മുടെ കുടുംബത്തിനു സത്തുണ്ടായതു്. ആ ദേവി കുറേക്കഴിയുമ്പോഴിറങ്ങിപ്പോകും. അന്നാശൈര്യവും തീരും.

ഭാരതിഅമ്മ വളരെ തിടുക്കത്തിലാണാക്കഥ പറഞ്ഞുകേൾപ്പിച്ചതു്. അതിൻെറ ഗൗരവവും ഗഹനതയും മനസ്സിലാകാതെ നളിനി പൊട്ടിച്ചിരിച്ചു. ഭാരതിഅമ്മയ്ക്കു് അരിശംവന്നു. ആ കെട്ടുകഥയുടെ പൊരുത്തക്കേടോർത്തു് നളിനി ചിരിച്ചതിൻെറ അലകൾ മാത്രം ആ നാലുകെട്ടിൽ പ്രതിദ്ധ്വനിച്ചു. ഭാരതിഅമ്മ എഴുന്നേററു പോയി. എന്നാലും കിഴക്കുനിന്നും ഒരു മാലാഖ

യേപ്പോലെ ചവുട്ടിക്കുതിച്ചുവന്ന ആ ദേവസ്ത്രീയുടെ അവ്യക്തമായ ഒരു രൂപം നളിനിയുടെ ഉള്ളിൽ തങ്ങിനിന്നിരുന്നു.

അപ്പോഴും തെക്കുവശത്തു ഉയർന്നുനില്ക്കുന്ന ആ മാളികമുറിയുടെ വടക്കേ ജനാലകൾ തുറന്നുതന്നെ കിടന്നിരുന്നു.

## 3

തുകൽപ്പെട്ടി തുറന്നു കിടന്നു. അതിനകത്തുള്ള ഫോട്ടോ ആൽബം തെറിച്ചു ദൂരപ്പോയി. അപ്പോഴാണ് കാർഡു സൈസിൽ ചിതറിക്കിടക്കുന്ന നഗ്നചിത്രങ്ങൾ വീണ്ടും കാണാൻ കഴിഞ്ഞതു്. നളിനിയെക്കുറിച്ചുള്ള ചിന്തകളുമായി ഒന്നാന്തരം ഒരു മലയാളം നോവലിൽ കണ്ണും ഓടിച്ചുകൊണ്ടു് കിടക്കുകയായിരുന്നു തോമസ്സ്. പെട്ടെന്നു പെട്ടി തുറന്നു ആൽബം എടുക്കണമെന്നുതോന്നി. അതെടുത്തപ്പോൾ പട്ടാളത്തിൽ ആറു വർഷം കഴിച്ചുകൂട്ടിയതിൻെറ സുഖകരമായ വിചാരങ്ങളും ഉണ്ടായി.

ആസ്സാമിൽ 'സാൻപൂ'നദിയുടെ തീരത്തു ചെമ്പിച്ച തലമുടിയും ഇളം നീല ഫ്രാക്കും ധരിച്ചു കടലപ്പുരിച്ചും വിററുനിന്ന സലോമിയെപ്പററിയും, ബോംബെയിൽ

ഉയൎന്ന മലബാർ ഹോട്ടലിലെ ഏഴാം നമ്പർ മുറിയിലെ കത്രീനായെപ്പററിയും ഓൎത്തുപോകുകയാണു്. അവരിരുവരുടേയും നഗ്നചിത്രങ്ങൾ തന്റെ മുറിയിൽ കമഴ്ന്നടിച്ചു കിടക്കുന്നു. ദുഃഖിതയായ സലോമി എവിടെയായിരിക്കും? വേശ്യയായ കത്രീനയെവിടെ?

ഇതിലെല്ലാം വിഷാദം പകരുന്നതു് സലോമിയാണു്. പിഞ്ചു പെണ്ണു്. തുടുത്ത കവിളിണകളും വെള്ളച്ചിരിയും ചിരിയ്ക്കുന്ന ആ സുന്ദരിയെക്കുറിച്ചു് എന്തെന്തു കഥകളാണു് ഓൎക്കാൻ കിടക്കുക?

വേനല്ക്കാലമായാൽ ബാരക്കിൽനിന്നും വൈകിട്ടു ഉലാത്താൻ ഇറങ്ങും. കൂടെ ജോസഫും, പീററരും, ശിവരാമൻനായരും എല്ലാം ഉണ്ടാവും. ഹിമാലയത്തിന്റെ സാനുതടത്തിൽനിന്നും ഒഴുകി ഉരുകിവരുന്ന മഞ്ഞുകട്ടകൾ കോരിയെടുത്തും, കാറേററും സാൻപൂനദിയുടെ തീരത്തു ലസിക്കുമ്പോൾ അങ്ങു് അകലെനിന്നും നീല ഫ്രാക്കും ചെമ്പിച്ച തലമുടിയും പൂച്ചക്കണ്ണുമുള്ള സലോമി നടന്നുവരുമായിരുന്നു. മിക്കവാറും എല്ലാ ദിവസവും അവളെക്കാണാറുണ്ടായിരുന്നു.

കമഴ്ന്നുകിടക്കുന്ന ആ കാർഡുസൈസ് നഗ്നചിത്രത്തെക്കുറിച്ചാണയാൾ ഓൎത്തതു്. ഫ്രാക്കും, അടിച്ചട്ടയും ഒന്നുമില്ലാതെ ആ നാണക്കാരിപ്പെണ്ണിനെ അങ്ങിനെ നിൎത്തി ഫോട്ടോ എടുത്ത ശിവരാമൻനായർ എവിടെയായിരിക്കും ഇപ്പോഴെന്നും തോമസ്സ് ആലോചിച്ചു. ഒരു ലക്കമില്ല. ഒന്നിച്ചുകൂടി. കുറേനാൾ ജീവിച്ചു. മതി. പിന്നെ പലരും പിരിഞ്ഞുപോയതുപോലെ

ശിവരാമൻനായരും പോയി. പോയത് ഇററലിയിലേക്കോ, ഇൻഡോനേഷ്യയിലേക്കോ ആയിരുന്നു. അവസാനം യാത്ര പറഞ്ഞു കപ്പലിൽക്കയറിയപ്പോൾ, സാൻപൃ നദിയുടെ തീരത്തു വിഷാദത്തിൻെറ പാട്ടുംപാടി അലഞ്ഞുനടക്കാറുള്ള സലോമിയെ ഏല്പിക്കുന്നതിനായി ശിവരാമൻനായർ നല്കിയ നഗ്നചിത്രമാണത്. അതു കാണുമ്പോൾ ഒരു ക്രിസ്തുമസ്സിനെപ്പററിയും ഓർക്കാതിരിക്കാൻ സാധിക്കുന്നില്ല

ആയിരത്തി തൊള്ളായിരത്തി നാല്പത്തിഅഞ്ചാം മാണ്ടു് ജനവരിമാസം ഒന്നാം തീയതി ശമ്പളവും വാങ്ങി നേരേപോയതു് ലിക്കർഷാപ്പിലേക്കാണു്. കൂടെ ശിവരാമൻനായരുമുണ്ടു് ഒരു കുപ്പി ഹാർവെഴ്സ് ബ്രാണ്ടിയും, നാലു കോഴിമുട്ടയും, പിന്നെ കുറെ മററിനവും ശിവരാമൻനായർ തന്നെ കഴിച്ചു അത്രയും തന്റെ ഉള്ളിൽ ചെല്ലാത്തതിൽ തോമസ്സിനു ദുഃഖവും ഉണ്ടായി. അയാളും അല്പം ഉള്ളിലാക്കി ബിൽത്തുക കൊടുത്തതു ശിവരാമൻനായരാണു് പോക്കററിൽനിന്നും സിഗററെറടുത്തു കത്തിച്ചുകൊണ്ടു് ലക്കില്ലാതെ തോമസ്സും ശിവരാമൻനായരും നടക്കുകയാണു്.

അപ്പോൾ ശിവരാമൻനായർ കരയുന്നുണ്ടായിരുന്നു. ക്രമത്തിലധികം കുടിച്ചുകഴിഞ്ഞാൽ അയാൾ കരയും. അങ്ങിനെ കരഞ്ഞാൽ മാത്രമേ അയാൾക്കു കുടിച്ചതിൻെറ സംതൃപ്തി ലഭിക്കൂ നടന്നുനടന്നെത്തിയതു് 'സാൻപൃ' നദീതീരത്താണു്.

നേരം സന്ധ്യയാകുന്നു. ആകാശം കനൽക്കട്ടപോ

ലായി. സാൻപൃ നദിയുടെ തീരത്തുനിന്നും ആളൊഴി ഞ്ഞു. ശിവരാമൻനായർ പറഞ്ഞു.

"എടാ തോമസ്സേ നീ ഇവിടെ വാ. ദേ. ആ വിളക്ക കണ്ടോടാ നീ ......"

തോമസ്സ് വിദൂരതയെ ലക്ഷ്യമാക്കി നിന്നു. ഒരു കൈത്തിരിയുമായി സലോമി കടലക്കച്ചവടം നടത്തിവ രികയാണ്. അവൾ ഹിന്ദിഭാഷയിൽ ചോദിച്ചു.

"സാഹേബ്! ഛിന്നാസേൻ....ഛിന്നാസേൻ.... ഖാനസേൻ."

"ഇധറ് ആ."

ശിവരാമൻനായരാണതു പറഞ്ഞത്. സലോമി അടുത്തുവന്നു. സൂക്ഷിച്ചുനോക്കി. പരിചിതരായ ആ രണ്ടു പട്ടാളക്കാരേയും നോക്കിച്ചിരിച്ചു. അപ്പോൾ കയ്യിലിരുന്ന ക്യാമറായിൽ ഫ്ളാഷ് ബൾബ് അമത്തി വയ്ക്കുകയായിരുന്നു ശിരാമൻനായർ. അയാൾ തോമ സ്സിനോടു പറഞ്ഞു.

"എനിക്കിവളെ പിടിച്ചു. ഞാനിവളെ ഷൂട്ടുചെ യ്യും. ബി. റഡി.....ഐ വാൺടു് എ നേക്കഡ്ഡ് ഷോട്ട്."

അയാൾ കാൽതെററി വീഴുമോ എന്നു ശങ്കിക്കേ ണ്ടിയിരുന്നു. സലോമി കൊഞ്ചിക്കുഴഞ്ഞു. അയാൾ അവളുടെ നീല ഫ്രോക്കിൽപ്പിടിച്ചുകൊണ്ടു പറഞ്ഞു.

"ഇതേസ പച്ചാസ് രുപയാ ദേതാഹും.....തേരാ ഫോട്ടോ ലേഗാ; ദേ...ദേ...ഫ്രാക് നഹീം ഹോഗാ... ഹ. ഹ. ഹ."

അവൾ ലജ്ജിച്ചു തലതാഴ്ത്തി. പരിഭ്രമത്തോടുകൂടി നോക്കി. അപ്പോൾ ശിവരാമൻനായർ അവളുടെ കൈകളിൽക്കടന്നുപിടിച്ചുകൊണ്ടു ചെവിയിൽ മന്ത്രിച്ചു

“തൂ സുന്ദരീഹൈ.....ഹ. ഹ. ഹ.....തേരാ നംഗാ ചിത്ര്കോ പച്ചാസ് രൂപയാ ദേ നാഹ്ഹം...ദേ ..നഹിം തോ മെയ് തുഝേ .....”

അയാൾ പോക്കററിൽനിന്നും റിവാൾവർ എടുത്തു. തോമസ്സാകട്ടെ ആ ചൊരിമണലിൽ കിടക്കുകയായിരുന്നു.

അവൾ മണ്ടിയില്ല. അയാൾ അവളെ ഒരു കരിങ്കൽ കുററിയിൽ ചാരി നിർത്തിക്കൊണ്ടു് ഫ്ളാഷ് ബൾബു ഉപയോഗിച്ചു ചിത്രം പിടിച്ചു. അൻപതു ഒററ രൂപാനോട്ടുകൾ സലോമിയുടെ ഫ്രാക്കിനിടയിലേക്കെറിഞ്ഞുകൊടുത്തിട്ട് അയാൾ അവിടെനിന്നും പൊയ്ക്കളഞ്ഞു. ഒരു മഞ്ഞച്ച ചിരിയോടുകൂടി സലോമി നടന്നുപോയി.

തിരിച്ചു ബാരക്കിൽ ചെന്നതു് ഇരുട്ടിയാണു്. പിറേറന്നു നേരം വെളുത്തപ്പോഴേക്കും ശിവരാമൻനായരേയും മററും കപ്പലിലേക്കു കയററുന്നതാണു് തോമസ്സു കണ്ടതു്.

ആ ചിത്രത്തിലേക്കു തോമസ്സ് ഒന്നുകൂടി നോക്കി. സലോമി കരയുകയാണോ? അല്ല. ചിരിക്കുകയാണോ? അതുമല്ല. പിന്നെ രണ്ടുംകെട്ട ഒരു മട്ട്. അവളെപ്പററി കൂടുതൽ അന്വേഷിക്കുവാൻ കഴിയാഞ്ഞതിൽ ഖേദവുമുണ്ടു്.

ആ പട്ടാളജീവിതം ഒരു മഹാ നോവൽപോലെ തോന്നിപ്പോകുന്നു.

*　　*　　*　　*

പിറേറന്നു പ്പകഴിഞ്ഞു. എണ്ണ കൈക്കുമ്പിളിൽ ഒഴുക്കി തലയിൽ തേച്ചു. കോംഗേററ് ട്യൂബിൽനിന്നും കുറെ പേസ്റ്റെടുത്തു. ബ്രഷ്ഷിൽ പുരട്ടി വായ്ക്കകത്തേക്കു തള്ളി. അലക്കിയ തോർത്തും എടുത്തുകൊണ്ടു തോമസ്സ് ആററിന്റെ അരുകിലേക്കു നീങ്ങി. അന്ന് കുളിക്കാനല്പം താമസിച്ചതുതന്നെ കൗതുകകരമായി അയാൾ കരുതി.

നളിനി നീന്തുകയാണ്. സ്ഫടികസമാനമായ ആ നദീജലത്തിൽ കല്ലോലമാലകൾ രചിച്ചുകൊണ്ടു വൾ നീന്തുകയാണ്. മേനകയെപ്പോലെ, കറുത്തിരുണ്ട മുടിക്കെട്ടവൾ ഉച്ചിയിൽ കെട്ടിനിർത്തിയിരുന്നു. വെളുത്തു മൃദുലമായ കപോലങ്ങളിൽ ജലകണങ്ങൾ അള്ളിപ്പിടിച്ചു നിന്നിരുന്നു. കവിളിണകളിൽക്കൂടി നനഞ്ഞു പതിഞ്ഞു കിടന്നിരുന്ന തലമുടിനാരുകൾ ഭാവനാസമ്പന്നനായ ഒരു കലാകാരന്റെ ധവളാഭമായ പ്രതിമയിൽ കാളിമയുടെ രേഖകൾ വീണതുപോലിരുന്നു.

അവൾ ഇരു കൈകളിലും വെള്ളംകോരി കവിളുകളിൽ നിറച്ചു. വെളിയിലേക്ക് പതച്ചു തുപ്പി. എന്നിട്ടു ആ ജലപ്പരപ്പിൽ മലർന്നുകിടന്നു നീന്തി. കൈകൾ തുഴഞ്ഞുകൊണ്ടു്. ആററിന്റെ ഇരു കരകളിലും കുററിക്കാടുകൾ നില്ക്കുന്നു. അവയുടെ അരുകുകളിലേക്ക് ചെറിയ ഓളപ്പാളികൾ ചെന്നലച്ചുകൊണ്ടിരുന്നു. അപ്പോൾ ആ ചലിക്കുന്ന ഓളങ്ങളേയും അവയിൽ തത്തിക്കളിക്കുന്ന

നളിനിയേയും ഒന്നായൊരുപക്ഷിവീക്ഷണം നടത്തിയ തോമസ്സിന് തണ്ടൊടിഞ്ഞ ഒരു ചെന്താമര കല്ലോലമാലകളിൽപ്പെട്ടു സാനന്ദമോദം നീങ്ങുന്നതുപോലെ തോന്നിയിട്ടുണ്ടെങ്കിൽ അത്ഭുതത്തിനു വഴിയില്ല. കാരണം! അവളുടെ അധരങ്ങളുടെ അരുണിമയും നയനങ്ങളുടെ രൂപമഹിമയും തികച്ചും പത്മസമാനമായിരുന്നു.

ആറുകടവിൽ ഉയർന്നുനില്ക്കുന്ന പാറക്കെട്ടുകളുടെ മുകളിൽ തോമസ്സ് ഇരുന്നു പല്ലുതേയ്ക്കുകയാണ്. ആ ജോലിയിൽനിന്നും അലൌകികമായ ഒരാനന്ദത്തിലേക്കയാൾ കുതിച്ചുകയറി. ഒന്നുമറിയാത്തമട്ടിൽ, സാധാരണ ഗതിയിൽ നീന്തിത്തുടിച്ചു കുളികഴിഞ്ഞവൾ തോർത്തി. കടവിൽ വന്നു കരയ്ക്കഴിച്ചുവച്ചിരുന്ന പുടകയും എടുത്തുകൊണ്ട് കയ്യാലയ്ക്കകത്തു കയറി മുണ്ടുമാറി.

അപ്പോൾ തോമസ്സ് ആറുകടവിലേക്കിറങ്ങിച്ചെന്നു. താനേകനാണോ പരിസരത്തെന്ന ഭാവമായിരുന്നു അയാൾക്ക്. പെട്ടെന്നു നളിനി കയ്യാലയ്ക്കുള്ളിൽ നിന്നും പുറത്തുവന്നു. അവളാകെ പരിഭ്രമിച്ച മട്ടായിരുന്നു. ബാഡി മാത്രമേ പുടവ കൂടാതവൾ ധരിച്ചിരുന്നുള്ളൂ.

മേഞ്ഞുകൊണ്ടു നില്ക്കുന്ന ഹരിണം തല ഉയർത്തി നോക്കുംപോലെ നോക്കിയിട്ടവൾ മുകളിലേക്കു കയറി. അവൾ ലജ്ജാവനമ്രമുഖിയായി നിന്നു. പാറപ്പുറത്തു പൊൻമൊട്ടു പോലിരുന്ന സോപ്പുപെട്ടിയുമായവൾ ഓടിപ്പോയി. നീണ്ട കരിമുടിയും, ഭയചകിതമായ മുഖഭാവവുമായി. പേടിച്ചു വിരണ്ട പേടമാനേപ്പോലെ

തണൽപററി ഓടുന്ന ആ സുന്ദരിയെത്തന്നെ തിരിഞ്ഞു വീക്ഷിച്ചുകൊണ്ടു് തോമസ്സാ ആററുകടവിൽനിന്നു.

അവളെ അനാഡ്യമായി അത്രടുത്തു കാണാൻ കഴിഞ്ഞതിൽ അയാറംക്കു സുഖകരമായ വിനോദമാണനുഭവപ്പെട്ടതു്.

അദ്ധ്നിമീലിതങ്ങളായ നയനങ്ങൾ. നനഞ്ഞ ബാഡിയുടെ ദുർബ്ബലങ്ങളായ ഇഴകളിൽ തങ്ങിനില്ക്കുന്ന വക്ഷോജങ്ങൾ. കടഞ്ഞെടുത്ത ഉടൽ. തളിരുപോലുള്ള കണങ്കാലുകൾ. പദംവച്ചു പദംവച്ചുകലുകയാണവൾ. വിഷാദാത്മകമായൊരു കവിതാശകലംപോലെ.

പെട്ടന്നവൾ കുതിച്ചോടി.

അങ്ങിനെ അവൾ മറഞ്ഞു. മേഘപാളികളെപ്പിളന്നു സഞ്ചരിക്കുന്ന വൈദ്യുത പ്രവാഹംപോലെ കുററിക്കാട്ടുകൾക്കിടയിലും നിമ്നോന്നതമായ പാതകളിലുംകൂടി അവൾ ചവുട്ടിക്കുതിച്ചോടിക്കളഞ്ഞു.

തോമസ്സിൻെറ ശ്രദ്ധ പാറമുകളിലേക്കു പതിഞ്ഞു. അയാൾ ഊറിച്ചിരിക്കാൻ ശ്രമിച്ചു.

ആ പാറയുടെ മുകളിൽ പൊട്ടിച്ചിരിച്ചുകൊണ്ടു് ഒരു സുവണ്ണ ഹാരം കിടക്കുന്നു. അതു ഭദ്രമായി, നനഞ്ഞ ഒരു വെള്ളത്തുണ്ടു പേപ്പറിൽ വച്ചിരിക്കുന്നു. അയാൾ അതെടുത്തു പരിശോധിച്ചു. എന്തു ചെയ്യണമെന്നാലോചിച്ചു. ഒടുവിൽ അയാൾ ആ സുവണ്ണ ഹാരം തൻെറ കഴുത്തിലേക്കണിഞ്ഞു. എന്നിട്ടു് ആററരുകിൽ ഒന്നുമറിഞ്ഞില്ലേയെന്ന മട്ടിൽ ഇരുന്നു.

മാലയുടെ ഒരററത്തു് വെള്ളയും ചുവപ്പും കലന്ന

കല്ലുകൾ പതിച്ച ഒരു പതക്കം കിടന്നിരുന്നതിൽ അയാൾ ചുംബിച്ചു. ഏതോ അജ്ഞാതനായ കൊത്തുപണിക്കാരന്റെ കൈവിരുതായിരിക്കാമത്തു്.

നിമിഷങ്ങൾ കടന്നുപോകുകയാണു്.

മേൽവിലാസം തെററിയ രജിസ്റ്റർ കത്തുപോലെ അവൾ പടംവച്ചുപടംവച്ചു തിരിച്ചുവന്നു. അവളുടെ മുഖമാകെ വികൃതമായി. അരുണാഭമായ കപോലങ്ങൾ കാളിമപൂണ്ടു. അവൾ കരയുന്ന മട്ടായി.

തോമസ്സിനു് പൊട്ടിച്ചിരിക്കണമെന്നു തോന്നിയതാണു്. നളിനിയുടെ ഭാവവും സംഭ്രമവും കണ്ടാൽ ചിരിക്കാനേ അയാൾക്കു കഴിയുകയുള്ളു. ഇതിനു മുൻപു് ഇത്ര ഭംഗിയായി ആനന്ദിച്ചു ചിരിക്കുവാൻ മറെറാരവസരം കിട്ടിയിട്ടുണ്ടോ എന്നയാൾക്കു നിശ്ചയമില്ല അയാൾ തിരിഞ്ഞു നോക്കിയപ്പോൾ അവൾ നാണം നടിച്ചുകൊണ്ടു് ചുററും തിരയുകയായിരുന്നു. കുറേനേരം വിഷണ്ണയായി നിന്നതിനുശേഷം അവൾ സ്വഗതമെന്നപോലെ പറഞ്ഞു.

"എന്റെ മാല കാണുന്നില്ല .."

ആ ശബ്ദം അതിന്റെ അലങ്കാരത്തോടുകൂടിത്തന്നെ പ്രതിധ്വനിച്ചു. പക്ഷേ അതു കേൾക്കുവാൻ കഴിഞ്ഞിരുന്ന തോമസ്സ് അതിനുത്തരമായൊന്നും പ്രതിവചിച്ചില്ല. അയാൾ അക്ഷോഭ്യനായി, ചിന്താഗ്രസ്തനെപ്പോലെ ഇളംകാററിൽത്തട്ടിച്ചലിക്കുന്ന ജലപ്പരപ്പിലേക്കു നോക്കി ഇരിക്കുകയാണു്.

വീണ്ടും ആ നാദം ഉയന്നു.

"എൻെറ മാല കാണുന്നില്ല. ഞാനിവിടെ വച്ചിരുന്നു."

തോമസ്സ് തിരിഞ്ഞുനിന്നു നാടകീയമായി പറഞ്ഞു. "കുളി കഴിഞ്ഞില്ലായിരിക്കും. ഞാൻ കയറിക്കൊള്ളാം. കുളിച്ചോളൂ ....."

അയാളുടെ മുഖത്തേക്കവൾ നോക്കിയില്ല. കടഞ്ഞെടുത്ത ശരീരവും പുഞ്ചിരിക്കുന്ന അധരങ്ങളും അങ്ങിനെ നോക്കി നില്ക്കാനവൾക്കു കഴിയുകയില്ല.

"ഞാൻ ഇവിടെ വച്ചിരുന്ന മാല കണ്ടില്ല."

നളിനി വീണ്ടും പറഞ്ഞു. അപ്പോൾ അയാൾ തിരക്കി. "എന്നിട്ടെവിടെ?"

നളിനിയുടെ അടുത്തേക്കയാൾ നീങ്ങി.

അവൾ കരയുമോ? കരയുന്ന മട്ടായിരുന്നു. എന്നിട്ടും കരഞ്ഞില്ല.

അപ്പോൾ തോമസ്സ് പറഞ്ഞു:—

"കൊണ്ടുവന്നില്ലായിരിക്കും. ഓർമ്മയാണ്. ഒന്നു ചെന്നു നോക്കിയിട്ടു വരണം ....."

നളിനി എന്തുചെയ്യേണ്ടു എന്നു സന്ദേഹിച്ചു നിന്നെങ്കിലും അവൾ മനക്ലേശത്തോടുകൂടി തിരിഞ്ഞു നടക്കാൻ തുടങ്ങി. അപ്പോൾ തോമസ്സ് ചോദിച്ചു.

"മാല തന്നാൽ എന്തുതരും?"

നളിനി പെട്ടെന്നുനിന്നു ഓരായിരം നീർച്ചാലുകൾ അവളുടെ ഹൃദയത്തിൽ കുളിരുകൾ കോരിഒഴിച്ചു. അവൾ സാവധാനം തിരിഞ്ഞുനിന്നു. ആ നയനങ്ങൾ തോമസ്സിൻെറ മുഖത്തു അല്പനേരം ചെന്നു തങ്ങി. വെള്ളത്തോ

ത്തു കഴുത്തിൽ ചുററിക്കെട്ടിയിരിക്കുന്നു. വായിലും അധരങ്ങളുടെ അരുകുകളിലും ടൂത്ത്പേസ്റ്റ് പററിയിരിപ്പുണ്ടു്. കണ്ണിൽ രൂക്ഷമായ ചൈതന്യമുണ്ടു്. അയാളുടെ സൗന്ദര്യം അത്രടുത്തു നോക്കിക്കാണുവാൻ കിട്ടിയ അവസരം മനഃപ്പൂർവ്വം വിനിയോഗിക്കുകയാണോ അവളെന്നു തോന്നി.

നളിനി ചിരിക്കാൻ ശ്രമിച്ചു. അപ്പോഴേക്കും അയാൾ ചിരിച്ചു കഴിഞ്ഞു. പിന്നെയും ചോദിക്കുകയാണു്.

“മാല തന്നാൽ എന്തു തരും?”

അവൾ നിലത്തേക്കു കുനിഞ്ഞുനിന്നു. മൈലാഞ്ചി തേച്ച നഖങ്ങൾ കിരീടം ധരിച്ചിരിക്കുന്ന കാൽ വിരലുകൾ നിലത്തു ചുററിത്തിരിഞ്ഞു. അവ അജ്ഞാതമായ ഒരു മഹാകാവ്യം ആലേഖനം ചെയ്യുകയായിരുന്നിരിക്കാം.

“ഇങ്ങു തരൂ. എനിക്കു പോകണം.”

“സാദ്ധ്യമല്ല.”

തോമസ്സ് അല്പം പാരുഷ്യത്തോടും പരിഹാസത്തോടും പറഞ്ഞു. അയാൾ ആ പാറക്കെട്ടുകളുടെ മുകളിൽ ചെന്നിരുന്നു.

അവൾ പോകുവാനുള്ള തിടുക്കംകൂട്ടി. മാല വേണമെന്നവൾ പറയാതെ തന്നെ അഭ്യർത്ഥിക്കുകയായിരുന്നു. ശബ്ദമില്ലാത്ത യാചനയും അവൾ നടത്തി. എന്നിട്ടുമയാൾ ഒരേ ഒരു ചോദ്യംമാത്രം ആവർത്തിച്ചുകൊണ്ടിരുന്നു.

“മാല തന്നാൽ എന്തുതരും?”

ഭാരതിഅമ്മയുടെ വിളി അകലെ കേൾക്കായി.

നളിനി തിടുക്കത്തോടുകൂടി പറഞ്ഞു.

"അമ്മ വിളിക്കുന്നു. അയ്യോ എനിക്കു പോകണം."

തോമസ്സും ആ വിളി ശ്രദ്ധിച്ചതാണു്. എങ്കിലും നളിനിയുടെ വിഷമം കാണുക രസകരമായിട്ടയാൾ കരുതി.

"പറയൂ എന്തു തരും?"

ഗത്യന്തരമില്ലാതവൾ ചോദിച്ചു.

"എന്തു വേണം?"

"എന്തു തരും?"

"എന്തു വേണം?"

"എന്തു ചോദിച്ചാലും തരുമോ?"

അവൾ വീണ്ടും പെരുവിരൽകൊണ്ടു കവിതയെഴുതി. താമരദളത്തിൽ ഭ്രമരം രചിച്ച പ്രേമകാവ്യംപോലെ.

"എന്താ മിണ്ടാത്തതു്?"

തോമസ്സ് കഴുത്തിൽ ചുററിയിരുന്ന മാല കയ്യിലെടുത്തു ചുഴററിക്കൊണ്ടു ചോദിച്ചു. അവൾ കടക്കണ്ണാൽ കറങ്ങിത്തിരിയുന്ന മാല കണ്ടു. എന്നിട്ടു പറഞ്ഞു.

"എനിക്കു പോകണം."

"എന്നാൽ പൊയ്ക്കോ. ആരും തടഞ്ഞിട്ടില്ലല്ലോ!"

"എന്റെ മാല തരണം."

"തന്നാൽ എന്തു തരും?"

"എന്തു വേണം?"

"എന്തു ചോദിച്ചാലും തരുമോ?"

നളിനി മിണ്ടിയില്ല. നിശ്ശബ്ദം ചുററിത്തിരിഞ്ഞു.

"ഒന്നും മിണ്ടത്തില്ലേ?"

"ഓ......"

"........."

നളിനി ചോദിച്ചു.

"എന്തുവേണം?"

"ഞാൻ എന്തു ചോദിച്ചാലും തരുമോ?"

"ചോദിച്ചുനോക്കു......"

"എനിക്കൊരു ഉമ്മ വേ......"

ആ വാചകം പൂർത്തിയാക്കും മുൻപു നളിനി മുന്നോട്ടു കുതിച്ചു്, തോമസ്സിൻെറ കയ്യിൽക്കിടന്നു കറങ്ങിയിരുന്ന മാലയും തട്ടി എടുത്തുകൊണ്ടോടിക്കഴിഞ്ഞു.

ചവുട്ടിക്കുതിച്ചവൾ ഓടിപ്പോയി.

പണിപ്പെട്ടു പിടിച്ച മനോഹരിയായ പേടമാൻ ആകസ്മികമായി കൈവിട്ടുപോയതുപോലൊരു തോന്നലായിരുന്നു തോമസ്സിനുണ്ടായിരുന്നതു്.

അവൾ അങ്ങകലെച്ചെന്നു തിരിഞ്ഞുനോക്കി. അപ്പോഴാണയാളുടെ വിഷാദം തഴുകിക്കളയപ്പെട്ടതു്.

അപ്പോഴും കുന്നുകൾക്കും മലകൾക്കുമപ്പുറത്തു ഇളം തെന്നലിൽ തലയാട്ടുന്ന മരശിഖരങ്ങൾ കാണാമായിരുന്നു.

# അദ്ധ്യായം മൂന്നു്.

കളപ്പുരയിൽ അന്നും വായന ഉണ്ടായിരുന്നു. കുടുംബത്തിലെ കാർണ്ണവർ മരണശയ്യയിലായിരിക്കുക യാണ്. ശങ്കുമ്മാവനു വയസ്സായ സുഖക്കേടാണ്.

ബന്ധത്തിൽപ്പെട്ടവരെല്ലാം വന്നിട്ടുണ്ട്. എന്നിട്ടും ഭരണഭാരം വേലുമ്മാവനാണേറെറടുത്തിട്ടുള്ളത്. ശങ്കുമ്മാവൻ കിടക്കുമ്പോൾ ചുമതല വേലുമ്മാവനെത്തന്നെയാണേല്പിച്ചതും.

ഇന്നോ നാളയോ എന്ന നിലയിലായി ശങ്കുമ്മാവൻെറ സ്ഥിതി.

കഴിഞ്ഞ ഏഴു ദിവസങ്ങളായി രാമായണം വായിച്ചുതുടങ്ങിയിട്ട്. ഇനി ഒന്നു രണ്ടു ദിവസങ്ങൾക്കകം വായന നില്ക്കും. അതിനോടിടയ്ക്കു ശങ്കുമ്മാവൻ ചരമം പ്രാപിക്കുകയും ചെയ്യും.

ഉല്കണ്ഠകളുടെ ദിവസങ്ങളായിരുന്നു അവയെല്ലാം. എട്ടാമത്തെ ദിവസം ശങ്കുമ്മാവൻ കട്ടിലിൽക്കിടന്നുകൊണ്ടു് വേലുമ്മാവനെ കണ്ണുകാട്ടി അടുത്തു വിളിച്ചു. എന്നിട്ട് ചെവിയിൽ എന്തോ മന്ത്രിച്ചു. അതിനുശേഷം

അടുത്ത പ്രഭാതത്തിൽ ശങ്കുമ്മാവൻ മരിച്ചുപോകുകയും ചെയ്തു.

പിന്നെ—സംശയങ്ങളായി. മത്സരങ്ങളായി. നിരവധി പ്രശ്നങ്ങൾ വന്നരുമ്മിക്കോപിച്ചുപോകുകയായി.

ശങ്കുമ്മാവന്റെ ചുററും നിന്നിരുന്ന അനന്തിരവരും, ശേഷക്കാരും പരസ്പരം പിറുപിറുത്തു. കളപ്പുരയിൽ കുടിയേറിപ്പാർക്കുന്ന വേലുമ്മാവൻ ആരാണു്? ഇയ്യാൾക്കെന്തു കാര്യം?

പക്ഷേ, ആരും ഒന്നും നേരിട്ടു ചോദിച്ചില്ല. ശങ്കുമ്മാവൻ എല്ലാം വേലുമ്മാവനെ ഏല്പിച്ചിരിക്കുകയായിരിക്കും. മരണദിനത്തിൽ ശങ്കുമ്മാവൻ വേലുമ്മാവനെ വിളിച്ചു ചെവിയിൽ മന്ത്രിച്ചതും അതുതന്നെയാവാം.

ഏതായാലും അല്പം ക്ഷമിക്കാമെന്നുതന്നെ ബന്ധുക്കാരും കരുതി.

അടിയന്തിരവും പുലകുളിയും എല്ലാം കഴിഞ്ഞു. ബന്ധുക്കാരെപ്പിരിക്കേണ്ട സമയവുമായി. നാരായണിപ്പിള്ളയും ബന്ധുക്കളും പൂമുഖത്തു മരിച്ചുപോയ ശങ്കുമ്മാവനെക്കുറിച്ചു പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. എല്ലാവക്കും കാർണ്ണവരുടെ സ്വത്തിനേക്കുറിച്ചുള്ള വല്ല അവകാശവും പ്രത്യേകമായി എഴുതിവയ്ക്കപ്പെട്ടിട്ടുണ്ടോയെന്നറിയണം. അതല്ലങ്കിൽ സാധാരണ കീഴ്നടപ്പനുസരിച്ചു കുടുംബം ഭാഗം വയ്ക്കണം. പക്ഷേ ഒന്നിനും ഭാവമില്ലാത്ത മട്ടിലായിരുന്നു നാരായണിപ്പിള്ളയുടെ ഇരുപ്പ്.

അപ്പോൾ വടക്കൻപറവൂർക്കാരൻ കേശവപിള്ള ചോദിച്ചു.

"കാർണ്ണവരുടെ സ്വത്തിനേക്കുറിച്ചു വല്ലതും ശരിയാക്കീട്ടൊണ്ടോ?"

ശങ്കുമ്മാവന്റെ രണ്ടാമത്തെ അനന്തിരവളുടെ ഭർത്താവാണ് ചോദിക്കുന്നതു്. അയാൾക്കു് കച്ചവടമാണ് തൊഴിൽ. വിവാഹത്തിനു ശേഷം കളപ്പുരയിലേക്കു വന്നിട്ടില്ല. ശങ്കുമ്മാവന്റെ പ്രകൃതവുമായി സമ്മന്തക്കാരനു പൊരുത്തപ്പെടാൻ കഴിഞ്ഞിരുന്നില്ലത്രേ.

അയാൾ തുടൎന്നു:— "എനിക്കു വേറേ തൊഴിലൊണ്ടു്. ഇതറിഞ്ഞിട്ടു വേണം പോകാൻ..."

തൻെറ സ്വന്തം അനുജത്തിയുടെ ഭർത്താവാണു സംസാരിക്കുന്നതെന്നൊന്നും നാരായണിപ്പിള്ള കൂട്ടാക്കിയില്ല. അവർ പറഞ്ഞു:—

"അതൊക്കെ അമ്മാവൻ വേണ്ടപോലെ ചെയ്തിട്ടൊണ്ടു്."

"എന്തോന്നാ ചെയ്തിരിക്കുന്നതു്?"

ഉൽക്കണ്ഠയോടും വ്യഗ്രതയോടുംകൂടി മറ്റൊരുത്തി ചോദിച്ചു. അവൾ ശങ്കുമ്മാവൻെറ അനുജത്തിയുടെ ഭർത്താവിന്റെ വകയിലൊരു പെങ്ങളായിരുന്നു. അവക്കാ വാഗ്‌വാദത്തിൽ മുന്നിട്ടുനില്ക്കണമെന്നുണ്ടു്. കുഞ്ഞിക്കാവമ്മയെന്നാണവരുടെ പേരു്.

അതു മനസ്സിലാക്കിക്കൊണ്ടുതന്നെ നാരായണിപ്പിള്ള എതിരിട്ടു:—

"അവകാശക്കാരോടല്ലേ ഞാൻ മറുപടി പറയേണ്ടൂ. അല്ലാത്തവരോടെന്തു പറയാനാ... ?"

"നീ എന്താ നാരായണീ അങ്ങിനെ പറഞ്ഞു..."

ഞാൻ കേട്ടതിന്നു ശേഷം ചോദിച്ചേനേ ഒള്ളൂ" എന്നു പറഞ്ഞുകൊണ്ടു് ആ വാഗ്വാദക്കാരി പിൻവാങ്ങി. അവൾക്കു് മുഖത്തടിയേററതുപോലൊരു തോന്നൽ.

അപ്പോൾ നാരായണിപ്പിള്ള എല്ലാവരോടുമായി ഇങ്ങിനെ പറഞ്ഞു:—

"ഞാനാ ശങ്കമ്മാവനെ ശിശ്രൂഷിച്ചതു്. ഞാനാ തീതിന്നു വളർന്നതു്. അതുകൊണ്ടെനിക്കെഴുതിത്തന്നു. നിങ്ങൾക്കെല്ലാം ജീവിക്കാനൊണ്ടല്ലോ? പോരെ.....?"

നാരായണിപ്പിള്ളയുടെ നയനങ്ങൾ സജലങ്ങളായി. ആ സ്ത്രീ കരഞ്ഞുകൊണ്ടു പറഞ്ഞു:—

"എനിക്കാരൊണ്ടു്? ഞാനൊരു തടിയും ഒരു ചെറുക്കനുമേ ഒള്ളൂ. ഞങ്ങളെവിടെപ്പോകും.....?"

"പോയിത്തെണ്ടണം. നാണംകെട്ടവള്; പാവം അമ്മാവനെക്കൊണ്ടിവളും ആ മുതുക്കനുംകൂടി കൂടോത്രം ചെയ്യെഴുതി വപ്പിച്ചതാ. ഞാൻ സമ്മതിക്കത്തില്ല."

നാരായണിപ്പിള്ളയുടെ സഹോദരന്റെ ഭാര്യ ഗൗരിക്കുട്ടിയാണതു പറഞ്ഞതു്. നാത്തൂന്റെ ശബ്ദം ആ ചുററുപാടും മുഖരിതമായി.

അങ്ങിനെ കൂട്ടം കൂട്ടമായും ഒററ ഒററയായും ബന്ധുക്കൾ നാരായണിപ്പിള്ളയേയും വേലുമ്മാവനേയും കുററപ്പെടുത്തി. ചിലർ പരുഷമായി സംസാരിച്ചു. മററു ചിലർ വേലുമ്മാവന്റെ കുടുംബമഹിമയെ ചോദ്യം ചെയ്തു.

ഇതെല്ലാം കേട്ടുകൊണ്ടു് അക്ഷോഭ്യനായി ചൂരൽക്കസ്സാലയിൽക്കിടന്നിരുന്ന വേലുമ്മാവൻ പൂമുഖത്തേക്കു [illegible]ന്നുവന്നു!"

അതുകണ്ടുകൊണ്ടുതന്നെ ഗൗരിക്കുട്ടി പറഞ്ഞു.

"ഞങ്ങള്ക് കളപ്പുരയിലെ പെണ്ണുങ്ങളല്ലാ. ഞങ്ങൾക്കു പലതും പറയാനൊണ്ട്..."

"നീ ഒക്കെ എന്തുവേണേലും പറഞ്ഞോ"? നാരായണിപ്പിള്ള സഹികെട്ടു പ്രതിവചിച്ചു.

"എന്തു പറഞ്ഞാൽ മതിയോ നാരായണീ? നീതന്നൊന്നാലോചിക്ക്! കുടുംബംവക സ്വത്തല്ലേ? അത് കുടുംബത്തിലൊള്ളവക്ക് വീതിച്ചുകിട്ടേണ്ടതല്ലേ? നീ കാണിച്ചതേതായാലും ശരിയായില്ല. ശങ്കമ്മാവനതിനു തുനിഞ്ഞാലും നീയാ വെലക്കേണ്ടത്......എന്താ"?

അതുവരെ മിണ്ടാതിരുന്ന കുഞ്ഞിക്കാവമ്മയുടെ നാക്കിളകി. നാരായണിപ്പിള്ള ഒന്നും പ്രതിവചിച്ചില്ല. കുറേനേരം നോക്കിനിന്നിട്ടു വേലുമ്മാവൻ പഴയ ചൂരൽക്കസ്സാലയിൽതന്നെ ചെന്നു കിടന്നു.

"മനുഷ്യരായാൽ നാണം വേണം." ഗൗരിക്കുട്ടി തുള്ളിച്ചാടി.

ക്ഷമകെട്ടിട്ടെന്നപോലെ നാരായണിപ്പിള്ള കുതിച്ചു നിന്നു.

"എന്താടി എനിക്ക്? എനിക്കെന്തുപററി? നാണക്കേടെന്തോന്നാടി ഞാൻ ചെയ്തതു്"?

"ദേ! എടീന്നും പോടീന്നും വിളിക്കരുത്."

"വിളിച്ചാൽ നീ എന്തു ചെയ്യുമെടീ"?

"നല്ല ആട്ടാട്ടും..."

"ആട്ടടീ നീ—ആട്ട്. വന്നിരിക്കുന്നു. ഓഹരിക്ക്.."!

"നാക്കൊണ്ടെങ്കിൽ നിൻെറ വായിൽക്കെടെക്കണം.

 41531 

എന്നോടെടുക്കരുത്. ഒരു വയസ്സുകാലത്തു സമ്മന്തോം ചെയ്തു കഴിയാൻകണ്ട .....”?

“കണക്കായിപ്പോയെടീ. കണക്കായിപ്പോയി.”

നാരായണിപ്പിള്ള അറുകൊലകയറിയതുപോലെ തുള്ളിച്ചാട്ടുകയാണ്. അതൊന്നു വിലക്കണമെന്നു വേലു മ്മാവൻ പലതവണ കരുതിയെങ്കിലും അതിനു മുതിന്നില്ല ക്ഷമിച്ചിരിക്കുകമാത്രം ചെയ്തു.

പൂമുഖത്തൊച്ചയും വഴക്കുംതന്നെ. അതെല്ലാം ശ്രദ്ധിച്ചുകൊണ്ടു് എങ്ങിനെയെങ്കിലും ഭാഗവും വാങ്ങി തങ്ങളുടെ ഭാര്യമാർ തിരിച്ചുവരുന്നതും പ്രതീക്ഷിച്ചു നില്ക്കുകയാണു് ഭർത്താക്കന്മാർ.

അടിയാളരും, അയൽക്കാരും വേലിക്കരുകിൽക്കൂടി. കുടുംബക്കാർ തമ്മിൽ ഉന്തും തള്ളും നടക്കുന്നതു നോക്കി അവർ രസിക്കുകയാണ്.

കുഞ്ഞിക്കാവമ്മ പറഞ്ഞു.

“ഇതു നാണക്കേടാണ്. ഇരുചെവി അറിയാതിതൊന്നുതീരണം. നാലുപേരറിഞ്ഞാൽ ആർക്കാ മോശം ?”!

“ചാകട്ടെ ചേച്ചീ. നാലു തേങ്ങായോ നെല്ലോ കിട്ടാനൊള്ളതില്ലാതെ നായരുടെ വീട്ടിലെ എട്ടുത്തി നാനെന്നുംപറഞ്ഞു ചെന്നാൽ ആരു തരും? വെച്ചിരിക്കുവാ.....”

ഉൽക്കടമായ വേദനയോടുകൂടി നാരായണിപ്പിള്ളയുടെ നാത്തൂനാണതു പറഞ്ഞതു്. കുഞ്ഞിക്കാവമ്മ പറഞ്ഞു:—

"എന്നാൽ നിങ്ങളെല്ലാവരുംകൂടി ഒരു കാര്യം ചെയ്യ്. ഇവിടെക്കിടന്നു തലതല്ലിച്ചത്തോളിൻ. ഞാൻ പോകുവാണപ്പാ......."

ഇത്രയും പറഞ്ഞിട്ട് കുഞ്ഞിക്കാവമ്മ ഇറങ്ങി. പുറകേ ഭർത്താക്കന്മാരിൽച്ചിലരും ഇറങ്ങാൻ ഭാവിച്ചു. അപ്പോഴം അതേവരെ ചൂരൽക്കസ്സേരയിൽ കുത്തിയിരുന്നിരുന്ന നീണ്ടു മെലിഞ്ഞ വേലുമ്മാവൻ എഴുന്നേററു മുററത്തിറങ്ങി. അയാഠം നാരായണിപ്പിള്ളയെ വെളിയിലേക്കു വിളിച്ചു. അവർ ഇറങ്ങിച്ചെന്നു. എല്ലാവരും ശ്വാസമടക്കി നോക്കിനിന്നു. പോയവരെല്ലാം തിരിച്ചു വന്നു.

വേലുമ്മാവൻ എല്ലാവരോടുമായിപ്പറഞ്ഞു.

"നിങ്ങളെല്ലാവരും ഇങ്ങോട്ടിറങ്ങിവരിൻ." എല്ലാവരും മുററത്തിറങ്ങി. ആക്കും ഒരു രൂപവും കിട്ടുന്നില്ല.

വേലുമ്മാവൻ ഇടിവെട്ടുംപോലെ പറഞ്ഞു.

"ഞാനും മനുഷ്യനാ കേട്ടോ. എനിക്കും അഭിമാനമൊണ്ട്. ഒദ കെടക്കുന്നു തീറാധാരം. ഇതു നാരായണിയ്ക്കു വേണ്ട. എനിക്കൊരു കൂരയെങ്കിലും ഒണ്ട് "

ശങ്കുമ്മാവനെഴുതിവച്ചിരുന്ന തീറാധാരം വേലുമ്മാവൻ കീറിപ്പറപ്പിച്ചു. എന്നിട്ടു പറഞ്ഞു. "നിങ്ങളു വീതിച്ചെടുത്തോളിൻ.."

ഉഗ്രനായ വേലുമ്മാവൻ നാരായണിപ്പിള്ളയോടാജ്ഞാപിച്ചു......

"ഉം. വാടീ. വാ!"

നാരായണിപ്പിള്ള വേലുമ്മാവനെ ഒരു കുഞ്ഞിനെ

പ്പോലെ പിൻതുടൎന്നു. പടിവാതിൽ തുറന്നയാൾ അതിവേഗം നടന്നുപോയി.

## 2

അതേവരെ ആരും ആരോടും മിണ്ടിയില്ല. ഏതോ ചിന്തയിലാണ്ടു്, അതിവേഗം നടക്കുന്ന വേലുമ്മാവന്റെ പിൻപേ നമ്രശിരസ്കയായി നാരായണിപ്പിള്ളയും നടന്നു. അങ്ങിനെ അധികനേരം നടന്നപ്പോൾ നാരായണിപ്പിള്ള ചോദിച്ചു:—

"ഇനി ഞാൻ തിരിച്ചു ചെല്ലേണ്ട......?"

അതിനുത്തരമായി വേലുമ്മാവൻ ഒന്നും പറഞ്ഞില്ല. പക്ഷെ ആ കുടുംബക്കാരൻ തെല്ലുനേരം നാരായണിപ്പിള്ളയെ വീക്ഷിക്കുകമാത്രം ചെയ്തു.

"ഞാനിനി പോകത്തില്ല. എല്ലാം അവരു് പങ്കു വച്ചോട്ടെ .... ഒന്നുമെനിക്കുവേണ്ട....."

പക്ഷെ ആ വാചകങ്ങളിൽ പതറിച്ച പററിയിട്ടുണ്ടോ? ഉണ്ടാകാതിരിക്കാൻ അവർ കിണഞ്ഞു ശ്രമിച്ചിരുന്നു. വേലുമ്മാവന്റെ മറുപടി ഒന്നും കിട്ടുന്നില്ല. "നീ ഇനി തിരിച്ചു പോകണ്ട" എന്നു വേലുമ്മാവൻ ഒന്നു പറഞ്ഞിരുന്നെങ്കിൽ എത്ര ആശ്വാസമാകുമായിരുന്നു—

നാരായണിപ്പിള്ളയ്ക്ക്? അതും പ്രതീക്ഷിച്ചുകൊണ്ടവർ ഗമിക്കുകയാണ്.

അപ്പോഴേക്കും കോവിലകത്തേക്കു തിരിയേണ്ട ഇടവഴിയും കടന്നു വേലുമ്മാവൻ നേരേ പോകുകയായിരുന്നു. നാരായണിപ്പിള്ളയ്ക്ക് ഉൽക്കണ്ഠയായി. ഇൗ പോക്കെങ്ങോട്ടാണ്? ഇൗ വഴി അവസാനിക്കുന്നതുവരെ തുടരുകയാണോ ഇൗ പ്രയാണം?

കുറെ അങ്ങു ചെന്നപ്പോൾ നാരായണിപ്പിള്ള ചോദിച്ചു:—

"എങ്ങോട്ടാ പോകുന്നത്"?

മറുപടിയില്ല .... നിശ്ശബ്ദത.

വീണ്ടും നാരായണിപ്പിള്ളയാണാ നിശ്ശബ്ദതയ്ക്കു വിരാമമിട്ടത്.

"എങ്ങോട്ടാ പോകുന്നത്?"

വേലുമ്മാവൻ തിരിഞ്ഞുഗ്രമായി നോക്കിയിട്ടാജ്ഞാപിച്ചു.

"വരാൻ. എന്റെ പുറകേ വരാൻ!"

നാരായണിപ്പിള്ളയ്ക്കാശ്വാസമായി. വേലുമ്മാവൻ സധൈര്യം ക്ഷണിയ്ക്കുകയാണ്. അവർ പിന്നെയും നടന്നു.

സന്ധ്യയോടുകൂടി അവർ ഒരു ക്ഷേത്രപ്പറമ്പിലെത്തി. ക്ഷേത്രത്തോടടുത്തു ഒരു ഉൗക്കൻ പേരാൽ പന്തലിച്ചു നില്ക്കുന്നു. അതിന്റെ ചുവട്ടിൽ വേലുമ്മാവനിരുന്നു. അതുപോലെ തന്നെ നാരായണിപ്പിള്ളയും.

വേലുമ്മാവൻ നാരായണിപ്പിള്ളയോടു പറഞ്ഞു:—

"നാരായണീ! ....." പെട്ടെന്നു സംസാരം നിലച്ചു.

"എന്താ നിൎത്തിയതു്......?"

വാചകം പൂൎത്തിയാക്കാൻ വിഷമിക്കുന്ന വേലുമ്മാവനെ നാരായണിപ്പിള്ള നോക്കി. ആ വൃദ്ധൻ കരയുകയാണു് ആ തേജസ്സററ കണ്ണുകൾ കണ്ണുനീർ തൂകുകയാണു്. വികാരലോലനായ ആ കുടുംബക്കാരൻ ദുഃഖത്താൽ ഗൽഗ്ഗദകണ്ഠനായി പറഞ്ഞു:—

"ഞാൻ കാരണമാ നിനക്കിങ്ങനെ വന്നതു്?

"അല്ല. ഒരിക്കലുമല്ല" എന്നു ആ സ്ത്രീ പ്രതിവചിച്ചു. എന്നിട്ടിങ്ങിനെ പറഞ്ഞു.

"ഞാൻ കുറെ സുഖിച്ചു. ഇനി എനിക്കു മരിച്ചാൽ മതി. ഞാനൊന്നുമിനി ആശിക്കുന്നില്ല."

കോവിലകത്തെ കാൎണ്ണവരും കളപ്പുരയിലെ കുടുംബിനിയും പരസ്പരം കണ്ണുനീർ പൊഴിച്ചു. ആ പേരാലിന്റെ മുഴച്ചുനില്ക്കുന്ന വേരുകളിൽ കണ്ണീർക്കണങ്ങൾ അടന്നുവീണു. അവൎക്കു ധാരാളം പറയുവാനുള്ളതുപോലെ തോന്നി. പക്ഷെ രണ്ടുപേരും വാചാവമൂകരായിരുന്നു.

ഒടുവിൽ വേലുമ്മാവനാണു പറഞ്ഞതു്.

"ഞാൻ കുടുംബത്തിലേക്കു പോണോന്നാലോചിക്കുവാ."

"അതെന്താ?"-നാരായണിപ്പിള്ള തിരക്കി.

വേലുമ്മാവൻ ഗൽഗ്ഗദത്തോടുകൂടി ആരംഭിച്ചു.

"ഒന്നുരണ്ടു മാസമായില്ലേ അങ്ങോട്ടു ചെന്നിട്ടു്. അവരെന്നെപ്പററി എന്തു വിചാരിക്കും? ഒരു കാൎണ്ണവൎക്കു്

ഇരിക്കാത്തതല്ലേ ഞാൻ ചെയ്തതു്?"

പക്ഷേ അതിനൊന്നും ഉത്തരവാദി നാരായണിപ്പിള്ളയല്ലെന്നവൾക്കറിയാം. വേലുമ്മാവന്റെ ഭ്രമംകൊണ്ടങ്ങിനെയൊക്കെ സംഭവിച്ചു. നോക്കാനാളില്ലാതിരുന്നതുകൊണ്ടു് ശങ്കുമ്മാവന്റെ നിർദ്ദേശപ്രകാരം ചെയ്തു. താമസിച്ചു. സുഖിച്ചു.

അങ്ങിനെ ആലോചിക്കുകയാണെങ്കിൽ ഒരു സേവനംതന്നെയായിരുന്നു അതെന്നു പറയാം.

എന്നാൽ തിരിഞ്ഞു കോവിലകത്തേക്കു നോക്കുമ്പോഴോ.? ഉണ്ണാൻ നെല്ലെടുത്തു കൊടുക്കാതെ ഇറങ്ങിപ്പോയ കാർന്നവരെപ്രതീക്ഷിച്ചിരിക്കുന്ന ഭാരതിഅമ്മയും നളിനിയും. അവർക്ക് വേലുമ്മാവനല്ലാതെ മററാരുമില്ല. ഉള്ളവരെല്ലാം ഭാഗംവാങ്ങിപ്പിരിഞ്ഞവരാണു്. എല്ലാ മാനുഷികഭാവങ്ങളും വീതംപററലിനുശേഷം അവസാനിപ്പിച്ചുപോന്ന നിരവധി തലമുറകളുടെ അവസാനത്തെ കണ്ണിയല്ലേ. അവർ നിരാലംബരായിരുന്നു. വേലുമ്മാവനാകുന്ന പ്രബലമായ അവരുടെ ആശ്രയം കളപ്പുരയിലെ നാരായണിപ്പിള്ള വശീകരിച്ചതിൽ ആ രണ്ടു സ്ത്രീകൾക്കും അതികഠിനമായ വേദനയുണ്ടു്. ആ വേദനയും അനുഭവിച്ചുകൊണ്ടു് കഴിഞ്ഞുകൂടുന്ന ഭാരതിയെ നാരായണിയോടൊപ്പം ചെന്നു കാണുക. തന്റെ ഭാര്യയേയും തന്നേയും ആ വീട്ടിൽത്താമസിപ്പിക്കുന്നതിനനുവദിക്കണമെന്നു് പറയുക. അപ്പോഴുണ്ടാകാവുന്ന കലഹത്തെ അഭിമുഖീകരിക്കുക. ഇതെല്ലാം ദുസ്സഹമായ അനുഭവമായി വേലുമ്മാവനു തോന്നി.

വേലുമ്മാവൻ പറഞ്ഞു "ഇല്ല ഞാനങ്ങോട്ടില്ല. നമു ക്കു മററെവിടെയെങ്കിലും പോകാം......"

ആ സ്ത്രീ കരയുക മാത്രം ചെയ്തു. ക്ഷേത്രത്തിൽ പൂജാ മണി മുഴങ്ങി. നാരായണിപ്പിള്ളയും വേലുമ്മാവനും ക്ഷണം ആ വൃക്ഷച്ചുവട്ടിൽനിന്നും ക്ഷേത്രനടയിലേക്കു നടന്നു. കുങ്കുമവും ചെത്തിപ്പൂവും ചൂടിയ മുഖകമലവുമായി തീപ്പന്തം കത്തുന്ന ചുററുപാടുകളുടെ നടുവിൽ ചമ്രംപടിഞ്ഞിരിക്കുന്ന മഹാകാളിയുടെ വിഗ്രഹത്തിനു മുൻപിൽ ആ ദമ്പതികൾ തലകുനിച്ചു കൈകൂപ്പി. കണ്ണുനീർ തൂകിത്തൂകി ഹൃദയംപൊട്ടിക്കരഞ്ഞു. ആ കരച്ചിൽ ഏങ്ങലടികളുടെ നാദമുതിർവിട്ടു. മണി അടി നിലച്ചു. ഏങ്ങലടികൾമാത്രം നിലച്ചില്ല.

മാനം ഇരുണ്ടുകൂടി. അരുണാഭമായിരുന്ന ആകാശം കാളിമപൂണ്ടു. ക്ഷേത്രത്തിൻെറ തെക്കുവശത്തു വളർന്നുനില്ക്കുന്ന കാഞ്ഞിരമരത്തിൽ കിളികൾ ചേക്കേറി.

ഇരുൾമങ്ങിക്കിടക്കുന്ന ഭൂമുഖത്തു, ചൊരിമണലിനു നടുവിൽ ചേക്കേറാൻ സ്ഥലം കാണാതെ കോവിലകത്തെ കാർണ്ണവരും കളപ്പുരയിലെ നാരായണിപ്പിള്ളയും നില്ക്കുകയാണു്.

പെട്ടന്നു വേലുമ്മാവനൊരു ബുദ്ധി തോന്നി. തിരിച്ചുനടക്കുക. തിരിച്ചെങ്ങോട്ടു പോകണം? തിരിഞ്ഞു നോക്കിയാൽ കാണുന്ന രണ്ടു ആശാകേന്ദ്രങ്ങൾ, ഒന്നു് കോവിലകമാണു്. മറേറതു കളപ്പുരയും. ആദ്യത്തേതു് തൻെറ വീടാണു്. മറേറതു് ഭാര്യയുടേതും. ഭാഗവഴക്കിൽ അതിരൂക്ഷമായ അഭിപ്രായം രേഖപ്പെടുത്തി ധീര

മായ ഒരു ത്യാഗം നടത്തിയിട്ടിറങ്ങിയ താൻ കളപ്പുരയുടെ പൂമുഖത്തേക്ക് തിരിഞ്ഞുനോക്കുന്നത് ഉചിതമാണോ? അതൊരു പുരുഷനു പററിയതാണോ?

ഭാരതി തൻെറ സഹോദരിയാണ്. എന്നായാലും അവൾ തൻേറതാണ്. ആ സ്നേഹത്തിനും അടുപ്പത്തിനും വിലയുണ്ട്. അതത്ര പറിച്ചെറിയപ്പെടേണ്ടതാണോ?

അവൾ ശുദ്ധയാണ്. പാവമാണ്. നിരാശ്രയയാണ്.

അവളോടു തൻേറ കുററം ഏററുപറയുക ഒരു പരാജയമല്ല. അവൾ എല്ലാം പൊറുക്കും. സഹിക്കുകയെന്ന അതിദയനീയമായ സിദ്ധാന്തത്തിൽ ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ടവൾക്കെന്തൊക്കെ ആണ് നേരിടേണ്ടിവന്നിട്ടുള്ളത്? ഭർത്താവ് മരിച്ചു. അതിനുശേഷം ഒരു മകനുണ്ടായിരുന്നതും മരിച്ചു. ഒടുവിൽ തൻെറ ശുശ്രൂഷകളിൽ മാത്രം ലയിച്ചു താനേ ദൈവമെന്നു കരുതി ജീവിച്ചു് വർഷങ്ങൾ തരണംചെയ്ത ഭാരതിഅമ്മയെക്കുറിച്ചു ദുഃഖത്തോടുകൂടി വേലുമ്മാവൻ ഓർത്തു. ആ ചുളിവുവീണ മുഖവും, അല്പാല്പമായി നരച്ച തലയും വരണ്ട അധരങ്ങളും എല്ലാം വേലുമ്മാവൻെറ സ്മരണയിൽ ഉയർന്നുവന്നു.

അങ്ങിനെ എത്രനേരം നിന്നു എന്നു വേലുമ്മാവൻ ആലോചിച്ചില്ല. വളരെനേരം കഴിഞ്ഞു നടന്നു. നിഴൽപോലെ നാരായണിപ്പിള്ളയും. അവർക്കപ്പോൾ ഒരു ലക്ഷ്യമുണ്ടായിരുന്നു.

# 3

കല്ലടകൾ ഓരോന്നോരോന്നായി ഇളകി മണ്ണിടിഞ്ഞു കുളം നികന്നുതുടങ്ങി. വേനല്ക്കാലമായപ്പോഴേക്കും കുളത്തിൽ വെള്ളം കുറഞ്ഞു. തെക്കുവശത്തു പടന്നിറങ്ങിയിരിക്കുന്ന സൎപ്പക്കാവിൻെറ മുകളിൽനിന്നും കൊഴിഞ്ഞുവീഴുന്ന പച്ചയും പഴുത്തതുമായ ഇലകൾ കുളത്തിൽ കൂടിക്കിടപ്പുണ്ടു്. അതു് അഴുകി ചേൎന്നിരിക്കുന്നതിനാൽ വെള്ളത്തിനുതന്നെ നിറവ്യത്യാസം സംഭവിച്ചിരിക്കുന്നു. പച്ചപിടിച്ചു കിടക്കുന്ന ജലപ്പരപ്പിൽ കൈകൾകൊണ്ടു് ശക്തിയായി മട്ടിച്ചാണു് കുളിക്കാൻ ഇടമുണ്ടാക്കുക.

പണ്ടു് ശുദ്ധജലതടാകംപോലെ കിടന്നിരുന്ന ഒരു കുളമാണു്. കോവിലകത്തെ പെണ്ണുങ്ങൾ അടിച്ചുകുളിച്ചിരുന്ന കുളം. ഒന്നു വെട്ടിക്കണമെന്നുവച്ചിട്ടു സാധിക്കുന്നില്ല. അകലെ ഒഴുകുന്ന അരുവിയുടെ സഹായംകൊണ്ടു് കുളിയും മററും നടക്കുന്നു.

കഴിഞ്ഞ തവണയും അതിനു മുൻപും തേങ്ങാ ഇട്ടപ്പോൾ കരുതിയിരുന്നതാണു് കുളം വെട്ടിക്കണമെന്നു്. അതിവേനൽകൊണ്ടു് തെങ്ങും കനിഞ്ഞില്ല.

ആ കുളക്കരയിൽ ചെന്നു നില്ക്കുകയും ചുററും കണ്ണോടിക്കുകയും ചെയ്തപ്പോൾ അതി കഠിനമായ കുണ്ഠിതത്താൽ ഭാരതിഅമ്മ അസ്വാസ്ഥ്യയായി.

അവർ അവിടെനിന്നും തിരിച്ചു പോരുകയായിരുന്നു.

അപ്പോഴാണു് ആ ദാരുണ സംഭവം ഉണ്ടായതു്.

തെക്കപുറത്തു പന്തലിച്ചുനില്ക്കുന്ന കണിക്കൊന്നയുടെ പൂക്കൾ പൊഴിഞ്ഞുവീഴുന്നു. അവ പൂവർഷം ചൊരിയുകയാണു്. അവയുടെ ചുവട്ടിൽ ചെന്നു് ദിവാസ്വപ്നവും കണ്ടുകൊണ്ടു നില്ക്കുക കൗതുകകരമാണു്. പക്ഷേ അതിനു ചുവട്ടിൽ അല്പം കിഴക്കോട്ടു നീങ്ങി നിശ്ശബ്ദം നിലകൊള്ളുന്ന കാർണ്ണവന്മാരുടെ നിരവധി ശവകുടീരങ്ങൾ കാണുമ്പോൾ അഭിമാനംകൊണ്ടു് പുളകമണിയാൻ ഭാരതിഅമ്മയ്ക്കു തോന്നാറുണ്ടു്.

എന്നാലും ഒരു വിഷാദം പെട്ടെന്നുണ്ടാകുന്നു. അവസാനത്തെ കാർണ്ണവർ കുടുംബത്തിൽനിന്നു കൈവിട്ടു പോയതിനെപ്പററി ആലോചിക്കുമ്പോഴാണതു സംഭവിക്കുക. ഒന്നുരണ്ടു മാസങ്ങൾ കഴിഞ്ഞിട്ടും ഒരു വിവരവുമില്ല. തങ്ങളെക്കുറിച്ചദ്ദേഹം അന്വേഷിക്കുന്നുണ്ടാവാം എന്നു കൃതാർത്ഥതകൊള്ളുകയേ തരമുള്ളു.

പക്ഷേ വേലുമ്മാവൻ ജീവനോടെ കളപ്പുരയിൽ താമസിക്കുന്നുണ്ടെന്നുള്ള വിവരം അവർക്കറിയാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഒന്നു കണ്ടാൽ കൊള്ളാമെന്ന ആഗ്രഹം അവർക്കുണ്ടായിരുന്നു.

ആ ആശ സാധിക്കുന്നതിനു മുൻപു ....?

ഭാരതിഅമ്മ ഭരദേവതയുടെ അമ്പലമുററത്തു ചെന്നുനിന്നു. കുളിയും തേവാരവും കഴിഞ്ഞിരുന്നു. ഈറനോടെ ആ കൽപ്പടകൾക്കു പ്രദക്ഷിണം വച്ചു ഭക്ത്യാ

ദരപുരസ്സരം കാൽമുട്ടുകൾ കുത്തിനിന്നുകൊണ്ടു് തന്റെ കാതരമായ കഥ ആ ഭരദേവതയെ ചൊല്ലിക്കേൾപ്പിച്ചു തലമുറകൾ തലമുറകളായി അപേക്ഷകൾ ശ്രവിക്കൊണ്ടിട്ടുള്ള ആ അമ്പിക ഭാരതിഅമ്മയുടെ പ്രാർത്ഥനയും കേട്ടിരിക്കാം. അവർ തലതാഴ്ത്തിത്തൊഴുതുയന്നു.

അവർ കറങ്ങിത്തിരിഞ്ഞു ഒന്നുരണ്ടു ചുവട്ടടികൾ നടന്നു. പെട്ടന്നവർ കാൽവലിച്ചു സൂചിമുന തറച്ചതുപോലൊരുതോന്നൽ. അവരുടെ മുൻപിൽ പത്തിവിരിച്ചു വാലിൽക്കുത്തി നില്ക്കുകയാണൊരുസർപ്പം. അതു് ആഞ്ഞാഞ്ഞു കൊത്തുകയാണു്.

"അയ്യോ..." എന്നു ഭാരതിഅമ്മ നിലവിളിച്ചു. പക്ഷേ ഓടിയില്ല. ആ നാഗഭക്ത കൈകൂപ്പിക്കൊണ്ടു നിന്നുതേ ഉള്ളൂ. വാലുനിലത്തിട്ടടിച്ചുകൊണ്ടു് ആ സർപ്പം അവരെ വീണ്ടും കൊത്തി. പെട്ടന്നതു് അപ്രത്യക്ഷമാകുകയും ചെയ്തു.

ഭാരതിഅമ്മയുടെ കരച്ചിൽ കേട്ടുകൊണ്ടു് ആദ്യം ഓടിയെത്തിയതു് നളിനിയാണു്. അതിനുശേഷം മാളികമുകളിൽ നോവലും വായിച്ചുകൊണ്ടു കിടന്ന തോമസ്സും, മറിയപ്പെമ്പിളയും മററു അയൽപക്കക്കാരും ഓടിക്കൂടി. എല്ലാവരും വന്നപ്പോൾ ഭാരതിഅമ്മ നളിനിയുടെ മടിയിൽ ബോധരഹിതയായിക്കിടക്കുകയാണു്. കാര്യമറിയാതെ കരയുകയായിരുന്നു നളിനി. അവളെ സാന്ത്വനപ്പെടുത്തുന്നു ആളുകളും.

ആർക്കും ഒരു ലക്കും കിട്ടുന്നില്ല. ചിലർ മുഖത്തു വെള്ളം ശക്തിയായിത്തളിച്ചുനോക്കി: മററു ചിലർ തട്ടി

ഉണർത്താൻ ശ്രമിച്ചു. ഒടുവിൽ മുഖത്തു പരന്ന കാളിമ കണ്ടു് എല്ലാവരും പകച്ചുപോയി. കൂടിനിന്നവരിൽ ചിലർ കൂട്ടക്കരച്ചിലിനിടയിൽ പറഞ്ഞു.

"വിഷം തീണ്ടിയതാണു്"

തോമസ്സ് പ്രാഥമിക നടപടികൾ ചെയ്തുനോക്കി. ഒന്നും ഫലിക്കുന്നില്ല.

വിഷസംഹാരിക്കു് ആളുപോയി. അയാൾ വന്നുനോക്കി. കൈത്തണ്ടിൽ പിടിച്ചു ഞെക്കി. കൺപോളകൾ അകററിനോക്കി. വായു് അകററാൻ ശ്രമിച്ചിട്ടു സാധിക്കുന്നില്ല.

അയാൾ പറഞ്ഞു:—

"കുറെ ഓലയും മടലും കയറും വേണം .... "

അവിടെ നിന്നിരുന്നവരിൽച്ചിലരും തോമസ്സും ചേൎന്നു് ഓലയും മടലും കയറും എത്തിച്ചു. വിഷസംഹാരിയുടെ നിർദ്ദേശപ്രകാരം ഒരു മറപ്പുര ഉടനെ ഉണ്ടാക്കി. അതിൽ ഭാരതിഅമ്മയെ കിടത്തി.

"എല്ലാവരും പോണം. ആരും ഇവിടെ നില്ക്കരുതു്.. "

ആളുകൾ വളരെ മാറിനിന്നു. നളിനി കരഞ്ഞ കണ്ണുകളുമായി നില്ക്കുകയാണു്. മറിയപ്പെമ്പിള നളിനിയുടെയടുത്തുചെന്നു പറഞ്ഞു.

"മോളു് കരയാതെ. ഇപ്പം ശരിയാകും. മോളു് ദുഃഖിക്കരുതു്."

അവർ നളിനിയെ കൂട്ടിക്കൊണ്ടുപോയി മാളികമുറിയിൽ കൊണ്ടിരുത്തി. സാന്ത്വനവാക്കുകൾ പറഞ്ഞാ

ശ്വാസിപ്പിച്ചുകൊണ്ടിരുന്നു. തോമസ്സാകട്ടെ വിഷസംഹാരിക്കുവേണ്ട ഒത്താശകൾ ചെയ്തുകൊടുത്തുകൊണ്ടും നിന്നു. അമ്മച്ചി നളിനിയെ തന്റെ മുറിയിൽകൊണ്ടുകിടത്തിയിരിക്കയാണെന്ന കാര്യം അയാൾ ഓർമ്മിച്ചെങ്കിലും ആ വിചാരങ്ങൾക്ക് അപ്പോൾ തോമസ്സിന്റെ ബുദ്ധിയിൽ സ്ഥാനമില്ലായിരുന്നു.

"ഇനി എന്തുവേണം?"

"നൂററിഒന്നു പണം"

എന്തിനാണെന്നു തോമസ്സ് ചോദിച്ചില്ല. നോട്ടുകൾ മാറി നൂററിഒന്നു പണം അയാൾ ഒരു വെററിലയിൽ ചുരുട്ടി വിഷസംഹാരിക്കു സമർപ്പിച്ചു.

അയാൾ അതു മടിയിൽ വച്ചിട്ടു പറഞ്ഞു. "ഇനി പൊയ്ക്കോളളൂ."

തോമസ്സ് പോയി. എങ്കിലും അയാൾ കാത്തിരുന്നു.

നേരം ഇരുട്ടി. വിഷസംഹാരി വിളക്കുകൾ കത്തിച്ചു മറപ്പുരയിൽ നിരത്തി. കുരുത്തോലയും മഞ്ഞളും നിരത്തി.

അങ്ങിനെ പാതിരാത്രി ആയിക്കഴിഞ്ഞിരിക്കണം. സർപ്പക്കാവ് ആകെ ഇളകിമറിയുന്ന ശബ്ദം. കുളം തുടിച്ചുകളിക്കുന്നനാദം. കുറേനേരം കഴിഞ്ഞു് വാലിൽക്കുത്തിച്ചാടിക്കുത്തിച്ചാടി ഒരു സർപ്പം, ഉഗ്രമായി കത്തിച്ച നയനങ്ങളും നീട്ടിയ നാക്കുമായി ആ മറപ്പുരയുടെ ചുററും ചീററിക്കൊണ്ടിഴഞ്ഞു വിഷസംഹാരി വടി ഉയർത്തി അലറി. ആ സർപ്പം കുതിച്ചു പായുകയും ഇഴയുകയും ചെയ്തു

ചീററിച്ചീററി അവൻ ഓടിയെങ്കിലും പിന്നെയും പാടി ച്ചാടി എത്തി.

"ഉം കൊത്തു്"!

"ഉം കൊത്തു്"!

ചീററലിന്റെ ശബ്ദം. അയൽക്കാരും അപരിചിതരും ശ്രദ്ധിച്ചിരുന്നു. വീണ്ടും വിഷസംഹാരിയുടെ ശബ്ദം ഉയന്നു.

"കൊത്തെടാ – കൊത്തു്"!

പക്ഷെ അവൻ കൊത്തിയില്ല വാശി ഉള്ള ആ സപ്പം കാടിളക്കി അവിടെയെത്തിയെങ്കിലും കൊത്താൻ വിസമ്മതിച്ചു. കടിച്ചപാട്ടിൽത്തന്നെ കൊത്തിച്ച വിഷം തിരിച്ചെടുപ്പിക്കുന്നതിനുള്ള ശ്രമത്തിൽ ആ വിഷസംഹാരി പരാജയമടഞ്ഞു. അയാറം ചൂരൽ നിലത്തിട്ടടിച്ചു മഞ്ഞപ്പൊടി തെറിപ്പിച്ചു തെള്ളിഎറിഞ്ഞു. അരിപ്പൊടി വാരി വിതറി. എന്നിട്ടലറി.

"കൊത്തെടാ, കൊത്തു് ...."

അവൻ വാലിൽ കുത്തിനിന്നു ചീററി. ചീററിച്ചീററി ചോര ഛദ്ദിച്ചു. വിഷസംഹാരി ചൂരൽ നിലത്തടിച്ചു അരിപ്പൊടി വാരി വിതറി. മഞ്ഞപ്പൊടി എറിഞ്ഞു. തെള്ളി കത്തിച്ചു. എന്നിട്ടും അവൻ കൊത്തിയില്ല. ഭാരതിഅമ്മയുടെ മൂടിപ്പുതച്ചിട്ടിരിക്കുന്ന ശവത്തിനു മുകളിൽക്കൂടി ആ സപ്പം വാലിൽക്കുത്തിച്ചാടി. ചീററിച്ചീററി ചോര ഛദ്ദിച്ചു വിഷസംഹാരി കുഴങ്ങി. അയാറം ചൂരൽ നിലത്തടിച്ചു. തെള്ളി എറിഞ്ഞു. ശക്തിയായി മഞ്ഞറം എറിഞ്ഞു. ചൂരൽ ചുഴററി.

എന്നിട്ടും അവൻ വിഷം വലിച്ചില്ല. അവൻ ചീററുക യും ചോര ഛർദ്ദിക്കുകയും മാത്രമേ ചെയ്തുള്ളൂ.

ഒടുവിൽ ചീററിച്ചീററി ചോര ഛർദ്ദിച്ചു ആ സർപ്പവീരൻ ചത്തുവീണു. വിഷസംഹാരി ഇതികർത്ത വ്യതാമൂഢനായിരുന്നുപോയി.

പിറേറന്നു രാവിലെ ഭാരതിഅമ്മയുടെ ശവം തെക്കു പുറത്തും സർപ്പത്തിൻെറ ജഡം വടക്കുവശത്തും ദഹിപ്പി ക്കപ്പെട്ടു. നളിനിയുടെ ഹൃദയംപൊട്ടിയുള്ള കരച്ചിലും നെഞ്ചത്തിടിയും മറിയപ്പെമ്പിളയുടെ കണ്ണുനീർ പൊഴി ക്കലും കണക്കിനു നടക്കുകയും ചെയ്തു.

മേല്പോട്ടു നോക്കിയാൽ ആകാശവും കീഴ്പ്പോട്ടു നോക്കിയാൽ ഭൂമിയും മാത്രമാണ് തന്റെ ജീവിതത്തിൽ ആശ്രയങ്ങളായുള്ളതെന്നു കരുതി നളിനി ദുഃഖിച്ചിരുന്നു. അന്ന് ഏതാണ്ടൊരു പാതിരാത്രിയിൽ കോവിലകത്തെ വേലുമ്മാവനും നാരായണിപ്പിള്ളയും ആ കുടുംബത്തി ലേക്കു കടന്നുവന്നു. അപ്പോഴും തെക്കുവശത്തെ ചിത യിൽനിന്നും ധൂമപാളികൾ ഉയരുന്നുണ്ടായിരുന്നു.

വേലുമ്മാവൻെറ ശബ്ദം കേട്ടമാത്രയിൽ നളിനി "അമ്മാവാ ....." എന്നു ദീനമായി കരഞ്ഞുകൊണ്ട് ആ പാദങ്ങളിൽ കെട്ടിപ്പിടിച്ചു. ഭയചകിതനായി കുടുംബത്തിലേക്ക് ഒരപരാധിയേപ്പോലെ കയറിവന്ന വേലുമ്മാവൻ ചോദിച്ചു.

"ഭാരതിയെവിടെ. എടീ. എൻെറ ഭാരതിയെ വിടെ......"? അയാൾ ഗൽഗ്ഗദകണ്ഠനായി.

"അമ്മ.... അമ്മ പോയി അമ്മാവാ. അമ്മ

പോയി.” നളിനി കരഞ്ഞുകൊണ്ടിരുന്നു.

കഥ അറിയാതെ വിഷണ്ണനായ വേലുമ്മാവൻ നോക്കിനില്ക്കുകയേ ചെയ്തുള്ളൂ.

## 4

“മോക്ക് ഒരെഴുത്തെഴുതാമോ”?

“ആർക്കാ അമ്മായി”?

“എൻെറ മോന്.”

“അമ്മായിക്കു മകനുണ്ടോ”?

“ഉണ്ടു മകളെ. നിന്നേക്കാൾ വലിയ ഒരുത്തൻ.”

“ആ മകനെവിടെയാ അമ്മായി”?

“കോഴിക്കോട്ടെവിടെയോ ആ മോളേ.”

നാരായണിപ്പിള്ള വെററില മുറുക്കിക്കൊണ്ടിരുന്നപ്പോഴാണ് ആ ഓർമ്മ ഉണ്ടായത്. കുടുംബത്തിൽനിന്നും പോന്നതിൽപ്പിന്നീട് നാരായണൻകുട്ടിയ്ക്ക് ഒരെഴുത്തെഴുതിയിട്ടില്ല. കോവിലകത്തു വന്നിട്ടു ഒന്നുരണ്ടു മാസം കഴിയുകയും ചെയ്തിരിക്കുന്നു. മുൻപ് ആരെയെങ്കിലും വിളിച്ചെഴുതിക്കുമായിരുന്നു. അതിന് ഇപ്പോൾ സൗകര്യവുമില്ല.

വേലുമ്മാവൻ മുൻപിലത്തേതിലും ക്ഷീണിച്ചുപോയി. ഭാരതിഅമ്മ ആകസ്മികമായി നിര്യാതയായതി

ലുള്ള ദുഃഖവും നളിനിയെക്കുറിച്ചുള്ള വിചാരവുമാണു വൃദ്ധന്ന് അസ്വാസ്ഥ്യം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതു്. അയാൾ ഉദ്ദേശിച്ചിരുന്ന രസവും ഉന്മേഷവും ഒന്നുമല്ല ജീവിതത്തിനിന്നുള്ളതു്.

അങ്ങിനെ ഉന്മേഷരഹിതനായി, ശോകാകുലനായി കഴിയുന്ന വേലുമ്മാവൻ നാരായണിപ്പിള്ളയോടുതന്നെ ഉരിയാടാറില്ല. മനസ്സിൽ അള്ളിപ്പിടിക്കുന്ന ഏകാന്തതയും മനോവിചാരങ്ങളും തങ്ങിക്കിടക്കുമ്പോൾ നിഷ്കളങ്കയായ നളിനി മഴവില്ലുപോലെ വന്നു മന്ദഹസിക്കുകയും കുശലം പറയുകയും ചെയ്യുമ്പോഴാണു് നാരായണിപ്പിള്ളയ്ക്കു് ആ വീടു് തനിക്കും പ്രിയംകരമായിട്ടുള്ളതാണെന്നു ബോദ്ധ്യപ്പെടുക.

അങ്ങിനെ ഒരു ദിവസം നാലുകെട്ടിൽ ചുമ്മാതിരുന്നോർമ്മകൾ പുതുക്കിയപ്പോഴാണു് നാരായണൻകുട്ടിയെപ്പററി വേദനിക്കുവാനുള്ള മറെറാരവസരം ഉണ്ടായതു്. പെട്ടെന്നു നളിനി ഒരു പൊട്ടിപ്പെണ്ണിനെപ്പോലെ ചാടിക്കുതിച്ചോടിവന്നു.

അവൾ ചോദിച്ചു:—

"അമ്മായി എന്തൊന്നാ ആലോചിക്കുന്നതു്"?

ഒന്നുംമിണ്ടാതെ, കട്ടുത്ത വേദനയുടെ കവാടങ്ങളും തുറന്നിട്ടുകൊണ്ടു്, അതിലല്പം സംതൃപ്തിക്കു വകയുണ്ടെന്നു മനസ്സിലാക്കിക്കൊണ്ടു്, നാരായണിപ്പിള്ള ചോദിച്ചു:—

"മോക്കു് ഒരെഴുത്തെഴുതാമോ—"?

"എഴുതാം അമ്മായി."

"എന്നാലെഴുതു്."

അവരം ഒരു നോട്ടുബുക്കിൽനിന്നും കടലാസു കീറി എടുത്തു. പെൻസിലും നോക്കി എടുത്തു.

കൃത്താടി ഓടുന്ന കിടാവിനേപ്പോലവരം തിരിച്ചു വന്നു ചോദിച്ചു:—

"അമ്മായിയുടെ മകൻ എത്രനാളായി പോയിട്ട്"?

"ഏഴു കൊല്ലം കഴിഞ്ഞു മോളേ."

"എന്താ പോയത്......"?

അതു് സങ്കീർണ്ണമായ ഒരു കഥയാണു്. ആ കഥയുമായി നാരായണിപ്പിള്ളയുടെ ലൈംഗികജീവിതത്തോളം പഴക്കവുമുണ്ടു്. അതൊന്നും തുറന്നു പറഞ്ഞുകൂടാത്തതാണു്. പറഞ്ഞാൽ തൃപ്തിമാററാൻ കഴിയാത്ത, ഉല്ക്കടമായ വേദന പിന്നെയും പേറിക്കൊണ്ടു് താൻ നടക്കുകയാണു് ചെയ്യുന്നതെന്നു് കേരംക്കുന്നവരെ കൂടി ബോദ്ധ്യപ്പെടുത്താമെന്നല്ലാതെ അതിന്നു് പ്രത്യേകമായ യാതൊരു നേട്ടവും ഉണ്ടാകുകയില്ലെന്നും നാരായണിപ്പിള്ളയ്ക്കറിയാം..

അവർ പറഞ്ഞു:—

"ഒരു കാലത്തങ്ങിനെയൊക്കെ വന്നു കുഞ്ഞേ ...."?

പെട്ടെന്നു നളിനിയ്ക്കു് എന്തോ ചോദിക്കാനുള്ളതു പോലെ തോന്നി. ആ മുഖഭാവം കണ്ടപ്പോരം നാരായണിപ്പിള്ള ഭയന്നുപോയി. എഴുത്തെഴുതാൻ തക്കവണ്ണം കടലാസു കീറി മടക്കി തയ്യാറാക്കിവച്ചുകൊണ്ടു് നളിനി അവളുടെ സംശയം പൂർത്തീകരിക്കുന്നതിനു ചോദിച്ചു.

"അമ്മായിയുടെ രണ്ടാമത്തെ കല്യാണമാ ഇതല്ലേ"?

എല്ലാം അറിഞ്ഞുകൊണ്ടു്, ഒന്നും അറിഞ്ഞില്ലെന്നു ഭാവിച്ചു്, തൻെറ മൃദുലമായ ഹൃദയതലത്തിൽ നൊമ്പരം

കൊള്ളിക്കുവാൻ യത്നിക്കുകയാണ് നളിനിയെന്നു നാരായണിപ്പിള്ള സംശയിച്ചു. അവർ പറഞ്ഞു:—

"എന്നോടൊന്നും ചോദിക്കരുതു കുഞ്ഞേ. ഞാൻ മഹാപാപിയാണ്."

നാരായണിപ്പിള്ളയുടെ മുഖത്തങ്കുരിച്ച ഭാവപ്രകടനങ്ങൾ നളിനിയെ തെല്ലു ചിന്തിപ്പിച്ചു. അവൾ വിചാരിച്ചു:—

അമ്മായിയുടെ മകൻ നല്ലവനായിരുന്നിരിക്കും. പറഞ്ഞാൽ കേൾക്കുകയും അമ്മായിയെ സഹായിക്കുവാൻ തയ്യാറായിനില്ക്കുകയും ചെയ്യുന്നവനായിരുന്നിരിക്കാം. പക്ഷെ ആ നല്ല മകൻ ഒരു സുപ്രഭാതത്തിൽ ആരോടും പറയാതെഇറങ്ങിപ്പോയിരുന്നിരിക്കാം. ഏതായാലും ആ വേദന അമ്മായിക്ക് സഹിക്കാൻ കഴിയാത്തതാണ്. ആ മകനെക്കുറിച്ചുള്ള ചിന്തകൾക്ക് ഇടം നല്കിയതു് തെററായിപ്പോയി. അതിൽ നളിനി പശ്ചാത്താപം പ്രകടിപ്പിച്ചു.

എന്നിട്ടു പറഞ്ഞു:— "പറ അമ്മായി എന്തെഴുതണം?"

നാരായണിപ്പിള്ളയ്ക്കപ്പോഴാണു കൂടുതൽ വിഷമം തോന്നിയതു്. നളിനി അവളുടെ സംശയങ്ങൾക്കു വിരാമമിട്ടിരിക്കുന്നു. അവൾ തന്റെയും മകന്റെയും രഹസ്യങ്ങൾ അറിഞ്ഞിരിക്കുമോ? തീർച്ചയായും വേലുമ്മാവനുമായുള്ള വിവാഹത്തെക്കുറിച്ചു പറഞ്ഞറിഞ്ഞിട്ടുള്ള എല്ലാവരും തനിക്കധികപ്പററായി കിട്ടിയ നാരായണൻകുട്ടിയേപ്പററിയും പറഞ്ഞിരിക്കയില്ലേ? തൻെറ തലസമ്പ്രദായമായ മകനെ കൈവെടിഞ്ഞിട്ടു പോയ അവൻെറ

പിതാവിനെപ്പററിയും ആ വിവാഹമോചനത്തെപ്പററിയും നളിനി ചോദിക്കുകയില്ലേ? പിന്നീട് ഒരു വിവാഹം നടത്തിയതിൽ ആ മകനുള്ള രൂക്ഷമായ എതിർപ്പുകാരണമാണവൻ മടങ്ങാത്തതെന്നുമുള്ള സത്യം മററാരും അറിയപ്പെടാതെ എത്രനാളെന്നുവെച്ച് ഒളിക്കാൻ കഴിയും?

കുറേനേരത്തേക്ക് ഇരുവരും ഒന്നും ഉച്ചരിച്ചില്ല. നാരായണിപ്പിള്ളയാണാനിശ്ശബ്ദതയെ തള്ളിപ്പൊട്ടിച്ചത്.

അവർ പറഞ്ഞു:—

"മോളൊരു എഴുത്തെഴുത്. എന്റെ മോൻ തിരിച്ചുവരണമെന്നും അമ്മയ്ക്ക് മോനേക്കാണാഞ്ഞിട്ട് ദുഃഖമുണ്ടെന്നും എഴുത്. അമ്മച്ചി ചാകാറായെന്നും എഴുതിയേരെ......"

നാരായണിപ്പിള്ളയുടെ നയനങ്ങൾ പൊട്ടി ഒഴുകി. അവർ ഗൽഗ്ഗദകണ്ഠയായി, വാചാവമൂകയായി എഴുന്നേററുപോയി.

അതും നോക്കിക്കൊണ്ട് നളിനി ഇരുന്നു. എന്നിട്ടവൾ തിരിഞ്ഞ് ഒരു നീണ്ട കത്തെഴുതി. അതിന്റെ അവസാനം ഇങ്ങിനെ എഴുതിച്ചേർത്തു

"എന്ന് നിന്റെ സ്വന്തം അമ്മ."

പക്ഷേ ആ കത്തിൽ ഒപ്പിട്ടത് നളിനിയായിരുന്നു. ഇംഗ്ലീഷിൽ കുരുകുരാ എഴുതിയ വാക്കുകൾ ചുററിക്കെട്ടി ഒരൊപ്പ്. എന്നിട്ടതു നാരായണിപ്പിള്ളയെ വായിച്ചു കേൾപ്പിച്ചു.

ആ കത്തുമായി വെളിയിലേയ്ക്കിറങ്ങിപ്പോയ നളി

A1531



നിയെ സ്നേഹമുള്ള ഒരു മാതാവിനെപ്പോലെ നാരായണിപ്പിള്ള നോക്കിനിന്നു.

കുറെ ദിവസങ്ങൾക്കു ശേഷം നാരായണൻകുട്ടിയുടെ ഒരു കത്തു വന്നു. ആ കത്തിൽ വികാരത്തിന്റേയും വേദനയുടേയും അനുഭൂതികൾ ഉടനീളം കാണാമായിരുന്നു. അതു വായിച്ചുവായിച്ചു നാരായണിപ്പിള്ള കരഞ്ഞു. നളിനിയും കരഞ്ഞുപോയി.

അതിനൊരു മറുപടി നളിനിയെഴുതി. നാരായണിപ്പിള്ളയ്ക്കതു പിടിച്ചു. അതിന്റെ അവസാനം "നീ തീർച്ചയായും വരണേ." എന്നുകൂടി എഴുതി ചേർത്തപ്പോഴാണ് നാരായണിപ്പിള്ളയ്ക്കു് സന്തോഷമായതു്. ആരോടും ചോദിക്കാതെ നളിനി സ്വമേധയാ എഴുതിയ വാചകമായിരുന്നു അതു്.

അതെഴുതി തപാൽ ചെയ്തുകഴിഞ്ഞപ്പോഴാണ് തൻെറ വീട്ടിലേക്ക് അന്യനായ ഒരു പുരുഷൻ അടുത്തു തന്നെ വന്നുചേരാൻ പോകുന്നു എന്ന ഓർമ്മ നളിനിക്കുണ്ടായതു്.

അയാൾ കറുത്തിരിക്കുമോ? അതോ അമ്മായിയെപ്പോലെ വെളുത്തിരിക്കുമോ? മുഖത്തു മീശ ഉണ്ടായിരിക്കുമോ? ഉഗ്രമായി സൂക്ഷിച്ചുനോക്കുന്നവനാണോ? സിഗററുവലിക്കുന്ന ആളാണോ? അങ്ങിനെ നിരവധി കാര്യങ്ങൾ അറിയാനുണ്ട്. എങ്ങിനെ അമ്മായിയോടു ചോദിക്കും? ചോദിച്ചാൽ അമ്മായിയ്ക്കെന്തു തോന്നും?

എന്നാലും നളിനി ചോദിച്ചു:—

"അമ്മായിക്ക് മോനേക്കാണാൻ വല്യ ആശയാ അല്ലേ?"

"ആണന്നോ? എൻെറ മോളേ എനിക്കവനെന്നു വെച്ചാൽ ജീവനാ കുഞ്ഞേ. അവൻ വരുമോ ആവോ?"

നളിനിക്കു സംശയം തോന്നി. ഇനി വരത്തില്ലായിരിക്കും? അഥവാ വന്നാൽ എങ്ങിനെയൊക്കെയാണു് പെരുമാറേണ്ടതു്?

അങ്ങിനെ ഇരിക്കേ ഒരു കത്തുകൂടി വന്നു. അതു നളിനി പൊട്ടിച്ചു വായിച്ചു. നാരായണിപ്പിള്ള തുള്ളിച്ചാടി:

നാരായണൻകുട്ടി ഒരാഴ്ചയ്ക്കകം വന്നുചേരുമെന്നായിരുന്നു കത്തിൻെറ സാരം. അന്നു വേലുമ്മാവൻ വന്നപ്പോൾ നാരായണിപ്പിള്ള സൗമ്യമായടുത്തു ചെന്നു. എന്നിട്ടു പറഞ്ഞു:—

"നാരായണൻകുട്ടി വരുന്നുണ്ടു്!"

"എന്തിനു്?"

വേലുമ്മാവൻ സിംഹഗർജ്ജനം നടത്തി. നാരായണിപ്പിള്ള കിലുകിലാ വിറച്ചു. നളിനി അങ്ങോട്ടെത്തിനോക്കി. എന്നിട്ടു പിൻവാങ്ങി.

"ഞാനെന്നാൽ വിളക്കുകത്തിക്കട്ടെ നിൻെറ മകനെ എതിരേല്ക്കാൻ......"

വേലുമ്മാവൻ വീണ്ടും തിരിഞ്ഞുനിന്നു ചോദിച്ചു. ആ ശബ്ദം കോവിലകമാകെ കുലുക്കി. വേലുമ്മാവൻ പടപടാ നടന്നു. മെതിയടിയുടെ നാദംമാത്രം ശേഷിച്ചു. നാരായണിപ്പിള്ളയുടെ തലയിൽ ആയിരം പൊന്നീച്ചകൾ ഒന്നിച്ചു പറന്നു.

Book is good

Not interesting

# അദ്ധ്യായം നാലു്.

This is every good

Very Bad Book

14-6-62

൨

ഇരുനിറവും പൊക്കക്കുറവുമായിരുന്നു നാരായണൻകുട്ടിക്ക്. കണ്ടാൽ അത്ര കൗതുകം തോന്നാത്ത ദേഹപ്രകൃതം. ഒററനോട്ടത്തിൽത്തന്നെ നളിനിക്ക് ആ മനുഷ്യനോട്ട് വെറുപ്പുതോന്നി. എന്നാലും അമ്മായിയോടുള്ള സ്നേഹവും ബഹുമാനവും ചിലപ്പോഴെല്ലാം നാരായണൻകുട്ടിയോടും പ്രകടമാക്കേണ്ടിവന്നിട്ടുണ്ട്.

മകൻ വന്നതിൽപ്പിന്നീട്ട് നാരായണിപ്പിള്ളയ്ക്ക് മുൻപിലത്തേതിലും ഉത്സാഹമുണ്ട്. മുഖത്തങ്കുരിച്ചിരുന്ന വിഷാദം ക്രമേണ മാറാൻ തുടങ്ങി. എങ്കിലും വേലുമ്മാവന്റെ സ്വഭാവവും പെരുമാററവുമാണ് ആ സ്ത്രീയ്ക്ക് കൂടുതൽ വ്യഥ ഉണ്ടാക്കിക്കൊണ്ടിരുന്നത്. അയാൾ കയറിവരും. പറമ്പിൽ ചുററിക്കറങ്ങും. തെങ്ങിന് സ്വന്തം കൈകൾകൊണ്ടുതന്നെ തടംപിടിക്കും. വഴിയിൽക്കിടക്കുന്ന ചാണകവും ചപ്പും അതിനു ചുവട്ടിൽക്കൊണ്ടിടും. എന്നിട്ട് നളിനിയെ വിളിക്കും. എന്തെങ്കിലും വാങ്ങിക്കഴിക്കും. ഇറങ്ങിപ്പോകുകയും ചെയ്യും.

ഇതിലപ്പുറം ഒന്നും നടക്കാറില്ല. വേലുമ്മാവൻെറ ജീവിതത്തിൽ എന്തെന്നില്ലാത്ത വ്യതിയാനം സംഭവിച്ചിരിക്കുന്നു. ആ കദനം കുറേശെ മാററിയെടുക്കുവാൻ നാരായണൻകുട്ടിയുടെ ആഗമനത്തിനു കഴിഞ്ഞിട്ടുണ്ടോ?

അയാൾ വന്നു എന്ന വിവരം വേലുമ്മാവൻ വൈകിട്ടാണറിഞ്ഞത്. അന്ന് ആററരുകിൽവച്ചാരോ പറഞ്ഞറിയുകയായിരുന്നു. കോവിലകത്തെക്കു കാലുകുത്തിയപ്പോൾ ഇരുനിറക്കാരനായ ഒരു കുററിയാൻ നില്ക്കുന്നു. അടുത്ത് നാരായണിപ്പിള്ളയുമുണ്ട്. വേലുമ്മാവൻ ഊഹിച്ചു. നാരായണിയുടെ മകനായിരിക്കും. ജീവിതത്തിൽ അനാദ്യമായി ആ കൊച്ചനെക്കാണുകയാണ്. വേലുമ്മാവൻ ചോദിച്ചു:—

"നീ എപ്പം വന്നു......?"

"ഇന്നുച്ചയ്ക്ക്......"

ഔദാര്യപൂർവ്വം നാരായണൻകുട്ടി മറുപടി പറഞ്ഞു.

"എവടായിരുന്നു ..?"

വേലുമ്മാവൻെറ ചോദ്യമാണ്.

"കോഴിക്കോട്ട്......"

"കോഴിക്കോട്ടെവിടാ...?"

"കുറെ കിഴക്കാ."

"പേരില്ലേ?"

"വയനാട്ടില്."

"ഓഹോ....."

"എന്തായിരുന്നു തൊഴില്?"

"..............."

"കാഞ്ഞിനടക്കുവായിരുന്നോ...?"

നാരായണൻകുട്ടി മിണ്ടാതെ നിന്നു. വേലുമ്മാവൻ ചോദിച്ചു

"എന്നു പോകുന്നു...?"

"ഒന്നും നിശ്ചയിച്ചില്ല..."

"എന്നാൽ എളുപ്പം നിശ്ചയിച്ചോണം" എന്നു മുഖത്തടിക്കുന്ന ഭാഷയിൽ വേലുമ്മാവൻ പ്രതിവചിച്ചിട്ടെഴുന്നേററുപോയി.

പൂനിലാവു പരന്നൊഴുകുകയാണു്. നിലാവിൽക്കുളിച്ചുകിടക്കുന്ന മുററത്തു വേലുമ്മാവൻ ചിന്താനിമഗ്നനായി നടക്കുകയാണു്.

നാരായണിപ്പിള്ളയ്ക്കു് ഇതിലധികം വേദന തോന്നിയ ഒരവസരം ഉണ്ടായിട്ടില്ല. ഉൽക്കടമായ വേദനയും ദുസ്സഹമായ ദുഃഖവും പൂണ്ടു്, അവർ ആ അറവാതുക്കൽ താടിക്കു കൈകളും ഊന്നി ഇരുന്നു. നിന്നിമേഷനായി എന്തു ചെയ്യേണ്ടു എന്നു് ആലോചിക്കുവാൻപോലും കഴിയാതെ വികാരവിവശനായി നാരായണൻകുട്ടി അരപ്രേസിൽ ഇരുന്നുപോയി. തെല്ലുനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം സാവധാനം മകന്റെ സമീപത്തെയ്ക്കെഴുന്നേററു ചെന്നു് കണ്ണുനീർ തുടച്ചുകൊണ്ടു് നാരായണിപ്പിള്ള പറഞ്ഞു:—

"നീ ഒന്നും വിചാരിക്കരുതു മോനേ. അദ്ദേഹം അങ്ങിനെയാണു് ....."

അവക്കു പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഗൽഗ്ഗദം കൊണ്ടു കണ്ഠമിടറി. ആ മകന്റെ കൈകൾ കവർന്നു

കൊണ്ടു് നാരായണിപ്പിള്ള മുഴമിപ്പിച്ചു.

"എന്റെ മോൻ ഒന്നും വിചാരിക്കരുതു്. എല്ലാം നമ്മുടെ തലേലെഴുത്താ മോനേ......"

ആ രംഗം കണ്ടുകൊണ്ടു നില്ക്കുവാൻ നളിനിക്കു കഴിഞ്ഞില്ല. അവൾ അകത്തേക്കു കയറിപ്പോയി. അമ്മായിയുടെ അനുഭവങ്ങളോർത്തു സ്വസ്ഥയാകുകയും ചെയ്തു.

* * * *

അമ്മയും മകനും ഒററയ്ക്കായി. അപ്പോൾ അമ്മ മകനോടു ചോദിച്ചു:—

"അങ്ങിനെ അങ്ങു പോകട്ടെന്നുവയ്ക്കാമോ? നമുക്കും കിട്ടേണ്ടതല്ലേ? നീ ഒന്നു ചെന്നന്വേഷിക്കണം .."

"എനിക്കു വയ്യാ. എന്തിനാ കോപിച്ചിറങ്ങിപ്പോന്നെ ?"

അതു് ഒരു ചോദ്യമല്ലേ? നിരവധി സംഭവങ്ങളിൽ പശ്ചാത്താപം രേഖപ്പെടുത്തി മാപ്പപേക്ഷിക്കപ്പെടേണ്ടതല്ലേ? ഒരമ്മയുടെ ധിക്കാരമാണോ? അതോ ഒരു ഭാര്യയുടെ ത്യാഗമാണോ? ഏതാണിവിടെ വിജയിച്ചിരിക്കുന്നതു്? ഒരു ഭാര്യ ജയിച്ചിരിക്കാം. ഒരു കാമുകി പരാജയപ്പെടാതിരുന്നിരിക്കാം. പക്ഷേ ഒരമ്മ! ഇവിടെ പരാജയപ്പെടുകയല്ലേ ചെയ്തിട്ടുള്ളതു്? കുടുംബത്തിൽനിന്നെന്തിനിറങ്ങിപ്പോന്നു? സിരകളിൽ ചൂടു പകന്നിരുന്ന കുടുംബത്തിലെ അന്തരീക്ഷം ആരോടു ചോദിച്ചുകൊണ്ടു കൈവെടിഞ്ഞു? അതു ചെയ്യാവതായിരുന്നോ?

അങ്ങിനെ ആ മകനു എന്തൊക്കെ ആയിരിക്കാം

ചോദിക്കുവാനുള്ളതു്? അവൻ എല്ലാം എണ്ണി എണ്ണി ചോദിക്കുവാനുള്ള ഭാവമാണോ കൈവരിച്ചിരിക്കുന്നതു്?

നാരായണിപ്പിള്ള പറഞ്ഞു:—

"ഞാനാ തെററുകാരി. എന്നോടു മോൻ ക്ഷമിക്കണം."

"എന്തു ക്ഷമിക്കാൻ...?"

"നീ കളപ്പുരയിൽപ്പോയി ഒന്നു നോക്കണം."

"എനിക്കു മനസ്സില്ല"

"ഇല്ലെങ്കിൽ വേണ്ട. ഞാനിവിടുത്തെ വേലക്കാരിയായിട്ടു ചത്തോളാമെടാ – ചത്തോളാം .."

ആരും ഒന്നും മിണ്ടിയില്ല. ഒരു ജീവിതകാലകഥമുഴവൻ ആ അമ്മയ്ക്കു് പറയുവാനുണ്ടു് അതു കേൾക്കുവാനുള്ള ആഗ്രഹവും ആ മകനുണ്ടു്. പക്ഷെ വൈകാരികമായി ആ അമ്മയും മകനും സംഘട്ടനത്തിൽപ്പെട്ടു നില്ക്കുകയാണ്. നാരായണിപ്പിള്ളയുടെ നയനങ്ങൾ സജലങ്ങളായി.

അവർ പറഞ്ഞു:—

"നീ ഒരു മകൻ എനിക്കില്ലെന്നു ഞാൻ കരുതിയേക്കാം ."

"പിന്നെന്തിനെന്നെനിക്കെഴുതി തിരിച്ചുവരാൻ? തോന്ന്യവാസം കാണിച്ച വല്ലവന്റേയും കൂടെ.... "

നാരായണൻകുട്ടി പൂർത്തിയാക്കിയില്ല അതിനു മുൻപു നാരായണിപ്പിള്ള അവന്റെ കരണത്തു് ശക്തിയായൊരടിയടിച്ചു.

"നിറുത്തെടാ...നിറുത്തു്." ആ സ്ത്രീ കണ്ണുപൊത്തി കരഞ്ഞു. നാരായണൻകുട്ടി തുറിച്ചുനോക്കിക്കൊണ്ടു

നിന്നു.

നളിനി ആ രംഗത്തേക്കു് ഒരു മാലാഖയേപ്പോലെ കടന്നുവന്നു. അവൾ നാരായണിപ്പിള്ളയെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടുപോയി. നാരായണൻകുട്ടിവാകട്ടെ അരപ്രേസിൽ കമഴ്ന്നടിച്ചുകിടന്നുകളഞ്ഞു.

## 2

കളപ്പുരയിൽ ഇന്നു താമസിക്കുന്നതു്, കുഞ്ഞിക്കാവമ്മയും ഭർത്താവും കുട്ടികളുമാണു്. ചെറിയ ചെറിയ തുണ്ടുകളായി കുടുംബം വീതിച്ചുപോയി. ചിലർ ഭാഗ ഉടമ്പടി ഒപ്പുവച്ചു സ്ഥലം തീറായി വില്പനയും നടത്തിക്കഴിഞ്ഞു. അതിൽ ഗൗരിക്കുട്ടിക്കു കിട്ടിയ സ്ഥലം കുഞ്ഞിക്കാവമ്മ വിലയ്ക്കു വാങ്ങി താമസം തുടങ്ങിയതാണു്.

നാരായണിപ്പിള്ളയ്ക്കും ഭാഗപ്രകാരം ഒരോഹരി ഉണ്ടായിരുന്നു. കുടുംബത്തിലെ കാര്യസ്ഥയായി ജീവിച്ചുപോന്ന നാരായണിപ്പിള്ളയ്ക്കു് ഉചിതമായ ഒരു സ്ഥാനംതന്നെ മാററിവയ്ക്കപ്പെട്ടിരുന്നു. അതു് കളപ്പുരയുടെ തെക്കേക്കോണിൽ പടിഞ്ഞാട്ടു നീങ്ങി എഴുപതു സെൻറു് സ്ഥലമാണു്. ആ സ്ഥലത്തു് ഏഴു തെങ്ങും, മൂന്നു കരിംപ

നകളും, ഒരു പുന്നയും, ഒരു പ്ലാവും, കറുകയും വള്ളിപ്പട പ്പുകളും തഴച്ചുവളരുന്ന ഒരു സർപ്പക്കാവുമാണുണ്ടായിരു ന്നതു്. അതിന്റെ കിഴക്കുവശത്തു് ഒരു കരിങ്കൽപ്രതിമയും.

ആ പ്രതിമ പഞ്ചലോഹങ്ങൾകൊണ്ടുണ്ടാക്കിയ ഒരു തകിടു് സ്ഥാപിച്ചതിന്റെ മുകളിൽ പണിതിട്ടുള്ളതാ ണു്. ആ തകിടിന്റെ സംരക്ഷണ നല്കുകയായിരുന്നു കരിങ്കൽപ്രതിമ. കുടുംബത്തിലെ മരിച്ചുപോയ പ്രതാ പശാലികളെയെല്ലാം കുടിയിരുത്തിയിരിക്കുന്നതും ആ എഴുപതു സെൻറു് സ്ഥലത്താണത്രേ. അങ്ങിനെ ഒരു പുണ്യഭൂമിയുടെ ഉടമാവകാശവും നാരായണിപ്പിള്ളയ്ക്കു കിട്ടി.

ഈ വിവരം അറിഞ്ഞതു് നാരായണൻകുട്ടി കളപ്പു രയിൽ ചെന്നതിനു ശേഷമാണു്. അവൻ ആ വീടു മുഴുവൻ ചുററിനടന്നു. അപ്പോൾ കുഞ്ഞിക്കാവമ്മ ചോദിച്ചു:—

"നീ എന്നാടാ ഉവ്വേ വന്നതു്...?"

"കുറച്ചുനാളായി "

നാരായണൻകുട്ടി അലസമനസ്കനായി പ്രതിവചി ച്ചു.

"സുഖമാണോ.....നാരായണിച്ചേച്ചിയെ കാണാൻ പോയില്ലേ......?"

"പോയി.."

"എങ്ങനിരിക്കുന്നു? അമ്മയ്ക്കും അച്ഛനുമൊക്കെ സുഖമാണോ?"

കുഞ്ഞിക്കാവമ്മയുടെ സംസാരത്തിന്റെ പൊരുൾ

മനസ്സിലാക്കിക്കൊണ്ടു നാരായണൻകുട്ടി പറഞ്ഞു.

"സുഖമാ – സുഖംതന്നെയാ..."

അവൻ സർപ്പക്കാവിൻെറ സമീപത്തേക്കു നടന്നു. ചുററും നില്ക്കുന്ന വൃക്ഷങ്ങളിൽ ശ്രദ്ധപതിഞ്ഞു. ആ പുന്നാമരത്തിൽ കിളികൾ പറന്നുല്ലസിക്കുന്നു. പ്ലാവിൽ കിടന്ന ചക്ക അടത്തിയെടുത്തതിൻെറ പാടുകൾ മാത്രം ശേഷിച്ചിട്ടുണ്ട്.

അവൻ തിരിച്ചുകോവിലകത്തേക്കു പോയി. പോകുംവഴി ആലോചിച്ചു:—

എന്തിനീ ദുഃഖത്തിൻെറ മരുഭൂമിയിലേക്കു തിരിച്ചുപോന്നു? രാജ്യംവിട്ടു പോയതിനു ശേഷം ഹൃദയം നൊന്തു ദുഖിക്കുന്നത് ഇപ്പോഴാണ്. തന്റെ അമ്മയെ ദുഃഖിതയായിക്കാണുമ്പോൾ മനസ്സിൽ തീരാത്ത വേദനയാണനുഭവപ്പെടുക. നൊമ്പരംകൊള്ളിക്കുന്ന ഈ പ്രദേശത്തുനിന്ന് എങ്ങിനെ ഒന്നോടിപ്പോകും?

പണ്ടായിരുന്നെങ്കിൽ സാധിക്കുമായിരുന്നു. കുടുംബത്തിലെ കാർണ്ണവരുണ്ടായിരുന്നു. എല്ലാം അദ്ദേഹം നല്കും. ആ അവസരത്തിൽ ഒന്നിനേപ്പററിയും ചിന്തിക്കേണ്ടതില്ല പോയിടത്തു പോയി. തിരിച്ചുവന്നാൽ വന്നു. ഗാർഹികമായ ബന്ധങ്ങൾ നന്നേ വിരളമായിരുന്നു. എല്ലാത്തിനും ഏററു ചെയ്യുവാൻ കാർണ്ണവന്മാരുണ്ടായിരുന്നു.

അതൊക്കെ പോയി. തന്റെ മാതാവ് അശരണയായിരിക്കുന്നു. ചിറകില്ലാത്ത കിളിയേപ്പോലെ ഉണക്കച്ചുള്ളികളിൽ വിശ്രമംകൊണ്ട് എത്രകാലം ജീവി

ക്കാൻ കഴിയും? വേലുമ്മാവനാണെങ്കിൽ ഉണക്കച്ചുള്ളിയേക്കാൾ ദുർബ്ബലനാണ്. പണ്ടെങ്ങോ കാലത്ത് പച്ചിലകൾ ആർത്തുപിടിച്ചിരുന്നതിന്റെ സ്മരണകളുമായിക്കഴിയുകയാണ്. ആ മനുഷ്യനും മരിക്കാറായി. അല്ലെങ്കിലും അത്ര സ്നേഹിക്കപ്പെടാൻ കഴിയാത്ത ഒരു പ്രകൃതക്കാരനാണയാളെന്നു തോന്നിപ്പോകുന്നു.

അങ്ങിനെ തപ്തചിന്തകളുമായിട്ടാണ് നാരായണൻകുട്ടി കോവിലകത്തേക്ക് കയറിച്ചെന്നത്.

നാരായണിപ്പിള്ള വളരെക്കരഞ്ഞു. കുടുംബത്തിന്റെ സ്ഥിതി ഓർത്തു കരയാതെന്തു ചെയ്യും?

പക്ഷേ, കരഞ്ഞാൽമാത്രം മതിയോ? കരയാൻപോലും സ്വാതന്ത്ര്യമില്ലാത്ത ആ പാവം സ്ത്രീ കരച്ചിലും അടക്കിക്കളഞ്ഞു. എന്നാലും വിങ്ങിപ്പൊട്ടുകയാണ്.

"ആരാ കരയുന്നെ?"

നേരിയ നാദം വേലുമ്മാവന്റെ മുറിയിൽനിന്നും ഉയന്നു. അയാൾ പനിയും, ചുമയുമായിക്കിടപ്പിലായിരുന്നു. പെട്ടെന്നു കണ്ണുനീർ തുടച്ചുകൊണ്ട് നാരായണിപ്പിള്ള മുറിയിലേക്കു കയറിച്ചെന്നു.

"ഉം. എന്താ...?"

"ഒന്നുമില്ല..."

"ഒന്നുമില്ലെങ്കിൽ കരയണോ?"

കുറേനേരം നിശ്ശബ്ദത നീണ്ടുനിന്നു. അതിനുശേഷം വേലുമ്മാവൻ തുരുതുരാ ചുമച്ചു നാരായണിപ്പിള്ള വേലുമ്മാവന്റെ നെഞ്ചു തിരുമ്മി. പരിഭ്രമത്തോടുകൂടി ആ സ്ത്രീ വേലുമ്മാവനെ തലോടി. അപ്പോഴാണ്, അന്നാ

ഭ്യമായി, ഇതിനു മുൻപൊരിക്കലും നോക്കിയിട്ടില്ലാത്ത വണ്ണം വേലുമ്മാവൻ നാരായണിപ്പിള്ളയുടെ നയനങ്ങളിലേക്കു നോക്കിപ്പോയതു്.

രക്തപ്രസാദം ഇല്ലാത്ത കണ്ണുകൾ. അവ എഴുതി കറുപ്പിച്ചിട്ടില്ല. ഇനി അതാരു കാണാനാണെഴുതുക? മുറുക്കി ചുവപ്പിച്ചിരുന്ന അധരങ്ങൾ വരണ്ടിരിക്കുന്നു. മുഖത്തു കാളിമ പരന്നിരിക്കുന്നു.

"എന്താ...?" നാരായണിപ്പിള്ള തിരക്കി. എന്നിട്ടു ചുമച്ചു തുപ്പിയ കഫം കോളാമ്പിയിൽ പകന്നു കട്ടിലിനടിയിൽ വച്ചു. അയാൾ, കട്ടിലിൽ ഇരിക്കാൻ കൈകൊണ്ടു കാണിച്ചു. നാരായണിപ്പിള്ള ഇരുന്നു.

അവരുടെ കൈകൾ നെഞ്ചത്തമർത്തിക്കൊണ്ടു വേലുമ്മാവൻ പറഞ്ഞു.

"നീ വളരെ ക്ഷീണിച്ചുപോയി. ഞാനും ക്ഷീണിച്ചു......ഇല്ലേ?"

നാരായണിപ്പിള്ള മിണ്ടാതിരുന്നു. പക്ഷെ ഉള്ളിൽ തീ ആളുകയായിരുന്നു.

"നിനക്ക്......അല്ലെങ്കിൽ വേണ്ട......"

വേലുമ്മാവൻ അത്യോക്തിയിൽ വിരമിച്ചു......

"ഞാൻ ഒരു കാര്യം നിശ്ചയിക്കട്ടെ. നിനക്കതിനിഷ്ടമാകുമോ......?"

"പറഞ്ഞാൽ എനിക്കിഷ്ടംതന്നെയാ......"

"എന്നാൽ ഞാൻ പറയട്ടെ......?"

"പറയൂ... .."

"ഞാൻ മരിക്കാറായി. നീ അത്ര ആയില്ല.

ആയോ...? എനിക്കൊന്നും മതിയായില്ലടീ.. ഇല്ല..."

"എന്താ ഇങ്ങിനെ പറയുന്നത്...?"

"ഞാനൊന്നു പറഞ്ഞോട്ടെ..."

വേലുമ്മാവൻ ഒന്നുകൂടി ചുമച്ചു. ആ ചുമയ്ക്ക് ചെമ്പിലടിക്കുന്ന ശബ്ദമായിരുന്നു. അയാൾ തുടന്നു.

"എന്റെ മോളേ നീ നോക്കിക്കോണേ.....അവളു കുഞ്ഞല്ലേ? നീ അവളെ നോക്കിക്കോണം. ഞാൻ പറഞ്ഞാൽ നിനക്കിഷ്ടമാണോ?..... എന്നാ പറയട്ടെ.....?"

"പറഞ്ഞോളൂ. ഞാനെന്തു ചെയ്യണം.?"

"നീ സമ്മതിക്കണം. നിന്റെ മോനെക്കൊണ്ട്—അവൻ നല്ലവനാടീ. അവൻ നന്നായിവരും—എൻെറ കുഞ്ഞിനെ കല്യാണം കഴിപ്പിക്കണം - കേട്ടോ.. നീ കേട്ടോ.. ..."

താൻ ഒരു സാങ്കല്പികലോകത്തിലാണോയെന്നു നാരായണിപ്പിള്ള സംശയിച്ചു. എന്നിട്ടു യാന്ത്രികമായിപ്പറഞ്ഞു .. "നളിനിക്കിഷ്ടമാകുമോ ?"

"അവളെൻെറ മോളാ .സമ്മതിക്കും, സമ്മതിക്കും "

ഇത്രയും പറഞ്ഞശേഷം വേലുമ്മാവൻ നാരായണിപ്പിള്ളയെത്തന്നെ തുറിച്ചുനോക്കിക്കൊണ്ടു കിടന്നു. അവർ മരുന്നെടുത്തു കൊടുത്തു. എന്നിട്ടു പറഞ്ഞു:—

"പുതപ്പിക്കട്ടെ ....?"

"ഓ "

"നീ ഇവിടിരിക്ക്. എൻെറ അടുത്തുന്നു പോകരു

ത്തു് ..നീ. ഇവിടെത്തന്നെ ഇരിക്കുമോ.. ?”

“ഇരിക്കാം .....”

“ഇരിക്കണേ...ഇരിക്കാമെന്നു പറ.”

“ഇരിക്കാം. പോകത്തേയില്ല.”

നാരായണിപ്പിള്ളയെത്തന്നെ സ്പശിച്ചുകൊണ്ടു്, ആ കരങ്ങൾതന്നെ കവന്നുകൊണ്ടു്, കോവിലകത്തെ മൂത്ത കാർണ്ണവർ അങ്ങിനെ അധികദിവസം കിടന്നില്ല. ഒരിക്കൽ, ഒരു തണുപ്പുള്ള രാത്രിയിൽ ആ ഹൃദയസ്പന്ദനവും അവസാനിച്ചു.

# 3

വീണ്ടും അവരാ കണിക്കൊന്നയുടെ ചുവട്ടിൽ സ്വപ്ന സാമ്രാജ്യം കണ്ടെത്തി. മിക്കവാറും എല്ലാ രാത്രികളിലും ആ മരച്ചുവട്ടിൽ കൂടാറുണ്ടായിരുന്നു. തോമസ്സ്, മാളികമുകളിൽനിന്നും താഴെ ഇറങ്ങി, മതിൽ ചാടി പൂത്തുനില്ക്കുന്ന കൊന്നയുടെ ചുവട്ടിലെത്തും. നളിനി അമ്മായിയുടെ മുറിയിൽനിന്നും......!

വളരെ ദിവസങ്ങൾക്കു ശേഷം വീണ്ടും അവർ കാണുകയാണു്.

തോമസ് നളിനിയോടു പറഞ്ഞു:—

“ഞാനിനി തിരിച്ചുപോകുന്നില്ല. എനിക്കു അ

ങ്ങോട്ടു പോകാൻ ഇനി വയ്യാ. യുദ്ധം അവസാനിച്ചു. ഇനി ഇഷ്ടമുണ്ടെങ്കിൽ ചെന്നാൽ മതി..."

നളിനി ചോദിച്ചു:—

"അപ്പച്ചനും അമ്മച്ചിയും സമ്മതിച്ചോ...?"

"അങ്ങനെയൊന്നു് ഞാനങ്ങു തീർച്ചയാക്കി..."

"ഓഹോ..."

അതു പറഞ്ഞപ്പോൾ സങ്കടമാണവൾക്കുണ്ടായതു്. അവളുടെ തുടുത്ത കവിളിണകളിൽ മൃദുലമായി തലോടി കൊണ്ടു് തോമസ്സ് നോക്കിയിരുന്നു. അവൾ ചോദിച്ചു:-

"അപ്പം പോകുന്നില്ലെന്നുവച്ചല്ലേ...?"

"എന്താ സംശയം?"

"ഓ. ഒന്നുമില്ല" അവൾ മുഖത്തങ്കുരിച്ച കദനത്തിന്റെ കരിനിഴൽ തുടച്ചുമാററി. വിളറിയ കപോലങ്ങളിൽ കരതലം ചേർത്തമർത്തി വെള്ളിമേഘങ്ങൾ സഞ്ചരിച്ചിരുന്ന ആകാശത്തിന്റെ കിഴക്കേ അരുകുകളിലേയ്ക്കു നോക്കിയിരുന്നു. അവളുടെ ഈ അലംഭാവം കണ്ടു തോമസ്സ് അത്ഭുതപ്പെട്ടു. അയാൾ ചോദിച്ചു:—

"എന്തുപററി നളിനി?"

"ഒന്നും പററിയില്ല"

"പിന്നെന്താ ?"

"ഒന്നുമില്ല ഞാനിങ്ങനെ കുറേനേരമിരിക്കട്ടെ "

അവൾ ഇരിക്കുകയും അതു നോക്കിക്കൊണ്ടു് തോമസ്സ് കിടക്കുകയും ചെയ്തു. വെള്ളമണലിൽ അങ്ങിനെ കിടന്നപ്പോൾ അയാൾക്കു് ദുഃഖിച്ചിരിക്കുന്ന തന്റെ കാമുകിയേപ്പററി എന്തെന്നില്ലാത്ത വെറുപ്പു തോന്നി.

എങ്കിലും അയാൾ, അവളെ കരവലയത്തിനുള്ളിലാക്കി കൊണ്ടങ്ങിനെ നില്ക്കുന്നതിനുള്ള ആഗ്രഹത്തോടുകൂടി എഴുന്നേററു ചെന്നു.

"എന്നോടു പിണങ്ങിയാണോ?"

"അല്ല."

"എൻെറ സാമീപ്യം ഇഷ്ടമല്ലേ?"

"ഇഷ്ടമാണ്."

"പിന്നെ. പിന്നെന്തൊക്കെയൊ ഇത്?"

ആരും അതിനുത്തരം പറഞ്ഞില്ല. അങ്ങകലെ നിന്നിരുന്ന പുന്നമരത്തിലിരുന്നു രാക്കിളികൾ കൂവി. അവയിൽ ചിലവ ചിറകടിച്ചു പറന്നുപോയി.

"ഇങ്ങു വരൂ നളിനീ!.."

അയാൾ അവളെ താങ്ങിപ്പിടിച്ചുകൊണ്ടു പോയി. വളരെ ദൂരെയല്ലാത്ത ആററരുകിൽ കൊണ്ടു നിത്തി. തണുത്ത ശുദ്ധജലം മുഖത്തു തളിച്ചു.

ഉയന്നുനില്ക്കുന്ന പാറക്കെട്ടുകളുടെ മുകളിൽ തോമസ്സും നളിനിയും ഇരുന്നു. അയാൾ അവളെ മടിയിൽ കിടത്തി. പിച്ചിപ്പൂവും വിയപ്പും കുഴഞ്ഞ മണം നളിനിയുടെ ചുററും തളംകെട്ടിക്കിടന്നിരുന്നു. കന്യകയുടെ കടമിഴികളിലെ കാവ്യശകലങ്ങൾപോലെ നിശാപുഷ്പങ്ങൾ വിരിഞ്ഞുനില്ക്കുന്ന ചുററുപാടുകൾ. തണുത്ത ഇളംകാററിൽക്കളിച്ചു തലതല്ലുന്ന കുററിച്ചെടികൾ. ഇവയുടെ നടുവിൽ, പാലലകളിൽ തത്തിക്കളിക്കുന്ന ഒരന്തരീക്ഷത്തിൽ, ഒരു കാമുകനും പരിക്ഷീണയായ കാമുകിയും. മഞ്ഞുതുള്ളികൾ പച്ചിലകളിൽ അടന്നുവീഴുന്നുണ്ട്.

കൊത്തിവച്ച അതിമനോഹരമായ ദന്തശില്പംപോലെ കിടക്കുന്ന നളിനി. തോമസ് അവളെ ബ്ലൂളകവൃക്ഷത്തിൻെറ ചുവട്ടിലേയ്ക്കെടുത്തുകൊണ്ടുപോയി. അവശം തളന്നു തൂങ്ങിയിരുന്നു.

അയാശം അടുത്തുനിന്ന നിശാഗന്ധിയുടെ ഇല പറിച്ചു വീശി. ദേഹത്ത് തലോടി. കചൻ ദേവയാനിയെയെന്നപോലെ.

അവശം ഞെട്ടി ഉണന്നപ്പോശം അയാശം സിഗററു വലിക്കുകയായിരുന്നു തലയിൽ കെട്ടിയ മഫ്ളറും, ഉടുത്തിരിക്കുന്ന ലിനൻ കൈലിയും എല്ലാം വശ്യവശ്യമായ ഒരനുഭൂതിയിൽ അവളെക്കൊണ്ടെത്തിക്കുവാൻ പററിയവയായിരുന്നു. എങ്കിലും ആ സിഗററുവലിച്ചു ചിരിക്കുന്ന കറുത്ത അധരങ്ങശം കാണുമ്പോശം നിരവധി സ്മരണകശം ഉണ്ടാകുന്നു. അവ മനസ്സിൽ കുളിരേകുന്നു.

അവശം ചോദിച്ചു:—

"ഇനി എന്തു വേണം ..?"

തോമസ് പരിഭ്രമിച്ചുപോയി. "നളിനിക്കെന്തു പററി?" അയാശം തിരക്കി.

"നളിനീ, നളിനിക്കെന്താ...?"

"എനിക്കൊന്നുമില്ല. ഞാൻ ഇനി എന്തു ചെയ്യണം?"

"ഇതേവരെ എന്തു ചെയ്തു?"

"മേലിൽ അതൊന്നും ചെയ്തുകൂടാ."

"എന്താ കാര്യം?"

"ഉണ്ട്. ഇനി ഞാൻ ഇങ്ങോട്ടു വരത്തില്ല. ഇനി

കണ്ടാൽ ഞാൻ നോക്കുകയില്ല. അവസാനമായി......"

അവൾ എഴുന്നേററു. അശക്തയായി വീണ്ടും ഇരുന്നു.

"ഞാൻ ഇനി ഇതൊന്നും ചെയ്യത്തില്ല."

"എനിക്കൊന്നും മനസ്സിലാകുന്നില്ല നളിനി."

"എല്ലാം മനസ്സിലായിക്കൊള്ളും."

മേഘപാളികൾ ആകാശത്തു നൃത്തംവച്ചു. മന്ദമാരുതൻ ചുററി അടിച്ചു. പച്ചിലകൾ പൊട്ടിച്ചിരിച്ചു. തെങ്ങോലകൾ ചലിച്ചു.

നളിനി പറഞ്ഞു:

"ഞാൻ പോകുന്നു. ഇനി എന്നെ കാണാൻ വരരുതു്."

അവളുടെ ശബ്ദം പതറി. അതു് പരുഷമായി.

"ഞാൻ........."

അവൾ നിർത്തി. അയാൾ ചോദിച്ചു:—

"ഇതിനുമ്മാത്രം എന്തു നടന്നു?"

"ഞാനൊരു സ്ത്രീയല്ലേ ?"

"തീച്ചയായും."

"ആണെന്നു ഞാൻ വിശ്വസിക്കുന്നു. നിങ്ങളെന്നെ വിസ്മരിക്കുമോ ?"

"എനിക്കതിനു കഴിയുമോ?"

"കഴിയണം. കഴിഞ്ഞില്ലെങ്കിൽ ...!"

അവൾ നടന്നു. അയാൾ അവളെ പിന്തുടന്നു.

"ഞാൻ പോകട്ടെ.... നിങ്ങളെനിക്കു സ്വാതന്ത്ര്യം തരുമോ? നിങ്ങളെന്നെ വിസ്മരിക്കുമോ...? പറയൂ...പറയൂ... ?" അവൾ അലറി. കുററിക്കാടുകൾ അനങ്ങി.

ആററരുകിൽ നരികൾ മോങ്ങി. ഓളങ്ങളിൽ തത്തിക്കളിച്ചുകൊണ്ടു് ഇളങ്കാററു് ജലഗമനം ചെയ്തു.

അവൾ നടന്നുകൊണ്ടു പറഞ്ഞു:

"ഞാൻ വിവാഹിതയാകുവാൻ ആഗ്രഹിക്കുന്നു."

"അതിനെന്താ...എനിക്കു സാധിക്കുകയില്ലേ?"

"നിങ്ങൾക്കോ......? നിങ്ങൾക്കു സാധിക്കുമോ?"

അവൾ നമ്രശിരസ്കയായി സാനുമോദം നടന്നകന്നു.

പിന്നൊരിക്കലും ആ മാളികമുകളിൽ സിഗററു കുററികൾ എറിഞ്ഞിട്ടില്ല. വടക്കുവശത്തെ ജനാലകൾ തുറക്കപ്പെട്ടിട്ടില്ല. സംഗീതത്തിൻെറ "ശ്രുള്ള" മടികൾ ഉയൎന്നിട്ടുമില്ല.

പക്ഷേ! കോവിലകത്തെ കണിക്കൊന്ന പൂക്കുകയും പൂവൎഷം ചൊരിയുകയും ചെയ്തുകൊണ്ടിരുന്നു.

[illegible]
[illegible]
[illegible]
[illegible]

## അദ്ധ്യായം അഞ്ചു്.

കോവിലകത്തു കിഴക്കേപ്പുറത്തു പന്തലിട്ടു. കുരവയും താളമേളങ്ങളുമായി. പക്ഷേ അത്ര ആഭ്ഗാടകരമല്ലാതെ ആ വിവാഹം നടന്നു. അതിൽ നളിനിയുടെ അകന്ന ചില ബന്ധുക്കളും പങ്കെടുത്തിരുന്നു.

അന്നു രാത്രിയിൽ അമ്മായിയുടെ മുറിയിലല്ല നളിനി കിടന്നതു്. അവളെ അമ്മായി നാരായണൻകുട്ടിയുടെ മുറിയിലേക്കു നയിച്ചു. സ്നേഹനിധിയായ നാരായണിപ്പിള്ള നളിനിയുടെ നിറുകയിൽ കൈവച്ചനുഗ്രഹിച്ചു. എന്നിട്ടു മുറിയിൽ കയറി നാരായണൻകുട്ടിയോടു പറഞ്ഞു:—

"മോനേ! നിന്നെ ഞാൻ ഇവളെ ഏറ്റ്പ്പിക്കുന്നു."

നേരെതിരിഞ്ഞു നളിനിയോടു പറഞ്ഞു:—

"മോളേ! നിൻെറ കയ്യിൽ ഞാനെൻെറ കുഞ്ഞിനെ തരുന്നു. നിങ്ങൾ പിണങ്ങരുതു്. വളരെ ഇണങ്ങണം. ഒരിക്കലും നിങ്ങൾ തമ്മിൽ പിണങ്ങരുതേ......"

ഇത്രയും പറഞ്ഞതു് കണ്ണുനീർതൂകിക്കൊണ്ടാണു്. ആ സ്ത്രീ മുറിയ്ക്കു വെളിയിലിറങ്ങിപ്പോയി. പോയ

പ്പോൾ നളിനിയും നാരായണൻകുട്ടിയും മാത്രമായി. വളരെ നിമിഷങ്ങൾ കടന്നുപോയി. പക്ഷെ ശോകത്തിന്റെ കറുത്ത തിരസ്കരണി വീണതുപോലുണ്ടായിരുന്നു ആ അന്തരീക്ഷം.

"ഇങ്ങു വരൂ....."

നാരായണൻകുട്ടി വിളിച്ചു. നളിനി ചെന്നു. അയാൾ പറഞ്ഞു.

"ആ കസേരയിൽ ഇരിക്കൂ....."

അവൾ ഇരുന്നു. അയാൾ ചോദിച്ചു.

"നളിനിയെന്താ വല്ലാതിരിക്കുന്നതു്"?

അവൾ ഒന്നുറച്ചിരുന്നു. തന്റെ ഭാവപ്പകർച്ചകൾ തെററരുതെന്നവൾക്കു് നിർബ്ബന്ധമുണ്ടായിരുന്നു. അവൾ എങ്ങിനെ സംസാരം ആരംഭിക്കണമെന്നു് ആലോചിക്കുകയായിരുന്നു അയാൾ വീണ്ടും ചോദിച്ചു.

"നളിനിയ്ക്കു് എന്നെ ഇഷ്ടപ്പെട്ടോ"?

അവൾ നടുങ്ങിപ്പോയി. ആ നടുക്കത്തോടെ അവൾ തിരക്കി "എന്താ അങ്ങിനെ ചോദിക്കാൻ"?

"ചുമ്മാ ചോദിച്ചു എന്നേ ഉള്ളു. അതിലെനിക്കു തന്നെ വിഷമമുണ്ടു്. ഇതെല്ലാം യാദൃശ്ചികമായി സംഭവിച്ചുപോയതാണു്."

നളിനി എന്തോ പറയുവാൻ അധരങ്ങൾ അകററി. പക്ഷെ വാക്കുകൾ പുറത്തു വന്നില്ല. അവൾ തല ഉയർത്തി നാരായണൻകുട്ടിയെ നോക്കി. ഗവേഷകയുടെ നയനങ്ങളോടെ. അപ്പോഴും നളിനിയെത്തന്നെ രൂക്ഷമായി നോക്കുകയും പുകഞ്ഞ ചിന്തകളാൽ അസ്വസ്ഥനാകുക

യും ചെയ്തിരുന്ന നാരായണൻകുട്ടി എഴുന്നേററു ആ നവോഢയുടെ അരുകിലേക്കു ചെന്നു. അവളുടെ പുഷ്പസമാനമായ കവിളിണകളിൽ കൈകൾ അമർത്തിക്കൊണ്ടു ചോദിച്ചു.

"ഞാൻ അവനോളം വരുമോ"?

ഉൽക്കടമായ ഒരുലച്ചിൽ ഉണ്ടായതു് കരുതിക്കൂട്ടി നിയന്ത്രിച്ചു. എന്നിട്ടു നളിനി ചോദിച്ചു.

"ഏതവൻ"?

"നീ അറിയത്തില്ലേ"?

"മനസ്സിലായില്ല."

അവളുടെ ശബ്ദം ദൃഢതരമായി. അവൾ ആവർത്തിച്ചു

"എന്തൊക്കെയാണിപ്പറയുന്നതു്"?

"എനിക്കു ചോദിക്കുവാനുള്ളതെല്ലാം." അയാൾ അദ്ധ്യാകതിയിൽ വിരമിച്ചു.

നളിനിക്കഭിമുഖമായി അയാൾ ഇരുന്നു. ചിമ്മിനിവിളക്കിൻെറ അരണ്ട വെളിച്ചം മാത്രം ആ മുറിയിൽ തങ്ങിനിന്നിരുന്നു.

"മനസ്സിലായില്ലേ... ?"

അയാൾ ഉറപ്പിച്ചു ചോദിച്ചു. നളിനിയുടെ മുഖത്തുതന്നെ തുറിച്ചുനോക്കിക്കൊണ്ടു് അതുവരെ ചെമ്മരിയാടിനെപ്പോലെ ശാന്തനായി ഭാവിച്ചിരുന്ന നാരായണൻകുട്ടി കടുത്ത സ്വരത്തിൽ പറഞ്ഞു.

"പക്ഷേ! അതിനി ആവർത്തിക്കരുതു്......"!

അവൾക്കു പലതും പറയണമെന്നുണ്ടായിരുന്നു.

തെററുകളിൽനിന്നും തെററുകളിലേക്കു വഴുതിക്കൊണ്ടിരുന്ന ഒരു ജീവിതത്തിൻെറ അടഞ്ഞ താളുകൾ പുറകിൽ കിടക്കുന്നു. അതിൽ സംതൃപ്തിക്കു വകയില്ല തികച്ചും പശ്ചാത്താപത്തിനും തപ്തചിന്തകൾക്കുമേ വഴിയുള്ളൂ. ആ നിമ്നോന്നതമായ സരണികളിൽക്കൂടി സഞ്ചരിച്ചതിൻെറ മറക്കാൻ കഴിയാത്ത സ്മരണകളുമുണ്ട്.

അതെല്ലാം ഒരു ഭർത്താവിനോടു പറയാവുന്നതാണോ? അല്ലെങ്കിൽ ഒരു ഭർത്താവെന്തിനതെല്ലാം അറിയണം? തൻെറ പൂർവ്വകാലജീവിതത്തെക്കുറിച്ച് അന്വേഷിക്കുകയും അതിൻെറ ധവളിമയിൽ പററിപ്പോയ കറുത്ത രേഖകളെപ്പററി വിചാരിക്കുകയും ചെയ്യുന്ന ഒരു ഭർത്താവിനോടു ഭാര്യക്കെന്താണു തോന്നിക്കൂടാത്തത്?

മറിച്ച് ഒരു ഭാര്യ എന്നെങ്കിലും ഒരിക്കൽ ഒരു കാമുകി ആയിരുന്നിരിക്കാൻ ഇടയില്ലേ? എല്ലാ കാമുകിമാരും അങ്ങിനങ്ങു മരിച്ചെന്നുവരുമോ? എല്ലാഭാര്യമാരും ഇതുപോലൊക്കെ ആയിരുന്നിരിയ്ക്കുയില്ലേ?

പുറവും പുകപോലെ തോന്നുന്നു. ആ മുറിയിൽ ധൂമപടലങ്ങൾ ചുരുണ്ടുചുരുണ്ടു കറങ്ങുകയാണു്. അവയുടെ വേഗതയിൽ, കത്തുന്ന ചിമ്മിനിവിളക്കും തനിക്കഭിമുഖമായിരിക്കുന്ന മനുഷ്യനും എല്ലാം പുകപോലെ അനുഭവപ്പെട്ടുകയാണു നളിനിയ്ക്കു്. അവൾ വിചാരിച്ചു.

എല്ലാം ഏററുപറഞ്ഞാലോ? യുവത്വത്തിലേക്കു ചവിട്ടിക്കുതിച്ചു കടന്നുവന്നപ്പോൾ, തന്നെ തഴുകി വളത്തിയ കരങ്ങളെപ്പററിപ്പറഞ്ഞാലോ? അന്നൊക്കെ ഒന്നു

മറിയാതെ ചെയ്തുപോയ തെററുകൾ ഏററുപറഞ്ഞാൽ മാപ്പുകിട്ടുകയില്ലേ?

പക്ഷേ ഒരു തടസ്സമുണ്ടായിരുന്നു. എങ്ങിനെയാണു പറയുക? പറയുമ്പോൾ മുഖം വിളറുകയില്ലേ? കണ്ഠം ഇടറുകയില്ലേ? മെയ്യാകെ പൂക്കിലപോലെ വിറയ്ക്കുകയില്ലേ?

എന്നാലും എങ്ങിനെ തുടങ്ങണം? എങ്ങിനെ ആരംഭിച്ചാൽ തൻെറ നിരപരാധിത്വം വെളിപ്പെടുത്താൻ കഴിയും.... ?

ഒടുവിൽ അവൾ ഒന്നും പറയേണ്ടെന്നു തീരുമാനിച്ചു. നമ്രമുഖിയായി ഇരുന്നു കുറേക്കഴിഞ്ഞപ്പോൾ കണ്ണടച്ചു. അങ്ങിനെ അവൾ എത്രനേരം ഇരുന്നു എന്ന് അവൾക്കു നിശ്ചയമില്ല. ചിമ്മിനിവിളക്കണഞ്ഞു. കണ്ണീർപൊഴിച്ചുകൊണ്ട്, കരളുപൊട്ടിക്കരഞ്ഞുകൊണ്ട്, നളിനി ഇരുന്നുറങ്ങിപ്പോയി.

*   *   *   *   *

അയാൾ കട്ടിലിൽനിന്നെഴുന്നേററു. തീപ്പെട്ടി ഉരച്ചുനോക്കി. അഴിഞ്ഞുലഞ്ഞ തലമുടിയും കരഞ്ഞു വീർത്ത കപോലങ്ങളുമായി നളിനി തല ചാരി ഇരുന്നുറങ്ങുന്നു. വിവരമില്ലാത്ത ഒരു കുഞ്ഞിനേപ്പോലെ. ആരും വാരി എടുത്തു പുണർന്നുപോകുമാ മുഖകമലം കണ്ടാൽ. അയാൾ തെല്ലുനേരം നോക്കിനിന്നു. തലേദിവസം അവൾ മുടിയിൽ തിരുകിയിരുന്ന പിച്ചിപ്പൂക്കൾ വിരിഞ്ഞു നിലത്തു വിതറിക്കിടക്കുന്നു. അയാൾ വിളക്കുകൊളുത്തി. എന്നിട്ടു നളിനിയെ വിളിച്ചു

അവൾ ഉണർന്നപ്പോൾ അയാൾ അവളെത്തന്നെ നോക്കിക്കൊണ്ടു് കണ്ണുനീർ തുടച്ചുപോയി. വിങ്ങിപ്പൊട്ടുന്ന വേദനയോടുകൂടി അയാൾ വിളിച്ചു.

“വത്സ, ഞാൻ എന്തൊക്കെയോ പറഞ്ഞുപോയി..”

അവൾ കുററവാളിയെപ്പോലിരുന്നതേയുള്ളു.

“പക്ഷെ എനിക്കു സങ്കടമുണ്ടു നളിനീ. നീ ഒരിക്കലും ഇതു വിചാരിച്ചിരുന്നിരിക്കയില്ല. ഞാൻ നിന്റെ ഭർത്താവായിത്തീരുമെന്നു്. ഇല്ലേ......?”

“ ....... ”

“അതുകൊണ്ടു്?.......ഞാനൊന്നും പറയുന്നില്ല. ഏതായാലും ഇത്രയൊക്കെയായി. ഇനി നമുക്കു ജീവിക്കാം. ജയിക്കുമെങ്കിൽ ജയിക്കട്ടെ. തോററാൽ തോക്കട്ടെ. പക്ഷെ ഒന്നുണ്ടു് നീ ഇനി അതാവർത്തിക്കരുതു്. ഞാനെല്ലാം മറക്കാം .....”

അയാൾ ഗൽഗ്ഗദത്താൽ വീർപ്പുമുട്ടി. അവളെ കൈയ്യുപിടിച്ചു കട്ടിലിൽ കൊണ്ടുക്കിടത്തി. തളർന്ന താമര ഇതൾപോലെ നളിനി അയാളോടമർന്നു കിടന്നു.

## 2

രാത്രി വളരെ ഇരുട്ടി. നളിനിയും നാരായണിപ്പിള്ളയും ഓരോന്നു പറഞ്ഞിരിക്കുകയാണു്. നാരായണിപ്പിള്ളയ്ക്കു് മുൻപിലത്തെപ്പോലെ ഒന്നും വയ്യാ.

പെട്ടന്നു തല്ലൂച്ച് ബാധിച്ചതുപോലായി ആ സ്ത്രീ.

"കയ്യും കാലും കഴയ്ക്കുന്നു. നടുവിനു വേദന. ഇരിക്കുമ്പോൾ നടക്കാൻതോന്നും. നടക്കുമ്പോൾ കിടക്കാനും തോന്നും... "

നാരായണിപ്പിള്ള പറയുകയായിരുന്നു. നളിനി ചോദിച്ചു:—

"കുഴമ്പു പുരട്ടിയതല്ലേ അമ്മായി."

"അതെ കുഞ്ഞേ. എന്നാലും മാറത്തില്ല. എന്തു ജോലിചെയ്ത കയ്യാ ......"

എന്നിട്ടു നാരായണിപ്പിള്ള ചെയ്തിട്ടുള്ള നിരവധി കടുത്ത ജോലികളുടെ.കഥ പറയും. അതെല്ലാം നളിനി കേട്ടുകൊണ്ടിരിക്കും.

പക്ഷെ! അന്നു നാരായണിപ്പിള്ള പറഞ്ഞ കഥ വേദനാജനകമായിരുന്നു. അതിൻെറ ഓർമ്മകളിൽപ്പെട്ടു നളിനി ഇരുന്നു. നേരം ഇരുട്ടിയതറിഞ്ഞില്ല. നാരായണിപ്പിള്ള തിണ്ണയിൽത്തന്നെ കിടന്നുറങ്ങി.

എല്ലാ അമ്മാവന്മാരും ഇതുപോലൊക്കെ ആയിരുന്നിരിക്കാം? അമ്മായിക്കും ഒരമ്മാവനുണ്ടായിരുന്നാത്രേ. ആ അമ്മാവൻ ചവുട്ടുകയും തൊഴിക്കുകയും ചെയ്തിരുന്നാത്രേ?

ഒരു പുരുഷൻ സ്ത്രീയെ ചവുട്ടുകയും തല്ലുകയും ചെയ്താൽ ഉണ്ടാകാവുന്ന വേദനയെക്കുറിച്ചു വിഭാവന ചെയ്യുവാൻകൂടി നളിനിക്കു കഴിഞ്ഞിരുന്നില്ല. അവൾ വിചാരിച്ചു. ജോലിചെയ്തും വിഷമിച്ചും കഴിയുന്ന അനന്തിരവനേയും അനന്തിരവളേയും തല്ലുന്നതിന്നെതിരായി

അവരിൽ ആരും ഒന്നും ശബ്ദിച്ചിട്ടില്ലേ? ഇനി ശബ്ദിക്കുകയുമില്ലേ?

അമ്മാവന്മാർ അവരുടെ ഭാര്യമാരെ തല്ലിയിരിക്കയില്ലേ? ആ ചോദ്യം നാരായണിപ്പിള്ളയോടു ചോദിച്ചാൽ കൊള്ളാമെന്നവൾ വിചാരിച്ചു. ഒരിക്കലും വേലുമ്മാവൻ അമ്മായിയെ തല്ലിക്കണ്ടിട്ടില്ല. അങ്ങിനെയാണെങ്കിൽ ഒരു ഭർത്താവു് ഭാര്യയെ തല്ലുകയില്ലായിരിക്കാം.

മാനത്തു പറവകൾ ലക്ഷ്യമില്ലാതെ ചിറകുകളുയർത്തിപ്പറക്കുന്നതുപോലെ നളിനിയിൽ ചിന്താശകലങ്ങൾ അടിഞ്ഞുകയറി.

പെട്ടെന്നു് നാരായണൻകുട്ടി കയറിവന്നു. നളിനി എഴുന്നേററു. അയാൾ ചോദിച്ചു.

"നീ ഉറങ്ങിയില്ലേ ....?"

"ഇല്ല. വന്നിട്ടുറങ്ങാമെന്നുവച്ചു"

"ആരു്... ?" അയാൾ ഊറിച്ചിരിച്ചുകൊണ്ടു തുടന്നു.

"ആരുവന്നിട്ടുറങ്ങാമെന്നാ......?"

അവൾ ചിരിക്കുകയും നാണംകൊള്ളുകയും ചെയ്തു.

"അമ്മേ വിളിക്കു ....." അയാൾ പറഞ്ഞു.

നളിനി നാരായണിപ്പിള്ളയെ ഉണത്തി. അവർ ഉണന്നപാടെ ചോദിച്ചു .....

"ഇതേവരെ എവിടായിരുന്നു കുഞ്ഞേ."

"കുറച്ചു ജോലി ഉണ്ടായിരുന്നു."

"എന്തു ജോലി.....?"

"ഉണ്ട്" എന്നുമാത്രമയാൾ മറുപടി പറഞ്ഞു. അതുച്ചരിച്ചപ്പോൾ അയാളുടെ ശബ്ദം ഖനംകൊണ്ടു. നാരായണിപ്പിള്ള മകനെ ഗുണദോഷിക്കുംപോലെ പറഞ്ഞു:—

"അവളെ ഇങ്ങിനെ ഇരുത്തരുത്. നേരത്തേകാലത്തേ വീട്ടിൽ വരണം...... കേട്ടോ......" ആ സ്ത്രീ ഉറങ്ങാൻ പോയി.

അയാൾ കയ്യും കാലും മുഖവും കഴുകി അടുക്കളയിലേക്കു ചെന്നു. ചൂടു ചോറും മീനും നളിനി വിളമ്പിവച്ചു. അയാൾ ഉരുട്ടി ഉരുട്ടി ഉണ്ണുന്നതവൾ നോക്കിനിന്നു. അയാൾ ചോദിച്ചു.

"നീ ഉണ്ടോ......"?

"നിങ്ങളുണ്ണുന്നതിനു മുമ്പാണോ"?

"ഹോ......ശരി. അങ്ങനാണോ......"? എന്നു ചോദിച്ചുകൊണ്ടു നാരായണൻകുട്ടി എഴുന്നേററു കൈ കഴുകി. അയാളുടെ പാത്രത്തിലേക്കുതന്നെ ചോറും കൂട്ടാനും വിളമ്പി നളിനി ഉണ്ണാൻ ഭാവിച്ചു. അയാൾ ഒരു ബീഡി കത്തിച്ചുവലിച്ചുകൊണ്ട് അടുക്കളപ്പടിയിൽ ചെന്നിരുന്നു.

അവൾ ഊണുകഴിച്ചു. പാത്രവും മുഖവും കഴുകി. ഉടുത്തിരുന്ന പുടവയുടെ അററം ഉയർത്തി മുഖം തുടച്ചു. അപ്പോളവളുടെ വെണ്മയേറിയ കണങ്കാലുകളും തുടകളുമയാൾക്കു കാണാമായിരുന്നു. അതു തന്നെക്കാണിക്കാനായിരുന്നോ എന്നയാൾ സന്ദേഹിച്ചിട്ടുണ്ടോ?

* * * * * *

പിറേറന്നു നേരത്തേ എഴുന്നേററു. ആററുകടവിൽ പോയികുളിച്ചു. സർപ്പക്കാവിൽ ചെന്നു തൊഴുതു. അയാൾ ആററിന്റെ കിഴക്കേക്കരയിലേക്കു നീന്തിക്കയറി. മുട്ടററം വെള്ളത്തിൽകൂടി നീന്തിക്കയറിയപ്പോൾ എന്തെന്നില്ലാത്ത ഒരുന്മേഷം തോന്നി. നാരായണൻകുട്ടിയുടെ ജീവിതത്തിൽ. എന്നല്ല കളപ്പുരയിലെ ആൺതരികളുടെ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം തുറക്കപ്പെടാൻ പോകുകയാണു്.

ഭരിക്കുകയും ഭരിപ്പിക്കുകയും ചെയ്ത നിരവധി കുടുംബങ്ങളിൽ ഒന്നിലെങ്കിലുംപെട്ട ആരും അന്നേവരെ കൂലിവേലയ്ക്കു പോയിരിക്കയില്ല. പക്ഷേ കളപ്പുരയിലെ നാരായണൻകുട്ടി അതിനാണു പോകുന്നതു്. കോവിലകത്തെ അവസാനത്തെ സന്തതിയുടെ മാരൻ കൂലിവേലയ്ക്കു പുറപ്പെട്ടിരിക്കുന്നു.

അയാൾ ആരോടും പറഞ്ഞില്ല. പക്ഷേ ആരറിഞ്ഞാലും ഇന്നലെവരെ ഉണ്ടാകാത്ത ഒരു ഉന്മേഷം ഇന്നു് ഉണ്ടായിപ്പോകുകയില്ലേ?

ചാക്കോച്ചന്റെ അട്ടിയിലേക്കാണു് നാരായണൻകുട്ടി കയറി ചെന്നതു്. അപ്പോൾ ചാക്കോച്ചൻ തലയിൽ കെട്ടുംകെട്ടി മാടപ്പുരയിൽ ഇരിക്കുകയായിരുന്നു. തേങ്ങാ വെട്ടി മലത്തി വച്ചിരിക്കുന്നു. കാക്കൊടിക്കാൻ കുറെ സ്ത്രീകളും നില്ക്കുന്നു.

“വന്നാട്ടെ. വന്നാട്ടെ പിള്ളേ......”

ചാക്കോച്ചൻ വിളിച്ചു. നാരായണൻകുട്ടി വിനയപൂർവ്വം അടുത്തുചെന്നു. ചാക്കോച്ചൻ തുടന്നു:—

"പിള്ളയ്ക്കു് ഇതു പററുമോന്നെനിക്കറിഞ്ഞൂടാ. എന്നാലും നോക്ക്. ഒന്നുമില്ലാതെ കറങ്ങിനടക്കണ്ട. ഇവടിരി. നല്ലകാലം വരും. എന്താ?"

"എനിക്കു സമ്മതമാണു്."

നാരായണൻകുട്ടി പറഞ്ഞു.

"തൽക്കാലം എല്ലാം നോക്കിക്കണ്ടു ചെയ്യു്. തരം പോലെ നോക്കാം. കാശിനാവശ്യമുള്ളപ്പോൾ ചോദി ച്ചേക്കണം..."

ചാക്കോച്ചൻ നെഞ്ചിൽ തൂക്കി ഇട്ടിരുന്ന വെന്തി ങ്ങാ പുറകോട്ടു വലിച്ചിട്ടു. അല്പാല്പം നരച്ച മീശ തലോ ടി. കറുത്തു വീതി കൂടിയ പുരികവും, കറുത്ത വട്ടക്കണ്ണു കളും ചേർത്തൊന്നു തിരുമ്മി. എന്നിട്ടു പറഞ്ഞു.

"ഞാനും ഒരു ചെറുക്കനും പെമ്പരുളുമേ ഒള്ളു. ചൊവ്വേനേരേ നോക്കാനാളില്ല പിള്ളച്ചൻ എല്ലാം നോക്കിക്കോണം. നല്ല നെലേൽക്കഴിഞ്ഞ കുടുംബക്കാ രല്ലേ? ങാ ..എല്ലാം നേരേ ആകുമെന്ന്. കർത്താവി ന്റെ കണ്ണുതുറക്കാനെത്രനേരം വേണം?"

നാരായണൻകുട്ടി എല്ലാം കേട്ടുകൊണ്ടു നിന്നു. എന്നിട്ടു ചോദിച്ചു:—

"തോമാച്ചൻ വരത്തില്ലേ . ?"

"വരും – ഞാൻ ചെന്നവനെ ഇങ്ങു പറഞ്ഞേയ യ്ക്കാം. ദേ, പതിനഞ്ചു രൂപായൊണ്ടു്. ഉച്ചയ്ക്കു് വെട്ടുകാക്ക് പററു കൊടുക്കണം. ബാക്കി കയ്യി വെച്ചോ. രാത്രീൽ ഊണുകഴിഞ്ഞു് ഇവിടെ വന്നു കെടന്നോണം. അല്ലങ്കിൽ ഒരൊററ മുറി കിട്ടത്തില്ല ..വല്ലവനും കൊണ്ടു

പോകും.''

അയാൾ അതും സമ്മതിച്ചു. ചാക്കോച്ചൻ പെരു പ്പെട്ടതിട്ടു കുറുവടിയും ഊന്നി നടന്നുപോയി.

നാരായണൻകുട്ടി അട്ടിയുടെ ചുററും നടന്നു. ചിര ട്ടയും കൊപ്രായും അടുക്കിയിരിക്കുന്ന ഒരു ഭാഗത്തു്. മറുവശത്തു് തൊണ്ടു്. പിന്നെച്ചിലടത്തു വെട്ടാൻ തേ ങ്ങാ കൊണ്ടിറക്കിയിട്ടുണ്ടു്. ചിലർ തേങ്ങാ വിലയ്ക്കു കൊടുക്കാൻ കൊണ്ടുവരുന്നു. പറയുന്ന തുകയ്ക്കു് ഇട്ടിട്ടു പോകുന്നു. പട്ടിയും പരുന്തും അട്ടിക്കു ചുററും നടക്കുക യും പറക്കുകയും ചെയ്യുന്നു. അവയെ ഓടിക്കുന്ന നാണ ക്കാരിപ്പെണ്ണുങ്ങളും.

ആററിനക്കരെ കടത്തുവള്ളം കിടക്കുന്നു. അ തിൽക്കയറി തോമസ്സ് കിഴക്കേക്കരയിലിറങ്ങി. കറുത്ത കണ്ണാടിയും, ലിനൻഷർട്ടുമിട്ടു, ചുണ്ടിൽ എരിയുന്നസിഗ റററുമായി, അയാൾ അട്ടിയിലേക്കു കയറിച്ചെന്നു

നാരായണൻകുട്ടി ഭയന്നുപോയി. ഉള്ളിൽ ആ മനുഷ്യനെപ്പററിയുള്ള രോഷവും വെറുപ്പും കുമിഞ്ഞുകൂടു കയാണു്. അയാൾ തൻെറ ഭാര്യയുടെ കാമുകനല്ലേ? ഒരു പക്ഷേ താൻ അയാളുടെ പൂർവ്വകാലജീവിതത്തെക്കു റിച്ചറിഞ്ഞിരിക്കയില്ലന്നാണോ? ഏതായാലും അയാൾ ആ സംരംഭത്തിൽ വിജയിച്ചിരിക്കയില്ല. അഥവാ അയാൾ വിജയിച്ചിട്ടുണ്ടെങ്കിൽ........?

അയാൾക്കു നളിനിയോടു അതികഠിനമായ വെറുപ്പു തോന്നി. പെട്ടന്നു് ആ നിഷ്കളങ്കയായ പെണ്ണിനെപ്പ ററി എന്തിനങ്ങിനെ ചിന്തിച്ചു എന്നോർത്തു പശ്ചാത്ത

പിച്ചു. എന്നാലും തോമസ്സിനെക്കുറിച്ച് നല്ല ഒരഭിപ്രായം രൂപീകരിക്കാൻ കഴിയാതെ അയാഠം വ്യാകുലപ്പെട്ടു.

തോമസ്സ് നേരേനടന്നു നാരായണൻകുട്ടിയുടെ അടുത്തു ചെന്നു. എന്നിട്ടു ചോദിച്ചു:—

"വെട്ടു തീൎന്നോ"?

"തീൎന്നു ....."

"ഇനി വെട്ടുണ്ടോ"?

"ഇല്ല."

"പറമ്പു കൊട്ടുക്കാൻ കാശു തന്നിട്ടൊണ്ടോ ...."?

"ഒണ്ട്..."

അയാഠം പിന്നൊന്നും ചോദിച്ചില്ല. എല്ലാം മനസ്സിലാക്കിയതുപോലെയാഠം അട്ടിക്കു വെളിയിൽ പോയി. തികച്ചും നിരാശാഭരിതമായ മുഖഭാവമാണയാഠക്കുണ്ടായിരുന്നതു്.

തന്നെ ആദ്യമായി തോമസ്സ് കാണുകയാണോ? എന്നിരുന്നാലും തന്നെക്കുറിച്ചയാഠക്കെല്ലാമറിയാമെന്നു തോന്നുന്നു. അയാഠം തന്നെക്കുറിച്ചുള്ള എല്ലാ കഥകളുമറിഞ്ഞിരിക്കുമോ?

ഒരു പക്ഷേ തോമസ്സിൻെറ നിർബ്ബന്ധംകൊണ്ടായിരിക്കാം ചാരേക്കാച്ചൻ തന്നെ വിളിച്ചു ജോലി ഏഠപ്പിച്ചതു്. അങ്ങിനെ തോമസ്സ് നിർബ്ബന്ധിക്കാൻ കാരണമെന്തു്? ഇങ്ങിനെ ഓരോ വിചാരങ്ങളുമായി നാരായണൻകുട്ടി നില്ക്കുമ്പോഠം തോമസ്സ് തിരിച്ചുവന്നു. അയാഠം മാടത്തിൽക്കയറി ഇരുന്നു. എന്നിട്ടു വിളിച്ചു:

"നാരായണൻകുട്ടി."

സ്നേഹം നിറഞ്ഞുനില്ക്കുന്ന വാക്കുകൾ. സംഗീതത്തിൻെറ അലകൾപോലെ ആ നാദം ഉയൎന്നു. "നാരായണൻകുട്ടീ ....."

"എന്താ......"?

അയാൾ അടുത്തു ചെന്നു. തോമസ്സ് ചോദിച്ചു:—

"അമ്മയ്ക്കു സുഖമായോ..."?

"ഇല്ല."

"മരുന്നു ചെയ്യുന്നുണ്ടോ"?

"ഉണ്ട്."

"നാരായണൻകുട്ടി ഇരിക്കാത്തതെന്താ"?

"ഓ ഞാൻ നിന്നോളാം ....."

"ഇരിക്കൂ ദാ! ഇതേലിരി......"

നാരായണൻകുട്ടി ഇരുന്നില്ല. അനാവശ്യമായ ഉപചാരം കാണിക്കുകയാണോ തോമസ്സ്?. അയാൾ ക്ഷമിച്ചുനിന്നു. തോമസ്സ് പറഞ്ഞു.

"നാരായണൻകുട്ടിയ്ക്കു് കുട്ടികളില്ല ല്ലേ...?"

"ഇല്ല ....."

"അതെനിക്കറിയാം ."

തോമസ്സിൻെറ മാൎദ്ദവമേറിയ കരണത്തൊരടി കൊടുക്കുവാൻ തോന്നി. എങ്കിലും നാരായണൻകുട്ടി അതടക്കിനിന്നു. അയാൾ വിറയ്ക്കുന്നുണ്ടായിരുന്നു.

"നല്ല ഒരു കുട്ടി ഉണ്ടാകും. അവനെ നല്ലപോലെ വളൎത്തണം. കേട്ടോ ..."?

നാരായണൻകുട്ടിയുടെ തലയ്ക്കു തീപിടിച്ചു. അയാൾ പറഞ്ഞു.

"വളര്‍ത്താം. നല്ലപോലെ വളര്‍ത്താം... "

തോമസ്സ് ഇറങ്ങിപ്പോയി. അതും നോക്കിക്കൊണ്ടു് നാരായണന്‍കുട്ടി നില്ക്കുകയായിരുന്നു. നിര്‍ന്നിമേഷനായി.

കടത്തുവള്ളത്തില്‍ നിന്നുകൊണ്ടു തോമസ്സ് വിളിച്ചുപറഞ്ഞു.

"രാത്രിയില്‍ പുറത്തുപോകരുത്. കള്ളന്മാരുണ്ടു് സൂക്ഷിച്ചോണം ....."

"ഉവ്വ്."

.....എന്നുമാത്രം നാരായണന്‍കുട്ടി പ്രതിവചിച്ചു. ആ ശബ്ദത്തിനു ഘനമുണ്ടായിരുന്നു; ദാര്‍ഢ്യം ഉണ്ടായിരുന്നു. പരുഷവും കഠിനവുമായിരുന്നു ആ നാദം.

എന്തിനതു ഘനമുള്ളതായി? എന്തിനതു ദാര്‍ഢ്യം നിറഞ്ഞതായി? എന്തിനതു പരുഷവും കഠിനവുമായി?

ഒന്നും നാരായണന്‍കുട്ടിക്കറിഞ്ഞുകൂടായിരുന്നു. എങ്കിലും അയാളുടെ മനസ്സില്‍ തളച്ചു ബാധിച്ചിരുന്നു. തല പുകച്ചില്‍പൂണ്ടിരുന്നു.

അയാള്‍ സന്ധ്യയ്ക്കുമുന്‍പു കോവിലകത്തു ചെന്നു. ഊണുകഴിച്ചു. തിരിച്ചുപോരികയും ചെയ്തു. അപ്പോള്‍ നളിനിയോടു പറഞ്ഞു

"അമ്മയുടെ മുറിയില്‍ കിടന്നുകൊള്ളൂ .....ഞാന്‍ താമസിക്കും. ചിലപ്പോള്‍ നേരം വെളുക്കും ....."

അവള്‍ ചോദിച്ചു.

"അപ്പം ഇതാണോ ജോലി ... "?

"എന്താ. മോശമാണോ. നിനക്കിഷ്ടമല്ലേ "?

"അതെ. എനിക്കിഷ്ടമാണ്......"

തഴപ്പാ വിരിച്ച മാടത്തിൽ മലൻകിടന്ന്, അമ്പിളിക്കലെയേയും നക്ഷത്രജാലങ്ങളേയും നോക്കിയപ്പോഴും തളംകെട്ടിക്കിടക്കുന്ന വെണ്ണിലാവേററപ്പോഴും, കുളിരണിഞ്ഞ അയാളുടെ മാനസം അസ്വാസ്ഥ്യം പ്രാപിച്ചിരുന്നു. അയാൾ ആലോചിച്ചു

"നളിനി ഉറങ്ങിയിരിക്കുമോ ....? ഉവ്വ്! അവൾ ഉറങ്ങിയിരിക്കും ....." അയാൾ ചിന്തിക്കുന്നതിനനുസരണമായി ഗൌളി ചിലച്ചുകൊണ്ടിരുന്നു. മാടത്തിൻെറ ഓലത്തുമ്പിൽ പററിയിരിക്കുന്ന ആ ജീവി സത്യത്തിനുവേണ്ടി ശബ്ദം ഉരുവിടുകയാണെന്നാണു വയ്പ്.

അട്ടിയുടെ ചുററും പട്ടികൾ കുരച്ചുകൊണ്ടോടുകയാണ്. അങ്ങിനെ പട്ടികൾ കുരച്ചുപായുന്നതവിടുത്തെ ഒരു പതിവാണ്. ആ ശബ്ദമേഖലയുടെ മദ്ധ്യത്തിൽ വികാരാവേശനായി നാരായണൻകുട്ടി ചിന്തിച്ചു കിടക്കുകയാണ്.

അങ്ങിനെ ദിവസങ്ങൾ കടന്നുപോയി. മാസങ്ങളും. നാരായണിപ്പിള്ളയുടെ സുഖക്കേട് വദ്ധിച്ചു. വാതത്തിൻെറ സുഖക്കേടാണ്. പിഴിച്ചിലും കൊഴമ്പുമായി കഴിയുന്നു. അതിനും പണം വേണം. വരവാണെങ്കിൽ തുഛമാണ്. കോവിലകത്തുനിന്നുള്ള നാളികേരത്തിന്റെ വരവുകൊണ്ടു തേയ്ക്കാനും കുളിക്കാനുമാകും. പക്ഷെ വയറിനോ?

കുറേക്കാലങ്ങളായി നാരായണൻകുട്ടിയാണു കൊണ്ടുവരുന്നത്. അതുകൊണ്ട് സുഖമായി കഴിയുകയാണ്.

തീരെ ബുദ്ധിമുട്ടുവരുമ്പോഠം അയാഠം ചാക്കോച്ചൻെറ അടുത്തു ചെല്ലും – ഒരിക്കൽ അയാഠം ചെന്നു വിളിച്ചു.

"ചാക്കോച്ചോ......"

"എന്താ പുള്ളേ...?"

ചാക്കോച്ചൻ ചോദിച്ചു നാരായണൻകുട്ടി പറഞ്ഞു. "പത്തു രൂപാ വേണമായിരുന്നു. തിരിച്ചങ്ങു തരാം."

ചാക്കോച്ചൻ ഒന്നും മിണ്ടിയില്ല. എഴുന്നേററു ചെന്നു് പെട്ടിതുറന്നു. രൂപാ നാരായണൻകുട്ടിയുടെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു.

"ആവശ്യമുള്ളപ്പം ചോദിച്ചോണം. കേട്ടോ?"

"ഓ....." എന്നു മൂളിക്കൊണ്ടയാഠം പടികടന്നു പോയി. അപ്പോഠം മറിയപ്പെമ്പിള പറഞ്ഞു.

"നല്ലോണം കഴിഞ്ഞവരാ......"

"എന്തു ചെയ്യാം. ദൈവംതമ്പുരാൻ വരുത്തുന്നതല്ലേ?.... എല്ലാം അനുഭവിച്ചേ പററൂ"

ചാക്കോച്ചൻ കരിത്തുവരച്ചിട്ടു പറഞ്ഞു:—

"അവരു് വല്യവരായിരുന്നു. വല്യവൻെറ എല്ലാം സ്ഥിതി ഇതാ നീ ഓർത്തോ..."

"ഞാനെല്ലാം ദൈവത്തെ നിനച്ചേ ചെയ്യൂ. ഒടേതമ്പുരാൻ നോക്കി ഇരിക്കുവല്ലിയോ... "

എന്നിരുന്നാലും മറിയപ്പെമ്പിളയ്ക്കൊരു വിഷാദമുണ്ടായിരുന്നു. തോമാച്ചൻെറ വിവാഹമൊന്നു നടത്തണം. ആ പെണ്ണിനെ വീട്ടു ചുമതല ഏൽപ്പിച്ചിട്ടു സ്വസ്ഥമായിരിക്കണം. അതിനു് തോമസ്സ് എന്തുകൊ

ണ്ടു തയ്യാറാകുന്നില്ല? എല്ലാ ആലോചനകളും അയാൾ തട്ടിക്കളയുകയാണ്.

"കേട്ടോ തോമാച്ചൻ പറഞ്ഞതു..?"

"എന്തു പറഞ്ഞവൻ?"

ചാക്കോച്ചൻ തിരക്കി. മറിയപ്പെമ്പിള തുടന്നു:—

"അവൻ ഈ ജന്മത്തു കെട്ടത്തില്ലന്ന്."

"എപ്പപ്പറഞ്ഞു?"

"അരുന്നൂരെ കറിയാച്ചനോടു പറഞ്ഞെന്ന്."

"അതാ അവന്റിഷ്ടമെങ്കിലോ...?"

"തോമച്ചാ..." മറിയപ്പെമ്പിള വിളിച്ചു തോമസ്സ് മാളികമുറിയിൽനിന്നിറങ്ങിവന്നു.

"നീ കെട്ടണ്ടന്നുവച്ചോടാ...?"

ചാക്കോച്ചൻ ചോദിച്ചു. തോമസ്സ് മറുപടി പറഞ്ഞു.

"അതെ..."

"എന്തതേ...?"

"വേണ്ടന്നുവച്ചു..."

ആ അച്ചനും അമ്മയും മുഖത്തോടു മുഖം നോക്കി.

തോമസ്സ് ഗോവണിപ്പടികയറി മേൽപ്പോട്ടു പോകവേ ചാക്കോച്ചൻ വിളിച്ചു......

"നീ ഇങ്ങു വന്നേടാ......"

"എന്താ അപ്പച്ചാ......?" അയാൾ ഗോവണിപ്പടിയിൽത്തന്നെ നിന്നുകൊണ്ടു ചോദിച്ചു.

"നിനക്കച്ചനാകണോ...?"

"വേണ്ട..."

"പിന്നെ. നിൻെറ ഉദ്ദേശമെന്തൊന്നാടാ...?"

"ഒന്നുമില്ല."

"ഒന്നുമില്ലേ...ഒന്നുമില്ലങ്കിൽ......?"

ചാക്കോച്ചൻ ഗൗരവത്തിൽ പറഞ്ഞു:—

"എടാ – നിൻെറ തള്ള വേലയെടുത്തിട്ടെത്രനാളാടാ് ഉണ്ണുന്നതു്......?"

പിന്നെയും അയാഠം പറഞ്ഞുകൊണ്ടിരുന്നു. തോമസ്സ് മുറിയിൽ ചെന്നു കയറി. പെട്ടന്നു് അലയും നിലവിളിയും കോവിലകത്തു കേഠംക്കായി. എല്ലാവരും ചെന്നു നോക്കിയപ്പോഠം നാരായണിപ്പിള്ള ബോധഹീനയായിക്കിടക്കുകയാണു്. നാട്ടുവൈദ്യൻ കൈ ഒഴിഞ്ഞു. ഡാക്ടർക്കാള്ള പോയി. പോയതു് തോമസ്സാണു്.

ഡാക്ടർ വന്നു കുത്തിവച്ചു. 'പഠംസ്' പരിശോധിച്ചു. നാരായണിപ്പിള്ള കണ്ണുതുറന്നുനോക്കി. വളരെ ആളുകഠം ചുററും കൂടിനില്ക്കുന്നു. നളിനി കരയുന്നു. നാരായണൻകുട്ടി തല കൈകഠംകൊണ്ടു താങ്ങി കട്ടിലിൽ ഇരിക്കുകയാണു്.

ഡാക്ടറെ യാത്രയാക്കിയതു തോമസ്സായിരുന്നു. പണം കൊടുത്തതു് ചാക്കോച്ചനും.

## 3

അവസാനം അയാഠം തീരുമാനിച്ചു. കുഞ്ഞിക്കാവമ്മയെക്കാണാം. അമ്മയുടേയും തൻേറതുമായി നില്ക്കുന്ന

സർപ്പക്കാവും സ്ഥലവും വിറ്റുകൂടുന്നു. അതിനൊരു സങ്കോചമയാൾക്കുണ്ടായിരുന്നു. എങ്കിലും നാരായണൻകുട്ടി കരുത്തു സംഭരിച്ചുകൊണ്ടുതന്നെ അങ്ങോട്ടു കയറിച്ചെന്നു. അയാൾ വാതുക്കൽ ചെന്നു നിന്നു. അകത്തേക്കു സൂക്ഷിച്ചുനോക്കി. ആ വീടിനുതന്നെ മാററങ്ങൾ സംഭവിച്ചിരിക്കുന്നു. ആധുനികോപകരണങ്ങൾ—മേശ, കസേര, ഫാൻ തുടങ്ങി എല്ലാം. കുഞ്ഞിക്കാവമ്മയുടെ ഭർത്താവു് റേഡിയോ പ്രവർത്തിപ്പിക്കുകയാണു്. അവരാകട്ടെ ഇംഗ്ലീഷു് കട്ടിലിൽ കമഴ്ന്നുകിടക്കുന്നു.

കുഞ്ഞിക്കാവമ്മ മുൻപിലത്തേതിലും കൊഴുത്തിട്ടുണ്ടു്. വെളുത്തു ചുവന്നിരിക്കുന്നു. ചുമലക്കല്ലുകടുക്കനും പതക്കവുമെല്ലാമുണ്ടു്. അല്പം കുടവയറും ഇല്ലെന്നു പറഞ്ഞുകൂടാ.

"ആരതു്......" കുഞ്ഞിക്കാവമ്മ ചോദിച്ചു. നാരായണൻകുട്ടി പറഞ്ഞു.

"ഞാനാ ചേച്ചീ......"

"ഞാനെന്നുവെച്ചാൽ......"?

"നാരായണൻകുട്ടിയാ......"

"ഓ......"

തെരഞ്ഞിയെഴുന്നേററു് കുഞ്ഞിക്കാവമ്മ പുറത്തേക്കു ചെന്നു. കൂടെ ഭർത്താവുമുണ്ടായിരുന്നു. അയാളും മുൻപിലത്തെപ്പോലല്ല. കയ്യിൽ വാച്ചുണ്ടു്. കഴുത്തിൽ മണിമാല. കൈവിരലുകളിൽ മോതിരങ്ങൾ. സ്വർണ്ണംകെട്ടിയ മുൻവരിയിലെ ഒന്നുരണ്ടു പല്ലുകൾ. ഇത്രയും പുതു

തായി വന്നുചേർന്നിരിക്കുന്നു. കച്ചവടത്തിൽ ഉണ്ടായ ഭാഗ്യമായിരിക്കാം?

"എന്താ നീ വന്നതു്......?"

കുഞ്ഞിക്കാവമ്മ ചോദിച്ചു.

"എനിക്കൊരു കാര്യം സാധിക്കണമായിരുന്നു."

"എന്തൊന്നാ കുഞ്ഞേ .....?"

"പറയാം....."

"നീ എന്നാലിരി. വന്ന കാലേനിക്കാതെ."

നാരായണൻകുട്ടി അകത്തേക്കു കയറി. പോളീഷ് ചെയ്തു വെട്ടപ്പാക്കിയിരിക്കുന്ന സെററിയിലിരുന്നു. അതിൻെറ അരുകുകളിൽ തയ്ച്ചുപിടിപ്പിച്ചിരുന്ന വെളുത്ത റേന്തയിൽത്തന്നെ നോക്കിക്കൊണ്ടു് നാരായണൻകുട്ടി ഇരുന്നു. അതിമധുരമായ ഒരു ഗാനം റേഡിയോയിൽനിന്നും ഒഴുകി ഒഴുകി വന്നുകൊണ്ടിരുന്നു. അപ്പോഠം നാരായണൻകുട്ടിയുടെ ഉള്ളിൽ വേദനയുടെ തീമലപൊട്ടി. അതിൻെറ പുകപടലംപോലെ അയാളുടെ കണ്ണുകളിൽ കണ്ണുനീർ ഉരുണ്ടുകൂടി.

"എന്താ......?" കുഞ്ഞിക്കാവമ്മ തിരക്കി.

"എനിക്കു്......"

"പറഞ്ഞോളൂ ....."

"ആ കാവും സ്ഥലോം വില്ക്കണമെന്നുവയ്ക്കുവാ.."

അയാഠം കൊടുങ്കാററുപോലെ ഇളകിമറിഞ്ഞു. കുഞ്ഞിക്കാവമ്മ അഭിമുഖമായിക്കിടക്കുന്ന സെററിയിൽ ഇരുന്നുകൊണ്ടു ചോദിച്ചു.

"അതെന്താ......"?

"അങ്ങനൊക്കെ വന്നു."

"പറയൂ. എന്താ കാര്യം"?

"അമ്മയ്ക്കു് തീരെ വയ്യാ. എനിക്കാണെങ്കിൽ വല്യ വരവുമില്ല ..പിന്നെ എന്തിനാ ഇതിങ്ങനെ കെടക്കു ന്നെ...? അമ്മയ്ക്കും സമ്മതമാ......"

അവർ കൗതുകത്തോടുകൂടി തിരക്കി—

"നാരായണിച്ചേച്ചിയ്ക്കു് കൊറവില്ലേ? ങാ–എന്തു ചെയ്യാം. ഒള്ള കാലത്തു സുഖിച്ചവരാ......"

ഭർത്താവിൻെറ മുഖത്തുനോക്കി സഹതാപം കൈമാറിയശേഷം ആ സ്ത്രീ തുടൎന്നു.

"എന്നിട്ടൊന്നു പോകാനൊത്തോ?—അതെങ്ങനാ. ഇവിടെ ജോലി ഒഴിഞ്ഞിട്ടൊരുനേരമുണ്ടോ—?"

നാരായണൻകുട്ടിയോടുതിരിഞ്ഞിട്ടവർ പറഞ്ഞു.

"കേട്ടോ മോനേ. എനിക്കൊന്നു തിരിയാൻ തരമില്ല. പയ്യുക്കളൊണ്ണേ നാലഞ്ചെണ്ണമൊണ്ടു്. അതിനെ അഴിച്ചുകെട്ടണം. പിള്ളരേ കുളിപ്പിക്കണം. ഒന്നിനും ജോലിക്കാരെ ഏല്പിക്കാൻ എനിക്കു മനസ്സില്ല. ആട്ടെ ഞാനൊരുദിവസം വരാം ...."

കുറേനേരത്തേക്കു കുഞ്ഞിക്കാവമ്മ ഒന്നും മിണ്ടിയില്ല . ഭർത്താവു ചോദിച്ചു.

"വളരെക്കൂട്ടതല്ലാണോ .... ?"

"അതെ" നാരായണൻകുട്ടി പറഞ്ഞു.

"നിങ്ങൾക്കു ജോലി ഒന്നുമില്ലേ .....?"

"ങാ........"

"എന്നുവെച്ചാൽ......?"

"പറയത്തക്കതായയൊന്നുമില്ല......"

"പിന്നെങ്ങനാ കഴിയുന്നെ......?"

"വളരെ വിഷമത്തിലാ......"

നാരായണൻകുട്ടി പൊട്ടിക്കരയുമെന്നമട്ടായി. അപ്പോൾ കുഞ്ഞിക്കാവമ്മ പറഞ്ഞു.

"ആ കാവും എല്ലാംകൂടാരുവാങ്ങാനാ കുഞ്ഞേ? അഥവാ വാങ്ങിയാലെന്തു കിട്ടും? ഓ—ഒന്നും കിട്ടത്തില്ല. വാങ്ങുന്നവക്കൊരു മെനക്കേടുമാ. സർപ്പക്കാവല്ലേ? വെട്ടിക്കളയാനൊക്കുമോ......കുഷ്ഠരോഗം വരത്തില്ലേ? പിന്നെ വെളക്കുവെയ്പും തളിച്ചുകൊടേം എല്ലാം വേണം."

"അങ്ങനെ പറയരുത്...ചേച്ചിയുടെ അതൃത്തിയിൽ തൊട്ടുകെടക്കുന്നതല്ലേ. വെലപറഞ്ഞെടുത്തോ. എനിക്കിനി എങ്ങും നടക്കാൻവയ്യാ...അതൊരു ഉപകാരോമായിരിക്കും......"

"അതൊക്കെ ശരിയാ......"

"എന്നാൽ ചേച്ചി ഞങ്ങളെ സഹായിക്കണം. ഞങ്ങളുമൊക്കെ ഒരു കാലത്ത് വാങ്ങിയവരാ. വാങ്ങുന്നതെന്നാകിലും വില്ക്കുകേം ചെയ്യണം......"

കുഞ്ഞിക്കാവമ്മയുടെ ഭർത്താവു പറഞ്ഞു:—

"എന്തു വേണമെന്നാ തൻെറ തോന്ന്?"

"അങ്ങനൊന്നുമില്ല."

"ചുമ്മാ തരാമെന്നാണോ"?

നാരായണൻകുട്ടി ഒരു പച്ചച്ചിരിചിരിച്ചു. അതോടൊപ്പം കുഞ്ഞിക്കാവമ്മയും ഭർത്താവും ചിരിച്ചു.

"നീ കണ്ണും, കാലും, മുഖോമൊക്കെ ഒന്നു കഴുക്. വല്ലതും അല്പം കഴിച്ചിട്ടു സംസാരിക്കാം..."

ആ സ്ത്രീ നാരായണൻകുട്ടിയെ അടുക്കളയിലേക്കു കൂട്ടിക്കൊണ്ടുപോയി. ചോറും കൂട്ടാനും വിളമ്പിക്കൊടുത്തു. സ്നേഹനിധിയായ അമ്മയെപ്പോലെ നോക്കിനിന്നു.

സ്ഥലത്തിന്റെ വിലയും എല്ലാം തിട്ടപ്പെടുത്തി. തീറാധാരം രജിസ്റ്റർ ചെയ്യുന്നതിനൊരു തീയതിയും നിശ്ചയിച്ചു. സന്തോഷത്തോടുകൂടി നാരായണൻകുട്ടി പുറത്തേക്കു പോകാൻ തുടങ്ങുകയായിരുന്നു. അപ്പോൾ കുഞ്ഞിക്കാവമ്മ വിളിച്ചു ....

"നാരായണൻകുട്ടീ ....!"

അയാൾ തിരിച്ചുചെന്നു. ആ സ്ത്രീ അയാളുടെ കയ്യിൽ പത്തു രൂപാ വച്ചുകൊടുത്തിട്ടു പറഞ്ഞു.

"തല്ക്കാലം ഇതിരിക്കട്ടെ. നാരായണിച്ചേച്ചിയുടെ മരുന്നുവല്ലോം വാങ്ങിക്കോട്......"

നാരായണൻകുട്ടി തീരാത്ത ശോകത്തിന്റെ ഘനീഭവിച്ച ആകാരംപോലെ പടികടന്നു.

"ഒരു കാര്യം നിന്നോടു ചോദിക്കാൻ വിട്ടുപോയി" ആ സ്ത്രീ പിന്നെയും വിളിച്ചു.

അയാൾ കയറിച്ചെന്നു. കുഞ്ഞിക്കാവമ്മയുടെ ഭർത്താവു നോക്കിക്കൊണ്ടുനിന്നു.

"മോനേ നീ ഒന്നും വിചാരിക്കരുത്. ഞങ്ങളിവിടെ ചിലതു കേൾക്കുന്നു." കുഞ്ഞിക്കാവമ്മ പറഞ്ഞു.

"എന്തൊന്നാ ചേച്ചീ...?" നാരായണൻകുട്ടി പരിഭ്രമിച്ചു.

ആ സ്ത്രീ സങ്കോചത്തോടുകൂടി നില്ക്കുകയാണ്. നാരായണൻകുട്ടി ഉല്ക്കണ്ഠാകുലനായി.

"എന്താ...എന്താണെന്നു പറ...?"

"ഇല്ല...ഇവിടൊക്കെ കേൾക്കുന്നത്..."

"ആരെപ്പററി......?"

"നിൻെറ പെമ്പ്രന്നോത്തിയെ സൂക്ഷിക്കണം മോനേ. അവള് നിന്നെ കൊലയ്ക്കുകൊടുക്കാതെ സൂക്ഷിക്കണം ....."

ഒററ ശ്വാസത്തിൽ ആ സ്ത്രീ പറഞ്ഞൊപ്പിച്ചു. തലക്കടികൊണ്ടതുപോലെ നാരായണൻകുട്ടി ഇതികർത്തവ്യതാമൂഢനായി നിന്നു. കുഞ്ഞിക്കാവമ്മയുടെ ഭർത്താവു പറഞ്ഞു:—

"ഏതായാലും താൻ സൂക്ഷിച്ചോണം. കോവിലകത്തെ പെണ്ണുങ്ങളേപ്പററി നല്ലതല്ല കേട്ടിട്ടൊള്ളത്."

വീണ്ടും ആ ചെറുപ്പക്കാരൻെറ തല കറങ്ങി. ഭൂമി അതിൻെറ അച്ചുതണ്ടിൽ കറങ്ങുന്നു. കൂടെ ചുററുപാടുകളും.

നാരായണൻകുട്ടി ഒന്നും മിണ്ടിയില്ല. അതു പറയിപ്പിച്ച കഥകളെല്ലാം അയാൾ അറിഞ്ഞിട്ടുള്ളതാണ്. പക്ഷെ അതിന്നും തുടരുന്നുണ്ടോ? അങ്ങിനെ വിശ്വസിക്കാൻ അയാൾക്കു സാധിക്കുന്നില്ല. എങ്കിലും.....?

അയാൾ തിടുക്കത്തിൽ നടന്നു. ഭ്രാന്തുപിടിച്ച നായയേപ്പോലെ. കണ്ണയേററ മൃഗരാജനേപ്പോലെ.

സംശയങ്ങളുടെ ലോകത്തുപൊള്ളലേററയാൾ പായുകയാണ്. തൻ്റെ ഭാര്യയിൽ വിശ്വാസമർപ്പിക്കാൻ

കഴിയാതെ ആ മനുഷ്യൻെറ ജീവിതം തകൻകൊണ്ടിരിക്കുന്നു. എപ്പോഴും സംശയിക്കപ്പെടുക. സംശയത്തിൻെറ ചുരുളുകൾ ശപാസോഛപാസങ്ങളിൽപ്പോലും ലയിച്ചുകിടക്കുന്നു.

അയാൾ ആലോചിച്ചു. അവൾ കുളിക്കുന്നു. ഒരുങ്ങുന്നു കണ്ണെഴുതുന്നു. ശുഭ്ര വസ്ത്രം ധരിക്കുന്നതിനവൾ ജാഗ്രതകാണിക്കുന്നു. എന്തിനു്? എന്തിനു് ?

അവൾ ഒരു യുവതിയല്ലേ? ജീവിക്കാൻ കൊതിക്കുന്ന ഒരു യുവതി. സ്നേഹിക്കാൻ ശ്രമിക്കുന്നൊരു സാധു. പക്ഷേ അവൾ സ്നേഹിക്കുന്നുണ്ടോ? ഒരിക്കലും തൻെറ ഹൃദയത്തിനു് ആ ഭാര്യയുടെ ഹൃദയത്തോടൊട്ടിച്ചേരാൻ സാധിക്കാതെ വരുമോ... ?

നാരായണൻകുട്ടിയുടെ ചിന്താമണ്ഡലം ഒരു യുദ്ധഭൂമിപോലായി നിവർത്തിയിട്ട വെഞ്ചാമരത്തിൽ പൊട്ടിവീണ മിന്നൽപ്പിണരുപോലെ നളിനി കിടന്നുറങ്ങുന്നതും നോക്കി എത്രയെത്ര തവണ നാരായണൻകുട്ടി കരഞ്ഞിട്ടില്ല?

അയാൾ കരഞ്ഞിട്ടുണ്ടോ ? ദുർബ്ബലമാനസനായ ആ ഭർത്താവു് തൻെറ ഭാര്യയുടെ ചാരിത്ര്യത്തിൽ സംശയാലുവാണു്. അയാൾ നീറി നീറി ആലോചിച്ചുകൊണ്ടു നടന്നു.

# 4

അയാൾ കയറിവന്നപ്പോൾ അവൾ കുളിച്ചു തലകോതുകയായിരുന്നു. കണ്ണെഴുതിക്കറുപ്പിച്ചിട്ടുണ്ട്. അലക്കിയ മുണ്ടും ബ്ലൗസ്സും ധരിച്ചിരിക്കുന്നു. അധരങ്ങൾ കടിച്ചു ചുമപ്പിച്ചതുപോലുണ്ട്. അവളാകെ മാറിയിരിക്കുന്നു. നാരായണൻകുട്ടി ഉഗ്രമായി അവളെ ഒന്നു നോക്കി. വെട്ടുപോത്തിനെപ്പോലെയാൾ അകത്തേക്കു പോയി.

നാരായണിപ്പിള്ള ഉറങ്ങുകയായിരുന്നു. ദേഹത്തു നീരു വന്നിട്ടുണ്ട്. കാൽപ്പത്തിയിൽ നീരുരുണ്ടുകൂടിയിരിക്കുന്നു. കൺപോളകളിലുമുണ്ട്. അമ്മയെ ഉണർത്തേണ്ടന്നു കരുതി അയാൾ പുറത്തേക്കിറങ്ങി. അരപ്രേസിൽ ചെന്നിരുന്നു. നളിനി ഓടിവന്നടുത്തുനിന്നിട്ടു ചോദിച്ചു.

"ശരിയായോ.....?"

"ഉം....."

ഒരു മൂളൽ മാത്രം.

"എന്താ.....?"

"ഒന്നുമില്ല....."

സ്ത്രീസഹജമായ വശീകരണവിദ്യയോടുകൂടി അവൾ തിരക്കി.

"ഉണ്ടതാണോ? വിളമ്പട്ടേ.....?"

"വേണ്ട....."

"കുളിക്കണോ .... ?"

"നീ കുളിപ്പിക്കാതിരുന്നാൽ മതി." അയാൾ കാലുകൾകുത്തി ഇരുന്നു. നളിനി ഒന്നുകൂടി അടുത്തുനിന്നിട്ടു തിരക്കി.

"ഞാനെന്തു ചെയ്തു......?"

"നീ കുളിച്ചില്ലേ...?"

"കണ്ടിട്ടെന്തു തോന്നുന്നു?"

"കുളിച്ചെന്നു്..."

"നീ എന്തിനു കുളിച്ചു ..?"

"എന്താ കിറുക്കുണ്ടോ...?"

"ഉണ്ടു്. ഞാനൊരു കിറുക്കനാണു്. വെറും കിറുക്കൻ. ശുദ്ധമണ്ടൻ .."

നളിനിക്കു പരിതഃസ്ഥിതിയുടെ ഗൗരവം പെട്ടെന്നു പിടികിട്ടി. സ്വയം നിയന്ത്രിച്ചുകൊണ്ടവൾ മൂകത നടിച്ചു അയാളും മിണ്ടിയില്ല. അവൾ അക്ഷോഭ്യയായി നാരായണിപ്പിള്ളയുടെ മുറിയിലേക്കു നടന്നു.

"പോകരുതു്. നിന്നോടെനിക്കു ചോദിക്കാനൊണ്ടു്....."

നാരായണൻകുട്ടി ഭ്രാന്തനേപ്പോലെ ഉരുവിട്ടു. നളിനി തിരിഞ്ഞുനിന്നു. ക്രമത്തിലധികം ഒരുങ്ങിനില്ക്കുന്നതുപോലിരുന്നു അവൾ.. അയാൾ പറഞ്ഞു.

"നീ എന്നും കുളിക്കുന്നു. പൊട്ടുതൊടുന്നു. വെള്ള വസ്ത്രങ്ങൾ ധരിക്കുന്നു .."

"എനിക്കു കുളിച്ചുകൂടേ. കണ്ണെഴുതിക്കൂടേ. വസ്ത്രങ്ങൾ ഉടുത്തുകൂടേ..?"

അവൾ കരയുമെന്നു മട്ടായി. അവൾ ശക്തി സംഭരിച്ചു. മുൻപിലത്തേതിലും ശക്തി ആർജ്ജിച്ചു രണ്ടും കല്പിച്ചു പറഞ്ഞു:—

"എന്താ ഇങ്ങിനെ തോന്നാൻ ?"

"കുറേക്കാലങ്ങളായെനിക്കറിയാം "

"നിങ്ങളൊന്നും അറിഞ്ഞിട്ടില്ല." അവൾ കടുത്ത സ്വരത്തിൽ പ്രതിവചിച്ചു.

"ധിക്കാരി..."

"എനിക്കൊന്നും മനസ്സിലാകുന്നില്ല. പുറത്തു പോയിട്ടോടിവന്നു തിരയുക. സംശയത്തോടുകൂടി നോക്കുക. നിങ്ങളിതെവിടുന്നു പഠിച്ചു ..?"

"ധിക്കാരി – നിർത്തു നിന്റെ നാക്ക്. ..." ഒരടി. അവളുടെ കരണം പുകഞ്ഞു

നളിനി കണ്ണുപൊത്തിക്കരഞ്ഞു. അയാൾ ഇറങ്ങിപ്പോയി. തിരിച്ചുവന്നതു വളരെ രാത്രിയിലായിരുന്നു.

അവൾ ചോറു വിളമ്പി. അയാൾ വന്നിരുന്നു കീഴ്പ്പോട്ടുംനോക്കി ഉണ്ടു. അയാളുടെ തോളെല്ലുകൾ ഉന്തിയിരിക്കുന്നു. കണ്ണുകൾ നന്നേ കുഴിഞ്ഞിട്ടുണ്ട്. വളരെക്കാലങ്ങളായി, തുടർച്ചയായി ശോഷിച്ചുപോയ ആ ശരീരം, അവൾ കാണുകയാണ്. അടുത്തകാലത്തു നന്നേ തളർന്നിട്ടുണ്ട്. വളരെ പരിക്ഷീണമായിരിക്കുന്നു. അതു കണ്ടിട്ടവൾക്കു പൊട്ടിക്കരയണമെന്നു തോന്നി. അവൾ തുണിത്തുമ്പുകൊണ്ടു കണ്ണുകൾ തുടച്ചു

അയാൾ എഴുന്നേററുപോയപ്പോൾ പിഞ്ഞാണിയിൽ കുറെ ചോറു വച്ചിരുന്നു. അതിൽ അല്പംകൂടി

വിളമ്പി അവരം ഉണ്ടു. അവളുന്നു നന്നേ കുറച്ചേ കഴിച്ചുള്ളു. ഊട്ടംകഞ്ഞിച്ചുകൊണ്ടു നാരായണൻകുട്ടി അട്ടിയിലേക്കു പോയി.

അപ്പോഴം, ത്യാഗത്തിന്റെ മഹാപ്രപഞ്ചവും ആലങ്കാരികഭ്രമത്തിന്റെ തീഗോളവും, തന്നെച്ചുററി സഞ്ചരിക്കുന്നതായിട്ടയാഠംക്കു തോന്നി.

* * *

നളിനി കടന്നുചെന്നപ്പോഠം മറിയപ്പെമ്പിള കസേരയിൽ ഇരിക്കുകയായിരുന്നു. അവർ ഓരോന്നു പറഞ്ഞു കരയുകയും കണ്ണീർപൊഴിക്കുകയും ചെയ്തുകൊണ്ടിരുന്നു. മുററത്തുനിന്ന അലക്കുകാരി എന്തൊക്കെയോ പറയുന്നുണ്ടു്. നളിനിയെക്കണ്ടമാത്രയിൽ അവരം സംഭാഷണം നിത്തി. പക്ഷേ മറിയപ്പെമ്പിള വിങ്ങിപ്പൊട്ടുകയായിരുന്നു.

നളിനി കാര്യം തിരക്കി. ആരും ഒന്നും മിണ്ടുന്നില്ല. അലക്കുകാരി പെട്ടന്നു് തുണിക്കെട്ടുമെടുത്തുകൊണ്ടു പൊയ്ക്കഴിഞ്ഞു. നളിനി ഒന്നും അറിയാൻ കഴിയാതെ വിഷമിച്ചുനില്ക്കുകയായിരുന്നു. മറിയപ്പെമ്പിള പറഞ്ഞു:—

"ആററുനോററു വളത്തിയതാ മോളേ. എനിക്കൊന്നേ ഒള്ളു"

നളിനിക്കൊതാണ്ടു പിടികിട്ടി. മറിയപ്പെമ്പിള പറഞ്ഞു:—

"പോദിക്കാതെ പറയാതവൻ പട്ടാളത്തിൽച്ചേന്നു. അന്നു ഞാൻ തീ തിന്നുകേം കണ്ണനീരു വാററുകേം ചെയ്തു കൊറെ. എന്നിട്ടേ.....?"

ആ സ്ത്രീ ക്രമാതീതമായി വിഷമിക്കുകയാണ്. അവർ ഹൃദയം പൊട്ടിക്കരഞ്ഞു കരഞ്ഞുകൊണ്ടു പറഞ്ഞു:—

"അതീഃപ്പായി അവനെല്ലാം പഠിച്ചു. എല്ലാം.."

മറിയപ്പെമ്പിള ചുമ്മാതിരുന്നു. കണ്ണുകൾ നിറഞ്ഞൊഴുകുകയാണ്. മൂക്കുചീററിയിട്ടാ സ്ത്രീ തുടന്നു.

"അവൻ ചീത്തയായി; അവൻ ചീത്തയായി.. .."

"എന്തു ചെയ്തു എന്നാ പറയുന്നെ?" വളരെ നിയന്ത്രിച്ചെങ്കിലും അതു ചോദിക്കാതിരിക്കാനവൾക്കു കഴിഞ്ഞില്ല. മറിയപ്പെമ്പിള പറഞ്ഞു ..

"അവന് വീടും തള്ളും തന്തേം ഒന്നും വേണ്ട .. അവനൊരു ഭ്രാന്തഃനപ്പോലായിപ്പോയി മോളേ. എന്താന്നു ചോദിച്ചാൽ പറേത്തുമില്ല .. "

ആ രഹസ്യം നളിനിക്കറിയാം. തോമസ്സിനുമറിയാം. മററാക്കമറിയാൻ കഴിയാത്ത ഒരു ത്യാഗത്തിന്റെ ചരിത്രമതിലുണ്ട്. പക്ഷെ അതൊരു ത്യാഗമാണോ?

നളിനിക്കെതാത്തഃപ്പാറം ഓടിപ്പോകാനും പൊട്ടിക്കരയാനും തോന്നി. എങ്കിലും അവരം നിയന്ത്രിച്ചു. മറിയപ്പെമ്പിള എഴുന്നേററു കിടക്കയിൽ ചെന്നുകിടന്നു. നളിനി പുറകേ കയറിച്ചെന്നു.

"ഇരി മോളേ" മറിയപ്പെമ്പിള കിടക്കയുടെ ഒരു കോണിലേക്കു കൈ ചൂണ്ടിക്കൊണ്ടു പറഞ്ഞു.

"ആരുപറഞ്ഞിട്ടും അവൻ കേക്കുന്നില്ല അപ്പച്ചനെ അവനു കണ്ടുകൂടാ.... എന്നേമതുപോലെതന്നെയാ. എന്റെ കുഞ്ഞിനെന്തുപററിയോ ആവോ......

അവൻറപ്പച്ചൻ വലിയ ഒരു കടക്കാരനാ കുഞ്ഞേ. അ തെങ്ങനൊക്കെവെന്നവസാനിക്കുമെന്നറിഞ്ഞൂടാ ..." സഹ താപത്തിന്റെ കറുത്ത തിരസ്കരണി ആ മുറിയിൽ ചുരുള്ള ചുരുളായി വീണുകിടന്നു. നളിനി നിശ്ചേഷ്ടയായിരുന്നു.

മറിയപ്പെമ്പിള ആരംഭിച്ചു.

"മോള് നാരായണൻകുഞ്ഞിനോടൊന്നു പറയ ണം ....."

നളിനി നടുങ്ങി. ആ നടുക്കം അങ്ങു പാദം മുതൽ ശിരസ്സുവരെ ചെന്നെത്തി. സിരകളിൽ വൈദ്യുതപ്രവാ ഹമേററതുപോലൊരു തോന്നൽ.

"അട്ടിയിൽ ചെല്ലമ്പം പറയാൻ പറയണം....."

"എന്തുപറയണം .....?"

നളിനി ചോദിച്ചു. പരിഭ്രമകരമായ രീതിയിൽ.

"അവൻ കുടിക്കരുതെന്നു പറയണം. പെണ്ണുകെട്ട ണേൽ പെണ്ണുകെട്ടിത്തരാമെന്നു പറയണം....."

"ഓ ...." എന്നു മാത്രം മൂളിയിട്ടു നളിനി ഇറങ്ങി ഓടി. അവൾ ഓടിച്ചെന്നു കട്ടിലിൽക്കമിഴ്ന്നുകിടന്നു കരഞ്ഞു. ഉൽക്കടമായ വേദന അവളിൽ ദർപ്പണം ചെയ്യുകയാണ്.

അവൾക്കു മാത്രമറിയാവുന്ന ഒരു രഹസ്യം. അതി ൻെറ പേരിലയാൾ വ്യഥകൊള്ളുന്നു. ആ മനുഷ്യനെ പ്പററി നളിനിയ്ക്കു വേദനതോന്നാതെന്തുചെയ്യും? അയാ ളുടെ പുറകേ ഇറങ്ങിപ്പോയാലെന്തെന്നു നളിനിയ്ക്കു പല പ്പോഴും തോന്നിയിട്ടുള്ളതാണ്. കറുത്തു വിരിഞ്ഞ അധരങ്ങളും വെട്ടിക്കുറുക്കിയ മീശയും കടഞ്ഞെടുത്ത

ഉടലും സ്മൃതിമണ്ഡലത്തിൽനിന്നു മാറുന്നില്ല. അയാളെപ്പററി ഓക്കുമ്പോഠം കദനത്തിന്റെ കറുത്ത അലകഠം ഹൃദയമാകെ വന്നടിക്കുകയാണു്. എങ്കിലും നാരായണൻകുട്ടിയേപ്പററി ഓക്കുമ്പോഠം സഹതാപം തോന്നുന്നു. സഹതാപമഹിക്കുന്ന ഭത്താവു്! സങ്കടം പകരുന്ന കാമുകൻ! ഈ രണ്ടു രൂപങ്ങളും തമ്മിൽ നളിനിയുടെ ഉള്ളിൽ ഒരു മത്സരം നടന്നു. ഒന്നും ജയിക്കുന്നില്ല. ഒരാഠം മററൊരാളെ പരാജയപ്പെടുത്തുന്നു. പെട്ടെന്നു വിജയി പരാജയമടയുന്നു. അവഠം ഗത്യന്തരമില്ലാതെ "അയ്യോ" എന്നു നിലവിളിച്ചു...യുദ്ധഭൂമിയിലകപ്പെട്ട ഭീരുവിനേപ്പോലെ.

"എന്താ .....എന്താ...." എന്നു ചോദിച്ചുകൊണ്ടു നാരായണൻകുട്ടി മുറിയിലേക്കു കയറിച്ചെന്നു. അവഠം പകച്ചുപോയി. എങ്കിലും പറഞ്ഞു.

"ഞാൻ പേടിച്ചുപോയി....ഒരു സ്വപ്നം കണ്ടു..."

അയാഠം അവളുടെ അടുത്തു കട്ടിലിൽ ചെന്നിരുന്നിട്ടു പറഞ്ഞു—

"പകൽ കിടന്നുറങ്ങരുതു് ....."

"ഇല്ല"ന്നു നളിനി പ്രതിവചിച്ചു. അയാഠം അവളുടെ കവിളുകളിൽ കൈവിരലുകഠം ഓടിച്ചു. ചുംബിക്കുവാൻ അധരങ്ങഠം അടുപ്പിച്ചു. അവഠം അതു തടഞ്ഞുകൊണ്ടു പറഞ്ഞു .....

"എനിക്കിതു്........."

"ഓഹാ....ഓഹാ......" അയാഠം അവളെ പരിഹസിച്ചു. അവളുടെ ഉദരത്തിനു മുകളിൽ കൈ ഓടിച്ചു

കൊണ്ടയാഠം പറഞ്ഞു ....

"നീ സുന്ദരിയാ...നീ നല്ല സുന്ദരിയാ നളിനി. ഞാൻ ചിലപ്പോഴൊക്കെ നിന്നെ ശകാരിക്കുന്നു. തല്ലുന്നു. ഞാൻ അങ്ങനായിപ്പോയി. എന്താന്നറിഞ്ഞുകൂടാ... ഞാനങ്ങനാകുന്നു . ഞാനങ്ങനായിപ്പോകുന്നു..."

അവഠം അയാളുടെ മുഖത്തേക്കുതന്നെ നോക്കി ക്കൊണ്ടു കിടന്നു.

അവഠംക്കു് മറിയപ്പെണ്ണിള പറഞ്ഞതോമ്മവന്നു. തോമസ്സിനെ ഗുണദോഷിക്കുന്നതിനു് തന്റെ ഭത്താവി നോടു പറയണമത്രേ. അവഠം പലവുരു ഓങ്ങി. പിന്നെ യും വേണ്ടന്നുവച്ചു. അയാഠംക്കെന്തുതോന്നും? തന്റെ പഴയ കാമുകനാണു തോമസ്സെന്നയാഠംക്കറിയാം. ആ വേദനയും പേറിയാണയാഠം നടക്കാറുള്ളതു്. എന്നിട്ടും അവഠം ചോദിച്ചു......

"കള്ളു കുടിച്ചാൽ ചീത്തയാകുമില്ലേ......?"

അയാഠംക്കത്ഭുതം തോന്നി.

"എന്താ നീ അങ്ങിനെ ചോദിച്ചതു്......"?

"ചുമ്മാ ചോദിച്ചതാ......കള്ളു കുടിച്ചാ ചീത്ത യാകുമോ .... ?"

ചീത്തയുടെ പരുധിയേപ്പററിപ്പലതുമവഠംക്കറിയാ നുണ്ടു്. അയാഠം പറഞ്ഞു.

"കള്ളു കുടിച്ചാൽ വ്യഭിചരിക്കും. വ്യഭിചരിച്ചാൽ നശിക്കും ..."

അയാഠംക്കും ആ നാശങ്ങളേക്കുറിച്ചനേകം കഥ കഠം പറയാൻ കാണും. പക്ഷേ അവഠം അയാളോടു ചോദിച്ചു.

"കുടി നിർത്താൻ ഒക്കത്തില്ലേ?"

"പ്രയാസമാണു്. കുടി തുടങ്ങിയാൽ നിർത്തത്തില്ല."

തേവിടിശ്ശികളുടെ പുറകേ ഓടുന്ന തോമസ്സിനെ അവൾ മനസ്സിൽക്കണ്ടു. അവൾക്കതു ദുസ്സഹമായി തോന്നി. കഠിനമായൊരു ജീവിതം അങ്ങിനെ തുടരുകയാകാം. ഒടുവിൽ...ഒടുവിൽ ....?

അവൾ കിടിലംകൊണ്ടു. നാരായണൻകുട്ടി അവളെ ബലിഷ്ഠകരങ്ങളാൽ ആലിംഗനം ചെയ്തു അയാൾ നിർവൃതിക്കൊള്ളുകയാണു്. അവളോ ...?

# 5

പിറേറന്നു നാരായണൻകുട്ടി കളപ്പുരയിലേക്കു പോയി. കുഞ്ഞിക്കാവമ്മയിൽനിന്നും തീരാധാരം ഒപ്പുവച്ചു പണം വാങ്ങുന്നതിനാണു പോയതു്. നാരായണിപ്പിള്ളയെക്കൊണ്ടു നേരത്തേ ഒപ്പിടീച്ചു.

അയാളുടെ ഉള്ളിൽ പല പദ്ധതികളുമുണ്ടായിരുന്നു. സങ്കീർണ്ണമായ ജീവിതത്തിനു് ചിട്ട വരുത്തണം. അമ്മയെ ചികൽസിക്കണം. ബാക്കി പണംകൊണ്ടൊരു കച്ചവടം നടത്തണം. ആ കച്ചവടം എന്തു ജാതിയിലുള്ളതായിരിക്കണം?

അതെല്ലാമയാൾ തിട്ടപ്പെടുത്തി. രാവിലെ കുളി കഴിഞ്ഞു ഭരദേവതയെ തൊഴുതു. യാത്രയുമായി.

പോകുംവഴി അയാൾ വളരെ ഉന്മേഷവാനായിരുന്നു തന്റെ വരണ്ട ജീവിതത്തിൽ കുളിർവനികയും മന്തിരിക്കാട്ടും കടന്നു വരുന്നു. അതിലൊരു കിന്നരകന്യകയേപ്പോലെ നളിനി ഓടിക്കളിക്കുന്നു. അവളുടെ പുറകേ അപ്സരസ്സുകൾ താലവൃന്ദങ്ങളുമായി നൃത്തം ചവുട്ടുന്നു.

അയാൾ വെറുതായി മന്ദഹസിച്ചുപോയി. പതഞ്ഞുപൊങ്ങുന്ന ഉന്മേഷത്തിന്റെ ചാറിൽ പ്രതീക്ഷകളുടെ കുഞ്ഞോടം തുഴയുകയായിരുന്നു നാരായണൻകുട്ടി.

* * *

ആററുകടവിൽനിന്നു കോവിലകത്തേക്കു പോകുമ്പോൾ തോമസ്സിനെക്കണ്ടു. കഴിഞ്ഞ കുറേനാളുകളായി അയാളെ ദൂരക്കണ്ടാലുടൻ അവൾ ഓടിക്കളയുമായിരുന്നു. പക്ഷേ അന്നു നളിനിക്കതിനു കഴിഞ്ഞില്ല

അയാൾ എതിരേ നടന്നുവന്നു. വേച്ചുവേച്ചായിരുന്നു അയാൾ നടന്നിരുന്നതു്. സിഗററുവലിച്ചു തുരുതുരാ പുക വിട്ടുകൊണ്ടിരുന്നു. അയാൾ ബോധഹീനനായിരുന്നു.

തോമസ്സ്, ഇടുങ്ങിയ ആ വഴിത്താരയിൽ കരിങ്കൽകുററിപോലെ നിന്നു. പരിഭ്രമംകൊണ്ടു പേടമാനേപ്പോലെ നളിനി വിരണ്ടോടാൻ ഭാവിച്ചു.

അയാൾ അവളുടെ കുപ്പിവളകൾ അണിഞ്ഞ കയ്യിൽക്കടന്നുപിടിച്ചു. അവളുടെ നീലിമയാർന്ന നയന

ങ്ങളിലേക്ക് അയാൾ നോക്കി. അതികഠിനമായ നീററലിനു ഭവിക്കുംപോലെ അയാൾ ചോദിച്ചു

"നളിനിക്കെന്നെ പേടിയാണോ...?"

അവൾ ഇടതുകൈകൊണ്ടു മുഖം പൊത്തിക്കരഞ്ഞു. നനഞ്ഞ ബോഡിയും പുടവയും അവളുടെ മെയ്യോടൊട്ടിക്കിടക്കുകയാണു്. അവളുടെ നെഞ്ചു് ഊക്കോടെ തുടിക്കാൻ തുടങ്ങി.

"എന്താ നീ മിണ്ടാത്തെ നിനക്കെന്നെ പേടിയാണോ.... ?" അയാൾ ഗൽഗ്ഗദകണ്ഠനായി. അവളെല്ലാം മറന്നു പറഞ്ഞു.....

"ഇല്ല .....എനിക്കു പേടിയില്ല....."

അയാൾ ഉലഞ്ഞാടി അവളേയുംകൊണ്ടയാൾ വീഴുമെന്നു തോന്നി. അവൾ അയാളെ താങ്ങിപ്പിടിച്ചു...

പാല പൂത്ത പരിമളം പരന്നു. സായാം സന്ധ്യയിലെ കുളിർകാററു അവരെ തഴുകി ഒഴുകി. നളിനി കോൾമയിർക്കൊണ്ടു.

ഉല്ക്കടമായ പൊട്ടിത്തെറിക്കലോടുകൂടി അവൾ ചോദിച്ചു

"കുടിച്ചിട്ടുണ്ടോ.... ?"

അയാൾ പിശാചിനെപ്പോലെ ചിരിച്ചു. പഴയ ചിരിയല്ലതു്. പഴയ അധരങ്ങളല്ലതു്.

ആ അധരങ്ങൾ വരണ്ടു ചുരുങ്ങിയിരിക്കുന്നു. കണ്ണുകൾ തേജസ്സററവയായിരിക്കുന്നു. കവിളുകൾ കുഴിഞ്ഞൊട്ടി. കണ്ണിൻെറ തടങ്ങളിൽ മഞ്ഞിമകലന്നിരിക്കുന്നു. അവ കുഴിഞ്ഞു മങ്ങിയിട്ടുണ്ടു്. നെഞ്ചു് കൂട്ട

കെട്ടിയിരിക്കുന്നു എല്ലുകൾ തെളിഞ്ഞുന്തിയിരുപ്പുണ്ടു്. "ബട്ടൺ" ഇടാതെ തുറന്നിട്ടിരിക്കുന്ന ഫുൾഷട്ട്, കീറിയും, നനഞ്ഞും കിടക്കുന്നു

"നീ എന്താ നോക്കുന്നെ ....?"

"എനിക്കു സങ്കടം തോന്നുന്നു." അവൾ കണ്ണു പൊത്തി. അയാൾ വീണ്ടും ചിരിച്ചു. കൈകൾ ഞെരിച്ചുകൊണ്ടയാൾ ചോദിച്ചു ......

"എന്തിനു സങ്കടപ്പെടുന്നു. നിനക്കെന്തിനു സങ്കടം തോന്നുന്നു ?"

മുഖത്തേററ ഉഗ്രമായ ഒരു പ്രഹരമായിരുന്നു അതു്. അവൾ ചുററും നോക്കിയിട്ടു പറഞ്ഞു:—

"വല്ലവരും കാണും. ഞാൻ പോട്ടെ."

"വല്ലവരും കണ്ടാൽ നിനക്കെന്താ ?"

അവൾ തരിച്ചുനിന്നു. അയാൾ അവളുടെ കുപ്പിവള അമർത്തി ഞെരിച്ചു പൊട്ടിച്ചു. അവ ഞെരിഞ്ഞമന്നു തരിപ്പണമായി നിലത്തു വീണു. അവൾ കൈ വലിച്ചെങ്കിലും അയാൾ വിട്ടില്ല. രക്തം കൈത്തണ്ടിൽ പൊടിച്ചു. ദുസ്സഹമായ നീററലോടുകൂടി പുകയുകയായിരുന്നു അവൾ. അയാൾ കൈവിട്ടു. അതു തളന്നു് അവളുടെ നിതംബസമീപത്തേക്കു ചെന്നു കിടന്നു. അയാൾ ഇടതുകൈ ഉയർത്തിക്കൊണ്ടു പറഞ്ഞു ....

"നീ നോക്കു്..ദേ..നോക്കു്.."

അയാൾ കരയുകയാണു്. കണ്ണുകൾ നിറയുകയാണു്. ആ ഹൃദയം നൊമ്പരംകൊണ്ടു നില്ക്കുകയാണു്. വേണമെങ്കിൽ അവൾക്കോടിപ്പോകാമായിരുന്നു. പക്ഷേ

അയാളെ ആ നിലയിൽ കൈവെടിഞ്ഞിട്ടോടുക വിഷമകരമായവശം കരുതി. അയാശം വീണ്ടും കൈവെള്ള ഉയർത്തിക്കാട്ടി. അയാശം, അവളുടെ മാറിടം മറഞ്ഞുകിടന്ന തോർത്തിൻെറ അററത്തു കൈവെള്ള തുടച്ചു.

"ചോര – ഹാ . ചോര "

അവശം ഞെട്ടി. ഉൽക്കടമായ ഒരുലച്ചിൽ...

"കൈ മുറിഞ്ഞോ...? എന്തിനാ മുറിച്ചേ .... ?"

അയാശം പിന്നെയും പിശാചിനേപ്പോലെ ചിരിച്ചു. കുപ്പിച്ചില്ലുകശംകൊണ്ടു മുറിഞ്ഞ കൈവെള്ളയിൽനിന്നും ചോര ഒഴുകുകയാണു്.

അവശം ആ കൃത്യം കണ്ടു കരഞ്ഞു. കണ്ണുനീരും ഗൽഗ്ഗദവും കലന്ന ഒരന്തരീക്ഷം അവിടെ തങ്ങി നില്ക്കുകയാണു്. അവശം ചോദിച്ചു:—

"കുടി നിർത്തുകയോ ? കുടി നിർത്തണം .....!"

"ഹ . ഹ... കുടി നിർത്തണം.. "

അയാശം ഉലഞ്ഞു ചലിച്ചു് നിശ്ശബ്ദനായി നിന്നു. എന്നിട്ടു പറഞ്ഞു:—

"എനിക്കു കുടിക്കാതിരിക്കാൻ വയ്യ നളിനി. വയ്യാ... "

അവശം ഒഴിഞ്ഞുനില്ക്കുകയാണു് – അയാശം കണ്ണീർ പൊഴിച്ചുകൊണ്ടു പറഞ്ഞു:—

"ഞാൻ കുടിക്കും. ഇനീം കുടിക്കും..."

"വേണ്ട . വേണ്ട ...."

"ഞാൻ, കുടിച്ചെങ്കിൽ മാത്രമേ ജീവിക്കൂ...എനിക്കു കുടിക്കാതെ വയ്യാ......"

A/1531

കുറേനേരത്തെ നിശ്ശബ്ദതയ്ക്കു ശേഷം അയാൾ തുടന്നു:—

“നീ അങ്ങു പോയി. നിൻെറ കവിളും മൂക്കും കണ്ണുമെല്ലാം അങ്ങു പോയി. എന്നാലും—എന്നാലും—നളിനീ.. നീ.....”

അയാൾ പൂത്തിയാക്കിയില്ല. അയാൾ അവളെ എത്തിപ്പിടിച്ചു. അവൾ കാതുകൾ ചേത്തു പൊത്തിക്കൊണ്ടു് കുതറി ഓടി. അയാൾ തിരിഞ്ഞുനോക്കി. അവൾ ഓടുകയാണു്. അയാളും തിരിഞ്ഞു. പിശാചിൻേറതുപോലുള്ള ചിരി അയാളുടെ വരണ്ട അധരങ്ങളിൽ അപ്പോഴും പററിപ്പിടിച്ചുനിന്നിരുന്നു. കുറെ ഓടിയപ്പോൾ അയാളുടെ കാൽ വഴുതി. അയാൾ വീണു. മൂക്കിലും വായിലുമെല്ലാം മണ്ണും പൊടിയും കയറി. വീണിട്ടെഴുന്നേല്ക്കാൻ കഴിഞ്ഞിരുന്നില്ല. താങ്ങിപ്പിടിച്ചയാൾ ഒരുവിധം എഴുന്നേററു.

നളിനി ഓടിക്കിതച്ചു കോവിലകത്തെത്തി. നേരം നന്നായിരുട്ടിയിട്ടുണ്ടു്. വിളക്കു കത്തിച്ചിട്ടില്ല. ആകപ്പാടെ ക്രൂരിരുൾ വ്യാപിച്ചതുപോലുണ്ടു്.

നാരായണിപ്പിള്ള ഉറങ്ങുകയായിരുന്നിരിക്കണം. ശബ്ദം കേൾക്കാനില്ല.

നളിനി മുറിയിൽക്കയറി കതകടച്ചു. സാക്ഷാ വലിച്ചിട്ടു. അവൾ ഭയംകൊണ്ടു വിറയ്ക്കുന്നുണ്ടായിരുന്നു. തോമസ്സ് അവളെ പിൻതുടരുകയാണു്. അയാൾ എന്തു ചെയ്യുന്നതിനാണോടിവരുന്നതു? കുടിച്ചു ലക്കില്ലാതയാൾ വരികയാണു്. നാരായണൻകുട്ടി കളപ്പുര

യിൽനിന്നും മടങ്ങി എത്താറായിട്ടുണ്ട്. അവൾ കട്ടി ലിൽ കമഴ്ന്നുകിടന്നു കരഞ്ഞു തലയിണയിൽ മുഖ്ട്ട കൾ അമർത്തി തേങ്ങിക്കരഞ്ഞു ലക്കില്ലാത്ത തോമസ്സ് കോവിലകത്തേക്കോടിക്കയറിയാൽ .....? ആ സമ യത്തുതന്നെ നാരായണൻകുട്ടി വന്നാൽ .... ?

"അയ്യോ ........" എന്നുറച്ചു കരയുവാനവൾക്കു തോന്നി.

സാവധാനം കാലടികൾ പുറത്തു സഞ്ചരിക്കുന്നതി ന്റെ ശബ്ദം കേൾക്കാം. അവൾ ശ്വാസമടക്കിക്കിടന്നു. ആരോ പുറത്തു ചുററി സഞ്ചരിക്കുന്നു അയാൾ കടന്നു വന്നുകഴിഞ്ഞു ഇനി കിടന്നു വിളിക്കും. തുറന്നില്ലു ങ്കിൽ കതകുകൾ തല്ലിപ്പൊളിക്കും.

മുറിയുടെ വാതിലുകളിൽ തള്ളുന്ന ശബ്ദം. ആ ശബ്ദം വർദ്ധിച്ചുവരികയാണു്. അതു ക്രമത്തിലധികം ഉയർന്നു.

നാരായണിപ്പിള്ള ഞരങ്ങുകയും മൂളുകയും ചെയ്യു ന്നുണ്ടു്. ആ സ്ത്രീയും ഇതൊക്കെ അറിയുകയില്ലേ?

പെട്ടന്നു തെക്കുപുറത്തു ഓക്കാനിക്കുന്ന ശബ്ദം കേൾക്കായി. തുടർന്നു ഉരുണ്ടുവീഴുകയും ഇടിക്കുകയും ചെയ്യുന്ന ശബ്ദം പ്രതിദ്ധ്വനിച്ചു.

അവൾ ആ മുറിയുടെ നാലുഭാഗകളിലും ചെന്നു് ചെവി അമർത്തി ശ്രവിച്ചു

ഞരക്കത്തിന്റെ ശബ്ദം തെക്കുവശത്തു കേൾക്കാം. പുറത്തു കൂരിരുട്ടു വ്യാപിച്ചിരിക്കുകയാവാം.

പെട്ടന്നു കാലടികളുടെ നാദം നാലുകെട്ടിനുള്ളിലേ

ക്കു നീങ്ങി. പിന്നെയും കതകു തള്ളുകയാണ്.

ഗത്യന്തരമില്ലാതെ നളിനി കുഴങ്ങി. നാരായണിപ്പിള്ള ഞരങ്ങുകയും വിളിക്കുകയും ചെയ്യുന്നു.

അവൾ ഒടുവിൽ, വളരെനേരത്തെ കരുതലോടും, ആലോചനയോടും കൂടി, പെട്ടി തുറന്നു. എന്നിട്ടതടച്ചു പൂട്ടി. സാവധാനം കതകിന്റെ സാക്ഷാ അനക്കി താക്കോൽപ്പഴുതിലൂടെ വെളിയിലേക്കു നോക്കി. ഒരാൾ നില്ക്കുന്നു.

അവൾ മന്ത്രിച്ചു—

"ദേ . ഇവിടെ..."

ആ രൂപം കതകിനോടടുത്തു ചെന്നു നിന്നു. അവൾ ഒരു തീപ്പെട്ടിക്കൊള്ളി ഉരച്ചു. അതു കണ്ടിട്ടാവാം താക്കോൽപ്പഴുതിലൂടെ പുറത്തുനിന്ന ആൾ സൂക്ഷിച്ചു നോക്കി.

അവൾ ശങ്കിച്ചു. ഇളകി മറിഞ്ഞു. ദുഃഖവും, വെറുപ്പും, രോഷവും, വൈരാഗ്യവുമെല്ലാംകൊണ്ടവൾ കലങ്ങി മറിഞ്ഞിരുന്നു.

അവൾ സംഹാരരുദ്രയേപ്പോലെ ഒരൊററക്കുത്ത്. താക്കോൽപ്പഴുതിൽകൂടി സൂചിമുന പാഞ്ഞുചെന്നു. പുറത്ത് "അയ്യോ" എന്നു ദീനമായി മുറവിളി കൂട്ടിക്കൊണ്ടൊരു ശബ്ദം അതിവേഗം പാഞ്ഞുപോയി.

തെക്കുപുറത്ത് ഛർദ്ദിലിന്റെ ശബ്ദം ഉയന്നു. നളിനി വിറകച്ചുനിന്നെങ്കിലും കതകു തുറന്നു നോക്കി. തോമസ് കൈകുത്തിക്കിടന്നു ഛർദ്ദിക്കുകയാണ്. നളിനി തീപ്പൊള്ളലേററതുപോലെ കരച്ചിൽകേട്ട ഭാഗ

A/1531 A 15-31

ത്തേക്കോടിപ്പോയി.

അവൾ "അയ്യോ" എന്നു നിലവിളിച്ചുകൊണ്ടു താഴെ വീണു. അവളുടെ അരുകിൽ ഒരു കരിങ്കൽ കുററിയുടെ ചുവട്ടിൽ, നയനങ്ങളിൽക്കൂടി രക്തവും ഒലിപ്പിച്ചുകൊണ്ടു് നാരായണൻകുട്ടി കിടക്കുന്നു. ചിന്നിച്ചിതറിക്കിടന്നിരുന്ന കുറെ ഒററ രൂപാനോട്ടുകളും.

അപ്പോഴും കോവിലകത്തെ കണിക്കൊന്നയുടെ നീണ്ട ശാഖരങ്ങൾ മഞ്ഞപ്പൂക്കൾ അടർത്തിയെറിഞ്ഞുകൊണ്ടിരുന്നു.

This is a very Bad Book.
By.
Artist. Swa…
11-5-64
Calicut.

240202

A. 1531

കിഴക്കുനിന്നും
വന്ന
ഒരു സ്ത്രീ.

A. P. ചെല്ലപ്പൻനായർ

P. S.